**ധനകാര്യം**

## 2026-2027 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിനെ സംബന്ധിക്കുന്ന പൊതുചർച്ച

മി. ഡെപ്യൂട്ടി സ്പീക്കർ (ശ്രീ. ചിറ്റയം ഗോപകുമാർ): സർ, (....ബഹളം....) 2026-2027 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രസംഗത്തെ ഞാൻ അനുകൂലിക്കുകയാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ 2026-2027-ലെ ബജറ്റ് പ്രസംഗത്തിന്റെ പുറംചട്ടയെ കേവലം ഒരു മുഖചിത്രീകരണമെന്ന് പരിമിതമായി വിശേഷിപ്പിക്കാൻ എനിക്ക് കഴിയുന്നില്ല. ഒരു നാടിന്റെ സമഗ്രമായ പരിവർത്തനത്തിലേയ്ക്കുള്ള ദിശാസൂചകമാണത്. വരാനിരിക്കുന്ന ഉജ്ജ്വലമായ നാളുകളുടെ ശുഭപ്രതീക്ഷകൾ വിളംബരം ചെയ്യുന്ന കരുത്തുറ്റൊരു രാഷ്ട്രീയപ്രഖ്യാപനമാണ് ഈ ചിത്രമെന്ന് ഞാൻ കരുതുന്നു. സമരപോരാട്ടങ്ങളുടെ ത്യാഗോജ്ജ്വലമായ ചരിത്രമാണ് ചുവപ്പിന്റെ തീവ്രതയിൽ നാം കാണുന്നത്. മഞ്ഞയുടെ പ്രകാശത്തിൽ വികസനത്തിന്റെ സൂര്യോദയവും നീലയും വയലറ്റും ചേർന്ന വിജ്ഞാനത്തിന്റെയും നവചിന്തയുടെയും ആകാശസ്മൃതി തുറക്കുന്നു. ഈ മുഖചിത്രത്തിന്റെ

മധ്യത്തിലൂടെ ഉദിക്കുന്ന സൂര്യൻ ഒരു സർക്കാരിന്റെ/ഒരു ജനതയുടെ പുതിയ പ്രതീക്ഷയാണ്. ഇത് ഇരുട്ടിനെ കീറി വെള്ളിവെളിച്ചത്തിലേയ്ക്കുള്ള സാമൂഹികയാത്രയിൽ കേരളത്തെ ധീരമായി മുന്നോട്ടുനയിക്കുമെന്ന സർക്കാരിന്റെ തികഞ്ഞ ആത്മവിശ്വാസമാണ്. പാരമ്പര്യത്തിന്റെ കരുത്തിൽനിന്നും ഈ സൂര്യൻ ആധുനികതയുടെ ആകാശത്തിലേക്ക് പടർന്നുകയറുന്ന ഒരു വികസനവിസ്മയമായി മാറുകതന്നെ ചെയ്യുമെന്ന് ഞാൻ അഭിപ്രായപ്പെടുകയാണ്.

ഈ ബജറ്റ് അവതരിപ്പിക്കുമ്പോൾ എന്റെ സുഹൃത്തുക്കളായ പ്രതിപക്ഷ നേതാവും പ്രതിപക്ഷ കക്ഷിനേതാക്കന്മാരും മറ്റ് പ്രതിപക്ഷാംഗങ്ങളും സഭയിൽ ഉണ്ടാകേണ്ടതായിരുന്നു. സംസ്ഥാന ബജറ്റിനുശേഷം ഇന്നലെ കേന്ദ്ര ബജറ്റ് അവതരിപ്പിച്ചു. സ്വാഭാവികമായും ആ ബജറ്റിൽ കേരളത്തെ സംബന്ധിച്ച് ഒന്നുമില്ലാത്തതിനാൽ കേരളമൊന്നടങ്കം കേന്ദ്രത്തിനെതിരായി പ്രതിഷേധിക്കേണ്ട ഈ ഘട്ടത്തിൽ പ്രതിപക്ഷം കൂടി ഈ സഭയിൽ ഉണ്ടായിരിക്കേണ്ടതായിരുന്നു. ബി.ജെ.പി.-യെ സഹായിക്കുകയെന്ന സമീപനമാണ് സഭ ബഹിഷ്കരിച്ചതിലൂടെ അവർ സ്വീകരിച്ചിരിക്കുന്നത്.

ഞാൻ ഈ ബജറ്റിനെ പിന്തുണയ്ക്കുമ്പോൾ കേരള സംസ്ഥാനം രൂപീകൃതമായിട്ട് ഏഴ് പതിറ്റാണ്ടുകൾ കഴിഞ്ഞിരിക്കുന്നു. കേരള വികസനത്തിന്റെ നാൾവഴികൾ സംബന്ധിച്ച ഒരു വിലയിരുത്തൽ കൂടിയാണ് ഈ ബജറ്റ്. 1957-ലെ സഖാവ് ഇ.എം.എസ്. നമ്പൂതിരിപ്പാട് മുഖ്യമന്ത്രിയായിരുന്ന ആദ്യത്തെ കമ്മ്യൂണിസ്റ്റ് സർക്കാരാണ് കേരളത്തിന്റെ സാമൂഹിക പുരോഗതിക്ക് അടിത്തറ പാകിയത്. കുടിയൊഴിപ്പിക്കൽ നിരോധന ഓർഡിനൻസും ജന്മിത്ത നാടുവാഴി വ്യവസ്ഥയുടെ നട്ടെല്ല് തകർത്ത ഭൂപരിഷ്കരണ നിയമത്തിന് വിത്ത് പാകിയതും വിദ്യാഭ്യാസം സാർവത്രികമാക്കിയതുമെല്ലാം ആദ്യ കമ്മ്യൂണിസ്റ്റ് സർക്കാരാണ്. സമഗ്ര കാർഷിക നയവും നിയമവും പ്രാബല്യത്തിൽവന്നതോടെ നിശ്ചിത വില നൽകി കൃഷിക്കാരന് ഭൂവുടമയാകാം. 1969-ൽ ഇടതു സർക്കാർ വീണ്ടും സമഗ്ര ഭൂപരിഷ്കരണ നിയമം നടപ്പാക്കി.

എൽ.ഡി.എഫ്. സർക്കാർ തുടർച്ചയായി പത്ത് വർഷം പൂർത്തീകരിക്കുകയാണ്. ഒരു സർക്കാരിനെ ക്വാണ്ടിറ്റേറ്റീവായും ക്വാളിറ്റേറ്റീവായും വിലയിരുത്താൻ കഴിയും. അതോടൊപ്പം ഒരു സർക്കാർ മുന്നോട്ടുവയ്ക്കുന്ന നിലപാടുകളുടെ ശരികളും ഭാവിയെക്കുറിച്ചുള്ള കാഴ്ചപ്പാടുകളും

വിലയിരുത്താവുന്നതുമാണ്. ഏത് രീതിയിലും ഒരു കണക്കെടുപ്പിനും പരിശോധനയ്ക്കും ഈ സർക്കാർ തയ്യാറാണെന്ന അഭിമാനത്തോടെയും ആത്മവിശ്വാസത്തോടെയുമാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ ഈ ബജറ്റ് അവതരിപ്പിച്ചത്.

മനുഷ്യരെ സേവിക്കുകയെന്നാൽ, അവരെ സർവവിധ പാരതന്ത്ര്യങ്ങളിൽ നിന്നും മോചിപ്പിക്കലാണെന്ന് മാർക്സ് പറഞ്ഞിട്ടുണ്ട്. ആ മനുഷ്യസേവന ദർശനത്തിന്റെ അവകാശികളായ കമ്മ്യൂണിസ്റ്റുകാരാണ് കേരളം ഭരിക്കുന്നത്. അതുകൊണ്ടാണ് കേരളത്തിന്റെ മണ്ണിൽ ഒരു നേരത്തെ വിശപ്പടക്കാൻ കഴിവില്ലാതെ, കയറിക്കിടക്കാൻ ഇടമില്ലാതെ, ഉടുതുണിക്ക് മറുതുണിയില്ലാതെ ആരുമുണ്ടാകരുതെന്ന് 2021-ൽ വീണ്ടും അധികാരത്തിലെത്തിയ എൽ.ഡി.എഫ്. സർക്കാർ തീരുമാനിച്ചത്. അതിന്റെ ഭാഗമായി അതിദരിദ്ര നിർമ്മാർജ്ജന ബില്ലും ഏക കിടപ്പാട സംരക്ഷണ നിയമ നിർമ്മാണവും ഈ സർക്കാരിന്റെ ആദ്യ മന്ത്രിസഭായോഗത്തിൽ എടുത്ത രണ്ട് പ്രധാനപ്പെട്ട തീരുമാനങ്ങളാണ്. ഈ നിയമസഭ പാസ്സാക്കിയ ഏക കിടപ്പാട സംരക്ഷണ ബില്ലും പൊതു സേവനാവകാശ ബില്ലും ഗവർണ്ണർ ഒപ്പുവച്ചതോടെ രണ്ട് ചരിത്ര

നിയമങ്ങളാണ് കേരളത്തിൽ പ്രാബല്യത്തിൽ വന്നത്.

ബി.ജെ.പി. ഗവൺമെന്റ് അവതരിപ്പിച്ച കേന്ദ്ര ബജറ്റ് കണ്ടപ്പോൾ വല്ലാത്ത നിരാശ തോന്നി. സംസ്ഥാന ബജറ്റും കേന്ദ്ര ബജറ്റും കാണുമ്പോൾ, 'കേരളമെന്ന് കേട്ടാൽ അഭിമാനപൂരിതമാകണം അന്തഃരംഗം, കേന്ദ്രമെന്ന് കേട്ടാലോ തിളയ്ക്കണം ചോര നമുക്ക് ഞരമ്പുകളിൽ', എന്നാണ് എനിക്ക് തോന്നിയത്. കേരളം ഇന്ത്യയിലല്ലേ? ബജറ്റിലൂടെ കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി ശ്രീമതി നിർമ്മലാ സീതാരാമൻ കേരളത്തെ പൂർണ്ണമായും അവഗണിച്ചിരിക്കുകയാണ്. ഇടയ്ക്കിടെ കേരളത്തിൽ വന്ന് കേരളം ഞാനങ്ങ് എടുത്തുവെന്ന് പറയുന്ന ഒരു കേന്ദ്ര സഹമന്ത്രി ഈ കേന്ദ്ര ബജറ്റിനുശേഷം എവിടെയാണ്; ആമത്തോടിൽ ഒളിച്ചോ? കേരളത്തെ സംബന്ധിച്ച് ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ച ബജറ്റിനെ സംബന്ധിച്ച് വിമർശിച്ച സംസ്ഥാന ബി.ജെ.പി. അധ്യക്ഷൻ ഇന്നെവിടെയാണ്? ആമത്തോടിലൊളിച്ചോ; അതോ ആമ മുട്ടയിടുന്ന അസുലഭ നിമിഷം സ്വപ്നം കണ്ട് കിടന്നുറങ്ങുകയാണോ; ആവശ്യപ്പെട്ട എന്തെങ്കിലും കേരളത്തിന് ഇവർ നൽകിയോ? സംസ്ഥാന സർക്കാർ ആവശ്യപ്പെട്ട ഒന്നും നൽകിയില്ലെന്നുമാത്രമല്ല, കേന്ദ്രം കേരളത്തോട്

സ്വേച്ഛാധിപത്യ നിലപാടാണ് സ്വീകരിച്ചിരിക്കുന്നത്.

എത്രയോ നാളുകളായി നമ്മൾ ആവശ്യപ്പെടുന്ന AIIMS എവിടെയാണ്? സ്ഥലം ലഭ്യമാണോയെന്ന് അവർ ചോദിച്ചു. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിലെ ആരോഗ്യ വകുപ്പുമന്ത്രിയും ഇപ്പോഴത്തെ ആരോഗ്യവകുപ്പുമന്ത്രിയും മുഖ്യമന്ത്രിയുമുൾപ്പെടെ കേരളത്തിൽ AIIMS വേണമെന്നാവശ്യപ്പെട്ട് അതിനാവശ്യമായ സ്ഥലം കണ്ടെത്തി രേഖകളുൾപ്പെടെ നൽകിയിട്ടും AIIMS എവിടെയാണ്? ഈ ബജറ്റും കഴിഞ്ഞ ബജറ്റും തുടർച്ചയായി അവതരിപ്പിച്ചപ്പോൾ AIIMS അതിലില്ലെന്നുമാത്രമല്ല ഇപ്പോൾ ശരിയാക്കിത്തരാമെന്ന് പറയുന്നതല്ലാതെ കേരളത്തിന് നൽകുന്നുമില്ല.

തിരുവനന്തപുരം മെട്രോ, അതിവേഗ റെയിൽ, വന്യജീവി ആക്രമണം തടയൽ, വിഴിഞ്ഞം പദ്ധതി, ശബരി പാത, വയനാട് പുനരധിവാസ പദ്ധതി എന്നിവയൊന്നും സംസ്ഥാനത്തിന് നൽകിയില്ലെന്നതും വസ്തുതയാണ്. കേന്ദ്രം അവഗണിച്ചാലും കേരളത്തെ എൽ.ഡി.എഫ്. സർക്കാർ ചേർത്തുപിടിക്കുന്നതാണ്. കേന്ദ്ര ബജറ്റ് വരുന്നതിനുമുമ്പേ കേരളത്തിലേയ്ക്ക് എന്തോ കാര്യമായി നൽകുമെന്ന് പറഞ്ഞിരുന്ന ബി.ജെ.പി.-യെ ഇപ്പോൾ

കാണുന്നില്ലല്ലോ? തിരുവനന്തപുരം കോർപ്പറേഷനിൽ ബി.ജെ.പി. അധികാരത്തിൽ വന്നതുകൊണ്ട് കേന്ദ്രം വാരിക്കോരി നൽകുമെന്ന് പ്രതീക്ഷിച്ച ബി.ജെ.പി. ഒരക്ഷരവും മിണ്ടുന്നില്ല. സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (SUCI - Communist) ആശാ പ്രവർത്തകരില്ലാതെ സെക്രട്ടേറിയറ്റിന് മുന്നിൽ സമരം നടത്തി. കേന്ദ്ര ബജറ്റിൽ ആശാപ്രവർത്തകർക്കുവേണ്ടി ഫണ്ടനുവദിക്കുമെന്നാണ് നേതാക്കന്മാർ പറഞ്ഞത്. കേന്ദ്ര ബജറ്റ് വന്നപ്പോൾ എന്തായി; അങ്ങനെ പവനായി ശവമായി മാറി. കേന്ദ്ര ബജറ്റിൽനിന്നും കേരളത്തിന് ആമമുട്ടയല്ലാതെ വേറെയൊന്നും ലഭിച്ചില്ല. കേന്ദ്രം ബജറ്റിലൂടെ സാധാരണക്കാരെ തഴഞ്ഞപ്പോൾ കേരളം ബജറ്റിലൂടെ സാധാരണക്കാരെ ചേർത്തുനിർത്തി. രാജ്യത്തെ പതിനാറ് കോടിയിലധികം വരുന്ന ദരിദ്ര ഗ്രാമീണ ജനവിഭാഗത്തിന്റെ ആശ്രയമായിരുന്ന ഗ്രാമീണ-തൊഴിലുറപ്പ് പദ്ധതി കേന്ദ്രം പൂട്ടിക്കെട്ടാൻ ശ്രമിക്കുമ്പോൾ സംസ്ഥാന സർക്കാർ നൂറ് ദിവസത്തെ ജോലി നൽകി അവരെ സംരക്ഷിച്ചു. സംസ്ഥാന സർക്കാർ അവർക്ക് ആയിരം രൂപയുടെ ഇൻസെന്റീവ് വർധിപ്പിച്ചുനൽകി. രാജ്യത്തുതന്നെ ആദ്യമായി സംസ്ഥാന സർക്കാർ തൊഴിലുറപ്പ് തൊഴിലാളികൾക്ക്

ക്ഷേമനിധി പദ്ധതി ഏർപ്പെടുത്തി. സ്കീം വർക്കർമാരായ ആശാ പ്രവർത്തകർ, അങ്കണവാടി ജീവനക്കാർ എന്നിവർക്ക് കേന്ദ്ര ബജറ്റിൽ ഒരു രൂപപോലും വർധിപ്പിച്ചിട്ടില്ല. ഗ്രാമീണ ജനങ്ങൾക്കുവേണ്ടിയുള്ള ക്ഷേമ പദ്ധതികളൊന്നും കേന്ദ്ര ബജറ്റിൽ കാണാൻ സാധിക്കുന്നില്ല. അതേസമയം കോർപ്പറേറ്റ് ഭീമന്മാർക്കുൾപ്പടെ പൊതുമേഖല തുറന്നുകൊടുത്തുകൊണ്ട് അവരെ തലോടുന്ന നിലപാടാണ് ബി.ജെ.പി. സർക്കാർ സ്വീകരിച്ചിരിക്കുന്നത്. ഈ അവസരത്തിലാണ് കേരളത്തിന്റെ വഴികൾ വ്യത്യസ്തമാകുന്നത്. പാവപ്പെട്ടവരെ ഒരു മാലയിലെ മുത്തുകൾപോലെ കോർത്തിണക്കി, ചേർത്തുനിർത്തി സംരക്ഷിക്കുന്ന ഒരു മുഖ്യമന്ത്രിയാണ് കേരളത്തിലുള്ളത്. ആശാ പ്രവർത്തകർ, അങ്കണവാടി ജീവനക്കാർ, സാക്ഷരതാ പ്രേരക്മാർ, പ്രീ പ്രൈമറി വിഭാഗത്തിലെ അധ്യാപകർ എന്നീ വിഭാഗക്കാർക്ക് ആയിരം രൂപ വീതം വർധിപ്പിച്ചത് സംസ്ഥാന സർക്കാരാണ്. ഈ സർക്കാർ ക്ഷേമ പെൻഷൻ 600 രൂപയിൽനിന്നും 2000 രൂപയായി വർധിപ്പിച്ച് കൃത്യമായി നൽകിവരുന്നു. സ്കൂൾ പാചകത്തൊഴിലാളികൾക്ക് പ്രതിദിനം 25 രൂപയും പത്രപ്രവർത്തക പെൻഷൻ 1500 രൂപയും ക്യാൻസർ, ലെപ്രസി, എയ്ഡ്സ്, ക്ഷയം എന്നീ

രോഗങ്ങൾ ഉള്ളവർക്ക് പെൻഷൻ 1000 രൂപ വീതം വർധിപ്പിച്ചു. അതിദരിദ്രർ ഇല്ലാത്തൊരു കേരളം സൃഷ്ടിക്കാൻ എൽ.ഡി.എഫ്. സർക്കാരിന് സാധിച്ചു. സ്ത്രീ സുരക്ഷാ പെൻഷൻ, 'കണക്ട് ടു വർക്കേഴ്സ് സ്കോളർഷിപ്പ്, ക്ഷേമ പെൻഷൻ ഉൾപ്പെടെ ഒന്നേകാൽ കോടി കുടുംബങ്ങളിലേയ്ക്ക് സംസ്ഥാന സർക്കാരിന്റെ സഹായം എത്തിക്കൊണ്ടിരിക്കുന്നു. 32 ലക്ഷത്തിലധികം പേർക്ക് മെഡിസെപ്പ് പദ്ധതിയും സ്കൂൾ വിദ്യാർഥികൾക്കും ഓട്ടോ-ടാക്സി തൊഴിലാളികൾക്കും ഇൻഷ്വറൻസ് പദ്ധതിയും സ്കൂൾ വിദ്യാഭ്യാസം മുതൽ ഉന്നത വിദ്യാഭ്യാസം വരെ സൗജന്യ വിദ്യാഭ്യാസ പദ്ധതിയുമെല്ലാം നടപ്പാക്കി കേരളം സർവതല സ്പർശിയായ വികസനവുമായി മുന്നോട്ടുപോകുകയാണ്.

1957-ൽ കേരളത്തിൽ ഒൻപത് ശതമാനത്തോളം വരുന്ന വരേണ്യ വർഗത്തിന് മാത്രമെ സ്വന്തമായി ഭൂമി ഉണ്ടായിരുന്നുള്ളൂ. കേരളത്തിൽ നടപ്പാക്കിയ കുടിയൊഴിപ്പിക്കൽ നിയമവും 1970 ജനുവരി 1-ന് ഭേദഗതികളോടെ നിലവിൽ വന്ന കേരള ഭൂപരിഷ്കരണ നിയമവുമെല്ലാം കേരളത്തിൽ മൗലികമായ മാറ്റങ്ങൾ കൊണ്ടുവന്നു. കേരളത്തിൽ 97 ശതമാനം കുടുംബങ്ങൾക്കും ഇന്ന് സ്വന്തമായി ഭൂമിയുണ്ട്. 2016-ൽ

എൽ.ഡി.എഫ്. സർക്കാർ വാഗ്ദാനം ചെയ്തതുപോലെ ഈ സർക്കാർ പത്തുവർഷം പൂർത്തീകരിച്ചപ്പോൾ ഏകദേശം നാല് ലക്ഷത്തിലധികം വരുന്ന ജനങ്ങളെ ഭൂമിക്ക് പട്ടയം നൽകിക്കൊണ്ട് ഭൂമിയുടെ അവകാശികളാക്കി മാറ്റി. ഭൂമിയോടൊപ്പം വീടില്ലാത്ത ജനങ്ങളുടെ അവസ്ഥയെക്കുറിച്ചും നമുക്ക് അറിയാവുന്ന കാര്യമാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ ഇക്കാര്യങ്ങളിലെല്ലാം വളരെ ദയനീയമായ അവസ്ഥയായിരുന്നു കേരളത്തിലുണ്ടായിരുന്നത്. സ്വന്തമായി വീടില്ലാത്തവരുടെ കണക്കുകൾ ശേഖരിച്ച് ഗ്രാമസഭകളിൽ ചർച്ചചെയ്ത് പാസാക്കി ലിസ്റ്റ് പ്രസിദ്ധീകരിച്ച് പ്രയോറിറ്റിയനുസരിച്ച് ലൈഫ് മിഷനിലൂടെ ഏകദേശം അഞ്ച് ലക്ഷത്തോളം വീടുകൾ നിർമ്മിച്ചുനൽകാൻ സർക്കാരിന് സാധിച്ചു. ലൈഫ് മിഷനിലൂടെ ഇത്രയധികം വീടുകൾ നിർമ്മിച്ച് നൽകിയ സർക്കാരാണ് ഇന്ന് കേരളം ഭരിക്കുന്നത്. കേരളത്തിൽ സർക്കാർ നിർമ്മിച്ച് നൽകുന്ന വീടുകൾക്ക് കേന്ദ്രാവിഷ്കൃത പദ്ധതിപ്രകാരം നിയമപരമായി കേന്ദ്രത്തിന്റെ വിഹിതം നൽകേണ്ടതാണ്. പക്ഷേ കേന്ദ്രവിഹിതം ലഭ്യമാക്കിയില്ലെന്ന് മാത്രമല്ല കേന്ദ്രവിഹിതം ലഭ്യമാക്കണമെങ്കിൽ ഈ വീടിന്റെ ഐശ്വര്യം നരേന്ദ്ര മോദി എന്ന് എഴുതി

വീടിനുമുന്നിൽ ഇന്ത്യൻ പ്രധാനമന്ത്രിയുടെ ഫോട്ടോ വയ്ക്കണമെന്നാണ് കേന്ദ്ര സർക്കാർ പറഞ്ഞത്. ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരാണ് കേരളം ഭരിക്കുന്നതെന്നും അതുകൊണ്ട് നിങ്ങളുടെ പണം ആവശ്യമില്ലെന്നുമാണ് ഈ അവസരത്തിൽ ഞങ്ങൾ പറഞ്ഞത്. ഒരു വീടിന് കേന്ദ്രസർക്കാർ അൻപത്തി ആറായിരം രൂപ നൽകുമ്പോൾ കേരള സർക്കാർ മൂന്നുലക്ഷത്തി നാൽപ്പത്തിനാലായിരം രൂപ അനുവദിക്കുമെങ്കിൽ ഇത്തരത്തിൽ നിർമ്മിക്കുന്ന വീടുകൾക്ക് മുന്നിൽ മുഖ്യമന്ത്രി, ധനകാര്യ വകുപ്പുമന്ത്രി, തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി എന്നിവരുടെ ഫോട്ടോകൾ അല്ലേ വയ്ക്കേണ്ടത്? സർക്കാർ നൽകുന്ന ധനസഹായം ജനങ്ങൾക്ക് അവകാശപ്പെട്ടതായതുകൊണ്ടും അത് ജനങ്ങളിൽനിന്നും ഈടാക്കുന്ന നികുതി പണമായതുകൊണ്ടും വീടിന്റെ മുന്നിൽ ഒരാളുടെയും ഫോട്ടോ വയ്ക്കേണ്ട ആവശ്യമില്ലെന്നാണ് ഞങ്ങൾ പറഞ്ഞത്. കേന്ദ്ര സർക്കാർ സഹായം നൽകിയില്ലെങ്കിലും കേരള സർക്കാർ വീടുവച്ച് നൽകുമെന്ന് പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ അഞ്ച് ലക്ഷത്തിലധികം ജനങ്ങൾക്ക് വീടുകൾ നിർമ്മിച്ച് നൽകി. 2018-ൽ കിഫ്ബി പദ്ധതി നടപ്പാക്കിയതിലൂടെ അമ്പതിനായിരം കോടി രൂപയുടെ

വികസന പദ്ധതികളാണ് സർക്കാർ ലക്ഷ്യമിട്ടിരുന്നത്. റോഡുകൾ, പാലം, ഫ്ലൈ ഓവർ, സ്കൂളുകളുടെയും ആരോഗ്യ കേന്ദ്രങ്ങളുടെയും അടിസ്ഥാന സൗകര്യങ്ങൾ, സ്മാർട്ട് അങ്കണവാടികൾ, ഹൈടെക് സ്കൂളുകൾ തുടങ്ങി വിപുലമായ പദ്ധതികളാണ് കിഫ്ബിയിലൂടെ സർക്കാർ ലക്ഷ്യമിട്ടത്. ഇടതുപക്ഷ-വലതുപക്ഷ നിയോജകമണ്ഡലങ്ങൾ എന്നുള്ള വ്യത്യാസമില്ലാതെ 140 നിയോജകമണ്ഡലങ്ങളിലും കിഫ്ബി പദ്ധതിയിലൂടെ ഒരുപോലെ തുക അനുവദിച്ചുകൊണ്ട് തൊണ്ണൂറ്റിയാറായിരം കോടി രൂപയുടെ വികസന പദ്ധതികൾ നടപ്പാക്കി കേരളം മാതൃകയായി മാറിക്കൊണ്ടിരിക്കുകയാണ്.

കേരളത്തിലെ പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളെ മികവിന്റെ ഹൈടെക് സ്കൂളുകളായി മാറ്റി വിദ്യാലയങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വർധിപ്പിച്ചു. അൺ എയ്ഡഡ് സ്കൂളുകളിൽ പഠിച്ചിരുന്ന പത്തുലക്ഷത്തോളം വിദ്യാർത്ഥികൾ പൊതുവിദ്യാലയങ്ങളിലേയ്ക്ക് പ്രവേശനം നേടിയിട്ടുണ്ട്. കിഫ്ബി മുഖേന കേരളത്തിലെ പൊതുവിദ്യാലയങ്ങൾ ഇന്ത്യയ്ക്കുതന്നെ മാതൃകയായി മാറിക്കൊണ്ടിരിക്കുകയാണ്. കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളേജ് വരെ പരിശോധിച്ചാൽ എല്ലായിടത്തും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി നിരവധി കെട്ടിടങ്ങൾ

നിർമ്മിച്ചിട്ടുണ്ട്. എല്ലാ ജില്ലാ കേന്ദ്രങ്ങളിലും കാത്ത് ലാബ്, താലൂക്ക് കേന്ദ്രങ്ങളിൽ ഡയാലിസിസ് യൂണിറ്റ്, കുടുംബാരോഗ്യ കേന്ദ്രത്തിൽ ആംബുലൻസ്-ലബോറട്ടറി ഉൾപ്പെടെ എല്ലാ സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. കേരളത്തിലെ പൊതുസ്ഥാപനങ്ങളിലെല്ലാം അടിസ്ഥാന സൗകര്യങ്ങൾ വർധിപ്പിച്ചു. കേരളത്തിലെ റവന്യൂ മേഖലയിലെ വില്ലേജ് ഓഫീസുകൾ, താലൂക്ക് ഓഫീസുകൾ, റവന്യൂ ഡിവിഷൻ ഓഫീസ്, സ്മാർട്ട് അങ്കണവാടികൾ ഉൾപ്പെടെ എല്ലാ സൗകര്യങ്ങളും ഏർപ്പെടുത്തി അവയെയെല്ലാം സ്മാർട്ടാക്കി മാറ്റി. കാർഷിക മേഖല, വ്യാവസായിക മേഖല, മൃഗസംരക്ഷണ മേഖല എന്നിവിടങ്ങളിൽ വലിയ തോതിൽ മാറ്റങ്ങളുണ്ടാക്കാൻ സാധിച്ചു.

ഭക്ഷ്യ പൊതുവിതരണ മേഖലയിൽ എല്ലാവർക്കും റേഷൻ കാർഡുകൾ ലഭ്യമാക്കാനും കിടപ്പുരോഗികൾക്ക് സൗജന്യമായി അവരുടെ വീടുകളിൽ ഭക്ഷണ സാധനങ്ങൾ എത്തിച്ചുകൊടുക്കാനും സാധിച്ചിട്ടുണ്ട്. പട്ടികജാതി-പട്ടികവർഗ വികസന മേഖലകളിൽ ഓരോ കോടി രൂപ ചെലവാക്കിക്കൊണ്ട് അവർ താമസിക്കുന്ന ഉന്നതികളിൽ വൈദ്യുതി, വെളിച്ചം, കുടിവെള്ളം, വീട് മെയിന്റനൻസ്, വഴി സൗകര്യങ്ങൾ ഉൾപ്പെടെ

മെച്ചപ്പെടുത്തി എല്ലാ മേഖലയിലെയും ജനങ്ങളെ സംരക്ഷിച്ചുകൊണ്ടാണ് സർക്കാർ മുന്നോട്ടുപോകുന്നതെന്ന് ഏത് മേഖലയെടുത്ത് പരിശോധിച്ചാലും മനസ്സിലാകുന്നതാണ്. തൊഴിലാളി ക്ഷേമ മേഖലയ്ക്ക് ബജറ്റിൽ അങ്ങ് തുക വകയിരുത്തിയത് നല്ല കാര്യമാണ്. കർഷകത്തൊഴിലാളി ക്ഷേമനിധിയുമായി ബന്ധപ്പെട്ട വിഷയമാണ് അങ്ങയുടെ ശ്രദ്ധയിൽക്കൊണ്ടുവരാൻ ഞാൻ ശ്രമിക്കുന്നത്. കഴിഞ്ഞ അഞ്ച് വർഷത്തെ ബജറ്റുമായി ബന്ധപ്പെട്ട പ്രസംഗത്തിലും ഇക്കാര്യം ഞാൻ പറയുന്നതാണ്. കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിന് പ്രത്യേകമായി തുക ബജറ്റിൽ വകയിരുത്തണമായിരുന്നു. അങ്ങയുടെ മറുപടി പ്രസംഗത്തിൽ ഇതുസംബന്ധിച്ച കാര്യങ്ങൾ പറയുമെന്ന് പ്രതീക്ഷിക്കുന്നു. പഞ്ചായത്ത് മുഖേന ഇന്റർവ്യൂ നടത്തി തിരഞ്ഞെടുത്തവരാണ് സാക്ഷരതാ പ്രേരക്മാർ. അവരുടെ വേതനം വർധിപ്പിച്ചത് നല്ല കാര്യമാണ്. സാക്ഷരതാ പ്രേരക്മാരെ സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടി സംബന്ധിച്ച് ബജറ്റിന്റെ മറുപടി പ്രസംഗത്തിൽ ഉണ്ടാകണമെന്ന് അഭ്യർഥിക്കുകയാണ്. അവരെ സ്ഥിരപ്പെടുത്താതെ അവർ റിട്ടയർ ചെയ്താൽ അവർക്ക് മറ്റ് ആനുകൂല്യങ്ങളൊന്നും ലഭിക്കാതെ പോകുന്ന അവസ്ഥയാണുണ്ടാകുക.

അതുകൊണ്ട് അവരെ സ്ഥിരപ്പെടുത്തുന്നതിനാവശ്യമായ നടപടികൾകൂടി ബജറ്റിന്റെ മറുപടി പ്രസംഗത്തിൽ ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുകയാണ്.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, സാക്ഷരതാ പ്രേരക്മാരുടെ വിഷയം അങ്ങ് ഇവിടെ ഉന്നയിച്ചത് വളരെ നന്നായി. അവർക്ക് 60:40 എന്ന അനുപാതത്തിൽ എൽ.എസ്.ജി.ഡി.-യും കേരള സാക്ഷരതാ മിഷനും ചേർന്നാണ് ശമ്പളം നൽകുന്നത്. ശമ്പളം ലഭിക്കുന്നില്ലെന്നതാണ് നിലവിൽ അവർ നേരിടുന്ന ഏറ്റവും വലിയ പ്രയാസം. അതിനാൽ അവരുടെ ശമ്പളം ഒന്നിച്ച് തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും നൽകുകയും ഒരു മാസത്തെ ശമ്പളം പല തവണയായി നൽകുന്നത് ഒഴിവാക്കുകയും പെൻഷൻകാരുടെ കാര്യത്തിൽ പ്രത്യേക പരിഗണന നൽകുകയും വേണം.

ശ്രീ. ചിറ്റയം ഗോപകുമാർ: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച അഭിപ്രായത്തോട് ഞാനും യോജിക്കുന്നു. ഇക്കാര്യം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിലുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. ആശാപ്രവർത്തകരുടെ ആനുകൂല്യം വീണ്ടും വർധിപ്പിച്ചതിന് അങ്ങയെ അഭിനന്ദിക്കുന്നു. ആശാപ്രവർത്തകരുടെ വേതനമെന്നത് കേന്ദ്ര സ്കീമാണ്. ആശാപ്രവർത്തകർക്ക് മിനിമം വേജസ് നടപ്പാക്കുന്നതിനും അവരെ സ്ഥിരം

ജീവനക്കാരായി പരിഗണിക്കുന്നതിനും ആവശ്യമായൊരു പ്രമേയം നിയമസഭ ഏകകണ്ഠേന പാസ്സാക്കി കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടണമെന്നുകൂടി ഞാൻ അഭ്യർഥിക്കുന്നു.

നമ്മുടെ നാടിന്റെ വളർച്ചയെ ബോധപൂർവം തളർത്തുന്ന നിരന്തരമായ കേന്ദ്രഗവൺമെന്റിന്റെ നിലപാടുകൾക്കെതിരെയുള്ള കരുത്തുറ്റ മറുപടിയാണ് അങ്ങ് അവതരിപ്പിച്ച ഈ ബജറ്റ്. പ്രതിസന്ധികൾ സൃഷ്ടിച്ച് നമ്മെ തളർത്താമെന്ന് ആരെങ്കിലും കരുതുന്നുണ്ടെങ്കിൽ അവർക്ക് നമ്മുടെ നാടിനെ വിട്ടുകൊടുക്കാൻ തയ്യാറല്ല എന്ന നമ്മുടെ സർക്കാരിന്റെ നിശ്ചയദാർഢ്യത്തിന് തെളിവാണ് അങ്ങ് അവതരിപ്പിച്ച ഈ ബജറ്റ്. ചാണക്യൻ തന്റെ നീതിശാസ്ത്രത്തിൽ പ്രതിപാദിച്ച

'കാര്യാർത്ഥി ഗണയതി

ന ചാപി ഗണയതി ജനം'

എന്ന ആശയം ഈ ബജറ്റിലൂടെ അന്വർഥമാക്കിയിരിക്കുകയാണ്. ലക്ഷ്യബോധമുള്ളവൻ തന്റെ വഴിയിലെ പ്രതിരോധങ്ങളെ കണ്ട് തളർന്നുനിൽക്കാറില്ല. അവയെ തകർത്ത് മുന്നോട്ട് ചലിക്കുകതന്നെ ചെയ്യും. നമ്മുടെ സംസ്ഥാനത്തെ ഉയരത്തിലെത്തിക്കാൻ സർക്കാർ അതിന്റെ മുഴുവൻ

തന്ത്രങ്ങളും ഊർജവും ഈ ബജറ്റിലൂടെ വിനിയോഗിച്ച് ശക്തമായി മുന്നേറും. വിഭവപരിധികളെ വിവേകംകൊണ്ട് നമ്മൾ മറികടക്കുകതന്നെ ചെയ്യും. പ്രതിരോധങ്ങളെയെല്ലാം അതിജീവിച്ച് പുതിയ കരുത്തോടെ നവകേരളത്തിനായി നമുക്ക് ഒരുമിച്ച് മുന്നേറാം. ഈ ജനകീയ സർക്കാരിന്റെ 'തുടരും' എന്ന ഈ പ്രഖ്യാപനം കണ്ട് 'തുടരുമോ' എന്ന് ചോദ്യചിഹ്നമായവരെ ഈ ബജറ്റ് തികച്ചും നിശബ്ദമാക്കിക്കൊണ്ടിരിക്കുന്നു. ഒരു കവി അല്ലെങ്കിലും എന്റെ ചിന്തയിലും കവിത ഉണരുന്നു, 'നാടിൻ കരുത്തായി പടരും ഞങ്ങൾ, ജനഹിതമായി തുടരും ഭരണം' എന്ന് സൂചിപ്പിച്ചുകൊണ്ട് ഈ ബജറ്റിനെ ശക്തമായി പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു. നന്ദി.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കഴിഞ്ഞ ദിവസം അവതരിപ്പിച്ച സംസ്ഥാന ബജറ്റ്, സംസ്ഥാനത്തിന്റെ ഇന്നത്തെ സാഹചര്യത്തിൽ നവകേരള നിർമ്മിതിക്കായി നടന്നുകൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾക്ക് വലിയ തോതിൽ ആക്കം കൂട്ടുമെന്ന് ഞാൻ കരുതുന്നു. അതുകൊണ്ടുതന്നെയാണ് ജനജീവിതത്തിന്റെ സമസ്തമേഖലകളിൽനിന്നും ബജറ്റിന് വലിയ തോതിലുള്ള പിന്തുണ

ലഭിച്ചിട്ടുള്ളത്. സാധാരണഗതിയിൽ ബജറ്റ് അവതരിപ്പിച്ച് കഴിയുമ്പോൾ യു.ഡി.എഫ്.-നെ അനുകൂലിച്ച് രംഗത്തുവരുന്ന ചില സാമ്പത്തിക വിദഗ്ധരുണ്ട്. അവർപോലും ഈ ബജറ്റിന്റെ യാഥാർത്ഥ്യത്തെ നോക്കിക്കാണാനായി തയ്യാറായിട്ടുണ്ട്. എല്ലാ മേഖലകളെയും സ്പർശിക്കുന്നുവെന്ന് അവർ പറഞ്ഞിട്ടുമുണ്ട്. നമ്മുടെ നാട്ടിലെ ശാസ്ത്ര-സാങ്കേതിക-ഐ.ടി. മേഖല മുതൽ ലക്ഷക്കണക്കിന് പാവപ്പെട്ട ഓട്ടോറിക്ഷാ തൊഴിലാളികൾ, മോട്ടോർ തൊഴിലാളികൾ, ആശാവർക്കർമാർ, ഉച്ചക്കഞ്ഞി തൊഴിലാളികൾ, ഗിഗ് വർക്കേഴ്സ് തുടങ്ങി എല്ലാ സാധാരണ മനുഷ്യരുടെയും ജീവിതത്തെ തൊട്ടറിഞ്ഞ് അവരുടെ ജീവിതത്തിന്റെ മെച്ചപ്പെടലിനുവേണ്ടിയുള്ള ഒരന്തരീക്ഷം സൃഷ്ടിക്കുന്നതിനുള്ള ബജറ്റായി ഈ ബജറ്റിനെ പൊതുസമൂഹം കാണുന്നുണ്ട്. ഇന്ന് കേരളത്തിലെ പത്തുപന്ത്രണ്ട് ലക്ഷത്തോളം വരുന്ന ഓട്ടോറിക്ഷാ തൊഴിലാളികൾ വളരെ ആഹ്ലാദത്തിലും ആഘോഷത്തിലുമാണ്. കഴിഞ്ഞ ദിവസങ്ങളിൽ ഓട്ടോറിക്ഷാ സ്റ്റാൻഡുകളിലെ പായസം, ലഡു വിതരണവും മുദ്രാവാക്യം വിളികളുമൊക്കെ അങ്ങയുടെ ശ്രദ്ധയിലുംപെട്ടിട്ടുണ്ടാകും. പാവപ്പെട്ടവരെ ചേർത്തുനിർത്തുന്നൊരു ഗവൺമെന്റാണെന്നുള്ള ബോധ്യം

കൂടുതൽക്കൂടുതൽ തൊഴിലാളികൾക്ക് വന്നൊരു സന്ദർഭമാണിത്. ബജറ്റിലെ നിരവധി സ്ഥലങ്ങളിൽ ഓട്ടോറിക്ഷാ തൊഴിലാളികളെ അടയാളപ്പെടുത്തിയിട്ടുണ്ട്. ബജറ്റിന്റെ ഉള്ളടക്കം ശരിയായി മനസ്സിലാക്കാൻപോലും ശ്രമിക്കാതെ, ബജറ്റ് അവതരിപ്പിച്ച് അല്പസമയം കഴിഞ്ഞപ്പോൾ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് നടത്തിയൊരു സമ്മേളനം കാണാനിടയായി. ഇപ്പോൾ മാത്രമല്ല, 2021-ലും ഇതുതന്നെ ആവർത്തിച്ചിരുന്നു. ബജറ്റ് അവതരിപ്പിച്ചതിനുതൊട്ടുപിന്നാലെ അന്നത്തെ പ്രതിപക്ഷനേതാവും ഒരു പത്രസമ്മേളനം നടത്തിയിരുന്നു. ഇനി അധികാരത്തിൽ വരാൻപോകുന്ന ഗവൺമെന്റിനുമേൽ അനാവശ്യമായ സാമ്പത്തിക ബാധ്യത ഏല്പിക്കുന്ന ബജറ്റാണെന്നും ഇവയൊന്നും ഈ ഗവൺമെന്റിന് ചെയ്യേണ്ടി വരില്ലല്ലോയെന്ന രീതിയിലാണ് ഇവർ രണ്ടുപേരും പറഞ്ഞത്. അന്ന്, ഇന്നത്തെ പ്രതിപക്ഷനേതാവ് ഒരു പ്രമുഖ ന്യൂസ് ചാനലിൽ ബദൽ ബജറ്റുതന്നെ അവതരിപ്പിക്കുന്ന സാഹചര്യവുമുണ്ടായി. 2021-ൽ യു.ഡി.എഫ്. അധികാരത്തിൽ വരുമെന്ന നിലയിൽ, വകുപ്പ് വിഭജന ചർച്ചകൾപോലും പൂർത്തീകരിച്ച്, മുഖ്യമന്ത്രിയെ സംബന്ധിക്കുന്ന തർക്കംമാത്രം നിലനിർത്തി, മന്ത്രിമാരെ

നിശ്ചയിക്കുന്നൊരു സാഹചര്യംപോലും സൃഷ്ടിച്ചെടുത്തു. എന്നാൽ അന്നെന്താണ് സംഭവിച്ചതെന്ന കാര്യം പിന്നീട് നമ്മൾ കണ്ടു. 'നിങ്ങൾ വിഷമിക്കേണ്ട കാര്യമൊന്നുമില്ല, ഈ ഗവൺമെന്റുതന്നെ വീണ്ടും വരും' എന്ന് അന്നത്തെ ധനകാര്യ വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും പറഞ്ഞതുപോലെ, ഈ രണ്ടാം പിണറായി ഗവൺമെന്റുതന്നെ മൂന്നാമതും അധികാരത്തിൽ വരുമെന്ന കാര്യത്തിൽ യാതൊരു സംശയവും വേണ്ട. ഈ ബജറ്റിൽ പറയുന്നതും അതിനപ്പുറവുമുള്ള കാര്യങ്ങൾ വരുന്ന മൂന്നാം ഗവൺമെന്റ് സംസ്ഥാനത്തെ ജനങ്ങൾക്കുവേണ്ടി നടപ്പാക്കുകതന്നെ ചെയ്യും. ജനങ്ങൾ അവരുടെ ജീവിതത്തിന്റെ അനുഭവത്തിൽനിന്നാണ് തീരുമാനങ്ങളെടുക്കുന്നത്. മാധ്യമങ്ങളെ കൂട്ടുപിടിച്ച് വലതുപക്ഷശക്തികൾ നമ്മുടെ സംസ്ഥാനത്ത് നടത്തുന്ന വ്യാജ പ്രചരണങ്ങളുണ്ട്. ജനങ്ങളുടെ മനസ്സിനെ ബാധിക്കുമെന്ന ചിന്തയിലാണ് ആ വ്യാജപ്രചരണങ്ങളുടെ ഭാണ്ഡക്കെട്ട് അഴിച്ചുവിടാൻ അവർ ശ്രമിക്കുന്നത്. 2021-ൽ നടത്തിയ വ്യാജ പ്രചരണങ്ങൾക്ക് ജനങ്ങൾ വില കല്പിക്കാത്തതുപോലെതന്നെ 2026-ൽ നടത്തുന്ന വ്യാജ പ്രചരണങ്ങൾക്കും ജനങ്ങൾ ഒരു വിലയും കല്പിക്കാൻ പോകുന്നില്ല. അവർ അവരുടെ ജീവിതാനുഭവത്തിന്റെ അടിസ്ഥാനത്തിൽ

തീരുമാനങ്ങൾ സ്വീകരിക്കുകതന്നെ ചെയ്യും. അങ്ങനെ തീരുമാനമെടുത്താൽ, 2021-ൽ വന്നതിനേക്കാൾ ഭൂരിപക്ഷത്തോടുകൂടി മൂന്നാമതൊരു ഇടതുപക്ഷ ഗവൺമെന്റ് നമ്മുടെ സംസ്ഥാനത്ത് അധികാരത്തിൽ വരുമെന്നതിൽ യാതൊരു സംശയവുമില്ല. അത് ഏതാനും മാസങ്ങൾ കഴിയുമ്പോൾ തെളിയിക്കാൻ സാധിക്കും.

ഇന്നലെ അവതരിപ്പിച്ച കേന്ദ്ര ബജറ്റ് നാമെല്ലാവരും കണ്ടതാണ്. കേരളം ഇന്ത്യയുടെ ഭാഗമല്ലെന്ന് തോന്നുന്ന വിധത്തിലുള്ള ഒരു ബജറ്റ് അവതരണമാണ് കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി നടത്തിയിരിക്കുന്നത്. തിരുവനന്തപുരത്തെ നഗര ഭരണം ബി.ജെ.പി.-യുടെ കൈയിൽ ലഭിച്ചപ്പോൾ 45 ദിവസത്തിനകം പ്രധാനമന്ത്രി വന്ന് നഗരത്തെ ആകാശത്തെടുത്ത് ഉയർത്താൻ കഴിയുന്ന തരത്തിലുള്ള പ്രഖ്യാപനങ്ങൾ നൽകുമെന്ന പ്രതീക്ഷയാണ് ബി.ജെ.പി.-ക്കാർക്കും ചെറിയൊരു വിഭാഗം ജനത്തിനുമുണ്ടായിരുന്നത്. എന്നാൽ ബജറ്റിൽ പ്രഖ്യാപിക്കുമെന്ന് പറഞ്ഞുകൊണ്ട് പ്രധാനമന്ത്രി വരികയും വന്നതുപോലെ മടങ്ങുകയുമാണുണ്ടായത്. ബജറ്റിൽ സംസ്ഥാനത്തെക്കുറിച്ചോ തലസ്ഥാനത്തെക്കുറിച്ചോ ഒരക്ഷരംപോലും ഉരിയാടാൻ തയ്യാറായില്ല.

യഥാർഥത്തിൽ വല്ലാത്തൊരു കൊലച്ചതിയാണ് ബി.ജെ.പി.-യുടെ കേന്ദ്രഗവൺമെന്റ്, ശ്രീ. നരേന്ദ്ര മോദി, ശ്രീമതി നിർമ്മല സീതാരാമൻ ഇവരെല്ലാവരുംകൂടി നമ്മുടെ സംസ്ഥാനത്തോട് കാണിച്ചിരിക്കുന്നത്. കേന്ദ്ര ബജറ്റ് പ്രഖ്യാപനം കഴിഞ്ഞപ്പോൾ ഡോ. ജോൺ ബ്രിട്ടാസ് എം.പി. പറഞ്ഞതുപോലെ, കേരളത്തിന് ആമയും തേങ്ങയുമാണ് കിട്ടിയത്. അതിനപ്പുറമായി ഒന്നും കേരളത്തിന് ലഭിച്ചിട്ടില്ല. കേരളത്തിന് ലഭിക്കുമെന്ന് നമ്മൾ കരുതിയിരുന്ന അതിവേഗ റെയിൽ പാതയ്ക്കുപകരം അതിവേഗ അവഗണനയാണ് ലഭിച്ചത്. എയിംസ്, ശബരിപാത, പമ്പയുടെ പുനരുജ്ജീവനം എന്നിവയെല്ലാം കേന്ദ്രം വിസ്മരിക്കുകയാണുണ്ടായത്. വിഴിഞ്ഞത്തെക്കുറിച്ചെങ്കിലും ഒരു വാക്ക് പറയുമെന്ന് പ്രതീക്ഷിച്ചിരുന്നു. വിഴിഞ്ഞം പോർട്ടിനെക്കുറിച്ച് ഒരക്ഷരംപോലും പറയാൻ തയ്യാറായിട്ടില്ല. ക്യാപിറ്റൽ ഡെവലപ്മെന്റ് പ്രോഗ്രാം, വയനാട് പാക്കേജ് ഇവയെല്ലാം കേന്ദ്ര ബജറ്റിൽ അവഗണിച്ചിരിക്കുകയാണ്. ഒന്നും തന്നില്ലെന്ന് മാത്രമല്ല എത്ര അഹങ്കാരത്തോടുകൂടിയാണ് ബി.ജെ.പി.-യുടെ സംസ്ഥാന അധ്യക്ഷൻ ആ ബജറ്റിനെക്കുറിച്ച് പറഞ്ഞത്. ഒന്നും തരില്ല, ഒന്നും ഞങ്ങൾ തരാൻ വേണ്ടി പോകുന്നില്ല, എൻ.ഡി.എ. വരട്ടെ, അപ്പോൾ തരാമെന്ന് പറയുന്ന

തരത്തിലുള്ള ഒരഹങ്കാരം എങ്ങനെയാണ് നമ്മുടെ രാജ്യത്ത് ബി.ജെ.പി.-യുടെ ഒരു നേതാവിനുണ്ടാകുന്നത്; ആരാണ് അങ്ങനെ പറയാനുള്ള അധികാരം അദ്ദേഹത്തിന് നൽകിയിരിക്കുന്നത്? ആര് അധികാരത്തിൽ വരണമെന്ന് തീരുമാനിക്കുന്നത് ജനങ്ങളാണ്. ആരെയെങ്കിലും ഭയപ്പെടുത്തി അധികാരത്തിൽ കൊണ്ടുവരാൻ സാധിക്കുമോ; ജനങ്ങളെ ഭയപ്പെടുത്താൻ വേണ്ടിയാണോ ബി.ജെ.പി.-യുടെ അധ്യക്ഷൻ ഇങ്ങനെ പറയുന്നത്? ഇടതുപക്ഷമാണോ, വലതുപക്ഷമാണോ, ബി.ജെ.പി. ആണോ ആരാണ് ഈ രാജ്യത്ത് അധികാരത്തിൽ വരേണ്ടതെന്ന് തീരുമാനിക്കുന്നത് ജനങ്ങൾ അല്ലേ? അതിനുപകരം ഞങ്ങൾ അധികാരത്തിൽ വന്നാൽ അത് തരുമെന്ന് പറയത്തക്കവിധത്തിലുള്ള അഹന്ത എങ്ങനെയാണ് ബി.ജെ.പി.-യുടെ അധ്യക്ഷനുണ്ടായിരിക്കുന്നത്; അദ്ദേഹത്തിന്റെ ഉള്ളിൽ അടങ്ങിക്കിടക്കുന്നതായ ഫാസിസ്റ്റ് നേതാവിന്റെ മനസ്സ് അല്ലേ അദ്ദേഹം പ്രകടിപ്പിച്ചത്; നമ്മുടെ പ്രതിപക്ഷനേതാവ് നിയമസഭയ്ക്ക് അകത്തും പുറത്തുംവച്ച് പറഞ്ഞതും കോടതിയുമായി ബന്ധപ്പെട്ട് ഉന്നയിച്ചതുമായ വിഷയങ്ങളെക്കുറിച്ചൊന്നും ഞാൻ ഇവിടെ പരാമർശിക്കുന്നില്ല. നിയമം നിയമത്തിന്റെ വഴിയേ പൊയ്ക്കൊള്ളട്ടെ. വായിൽത്തോന്നുന്നത്

കോതയ്ക്കുപാട്ടെന്നെ രീതിയിൽ എന്തും വിളിച്ചുപറയാൻ പ്രതിപക്ഷനേതാവ് ശ്രമിക്കുന്നത് ശരിയാണോ; പ്രതിപക്ഷ നേതൃസ്ഥാനമെന്നത് വളരെ വലിയ ഉത്തരവാദിത്വമുള്ള സ്ഥാനമാണല്ലോ; ഇന്ന് അദ്ദേഹം ഇവിടെ ഇല്ല. ഈ ബജറ്റിനെക്കുറിച്ച് നല്ലത് പറയുന്നത് കേൾക്കാനുള്ള വിഷമംകൊണ്ടാണ് അനുയായികളെയും വിളിച്ചുകൊണ്ട് പുറത്തുപോയതെന്നുവേണം കരുതാൻ. ഇന്ന് പുറത്തുപോകേണ്ട തരത്തിൽ എന്തെങ്കിലും പ്രശ്നമുണ്ടായിരുന്നോ? സബ്മിഷനായി ഉന്നയിച്ച് മറുപടി കേൾക്കേണ്ടൊരു വിഷയമാണ് നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപമായി ഉന്നയിച്ച് ഇറങ്ങിപ്പോയത്, യഥാർഥത്തിൽ ഒരു നല്ല ബജറ്റ് അവതരിപ്പിച്ചതിനെക്കുറിച്ചുള്ള ചർച്ച കേൾക്കരുതെന്ന മനോഭാവമാണ് ഇവിടെ പ്രകടമാകുന്നത്. പ്രതിപക്ഷനേതാവ് ആരെയൊക്കെയാണ് പറയുന്നത്. ബഹുമാനപ്പെട്ട ഹൈക്കോടതി ചീഫ് ജസ്റ്റീസിനെപ്പോലും അദ്ദേഹം വെറുതെ വിടുന്നില്ല. ഈ സർക്കാരിനെതിരെ അഴിമതി ആരോപണം ഉന്നയിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിച്ച സന്ദർഭങ്ങളിലെല്ലാംതന്നെ ഹൈക്കോടതി അദ്ദേഹത്തിന്റെ ചെവിക്ക് കിഴുക്ക് കൊടുത്തിട്ടുള്ളതാണ്. അത്തരം ഒരു ഘട്ടത്തിലാണ് ബഹുമാനപ്പെട്ട ഹൈക്കോടതിക്ക് അദ്ദേഹത്തോട് 'മേലിൽ

ഇത്തരം ആക്ഷേപങ്ങളുമായി കോടതിയുടെ വിലപ്പെട്ട സമയം നഷ്ടപ്പെടുത്താൻ ഇങ്ങോട്ടുവരരുതെന്ന് പറയേണ്ടിവന്നത്. 'നിങ്ങൾക്ക് പബ്ലിക്ക് ഇന്ററസ്റ്റല്ല, പബ്ലിസിറ്റി ഇന്ററസ്റ്റാണെന്ന്' ബഹുമാനപ്പെട്ട ഹൈക്കോടതി പറഞ്ഞതിനെക്കുറിച്ചാണ് അദ്ദേഹം പറഞ്ഞത്. മാധ്യമങ്ങളുടെ മൈക്ക് കണ്ടപ്പോൾ സമനിലതെറ്റിയാണ് അദ്ദേഹം പറഞ്ഞത് 'ബഹുമാനപ്പെട്ട ഹൈക്കോടതി ചീഫ് ജസ്റ്റീസ് വായിൽത്തോന്നിയത് വിളിച്ചുപറയുകയാണെന്ന്.' നാല് മൈക്കോ ചാനലുകാരെയോ കണ്ടാൽ ആവേശംമൂത്ത് ആരെക്കുറിച്ചും എന്തിനെക്കുറിച്ചും എന്തും എവിടെയും പറയുന്ന നിലയിലേയ്ക്ക് സംസ്ഥാനത്തിന്റെ പ്രതിപക്ഷനേതാവ് അധഃപതിച്ചുവെന്ന് പറയാൻ സത്യത്തിൽ എനിക്ക് വിഷമമുണ്ട്. ധാരാളം ഉന്നത വ്യക്തിത്വങ്ങളിരുന്ന കസേരയിലാണ് അദ്ദേഹം ഇപ്പോൾ ഇരിക്കുന്നത്. കുറച്ച് കോൺഗ്രസുകാരെ കണ്ടപ്പോൾ റോഡിനുകുറുകെ ഒരു സ്റ്റേജുകെട്ടി മൈക്കുവച്ച് സംസ്ഥാനത്തിന്റെ പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി ശ്രീ. വി. ശിവൻകുട്ടിയെക്കുറിച്ച് എത്രമാത്രം സഭ്യേതരമായ ഭാഷയിലാണ് അദ്ദേഹം സംസാരിച്ചത്. എന്നിട്ടും അതിന്റെ ദൃശ്യം ഓൺ ചെയ്യാനുള്ള ആർജവം പോലും അദ്ദേഹം

കാണിക്കുന്നില്ല. വീഡിയോ ദൃശ്യങ്ങൾ തെളിവുകളാകുന്ന ഈ കാലത്തുപോലും തെറ്റുപറ്റിയെന്ന് പറയാനുള്ള മര്യാദപോലും പ്രതിപക്ഷനേതാവ് കാണിക്കുന്നില്ല. ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി പ്രതിപക്ഷനേതാവിനെപ്പോലെ ഒരു സർവ്വവിജ്ഞാനകോശമൊന്നുമല്ല. മാസത്തിൽ അറുപത് പുസ്തകങ്ങൾ വായിച്ച് വലിയ പണ്ഡിതനൊന്നുമാകാൻ അദ്ദേഹം ശ്രമിക്കാറില്ല. ബഹുമാനപ്പെട്ട മന്ത്രി സാധാരണ പൊതുപ്രവർത്തകനും ജനസേവകനും മാത്രമാണ്. വിദ്യാർഥി രാഷ്ട്രീയത്തിലൂടെ കടന്നുവന്ന് വിദ്യാർഥി പ്രവർത്തനത്തിൽനിന്നും ഊർജം സംഭരിച്ച് നാട്ടിലെ ഗ്രാമപഞ്ചായത്ത് അംഗവും ഗ്രാമപഞ്ചായത്ത് അധ്യക്ഷനും നഗരത്തിലെ മേയറുമൊക്കെയായി ജനങ്ങളുടെ ജീവിതവും വിദ്യാർഥികളുടെ മനസ്സും രക്ഷിതാക്കളുടെ ഹൃദയവും സ്കൂളുകളുടെ പ്രവർത്തനവുമൊക്കെ മനസ്സിലാക്കിയ ഒരു സാധാരണ രാഷ്ട്രീയക്കാരൻ മാത്രമാണ് ശ്രീ. വി. ശിവൻകുട്ടി. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനെപ്പോലെ ബഹുഭാഷാപണ്ഡിതനോ വിജ്ഞാനത്തിന്റെ മറുകര കണ്ട ഒരാളൊന്നുമല്ല ശ്രീ. വി. ശിവൻകുട്ടി. കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയുടെ ഉന്നമനത്തിനായി അഹോരാത്രം പ്രയത്നിക്കുന്ന

മന്ത്രിയാണ് അദ്ദേഹം. ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ മികവ് അറിയണമെങ്കിൽ ഉമ്മൻ ചാണ്ടിയുടെയും ആന്റണിയുടെയും സർക്കാരുകളുടെ ഭരണക്കാലത്തേയ്ക്കൊന്ന് തിരിഞ്ഞുനോക്കണം. ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്തെ വിദ്യാഭ്യാസ രംഗം എങ്ങനെയായിരുന്നു? അന്നത്തെ വിദ്യാഭ്യാസ വകുപ്പുമന്ത്രിയായ ശ്രീ. പി. കെ. അബ്ദുറബ്ബിന്റെ ഭരണക്കാലത്ത് ക്രിസ്തുമസ് പരീക്ഷ കഴിഞ്ഞിട്ടും പാഠപുസ്തകങ്ങൾ വിതരണം ചെയ്യാത്ത ഗുരുതരമായ ഭരണ പരാജയമുണ്ടായിരുന്നില്ലേ? ഇപ്പോൾ ഒൻപതാം ക്ലാസിലെ പരീക്ഷ ആരംഭിക്കുന്നതിനുമുമ്പുതന്നെ പത്താം ക്ലാസിലെ പാഠപുസ്തകങ്ങൾ വിദ്യാർഥികളുടെ മുന്നിലെത്തുകയാണ്. കോൺഗ്രസ്സിന്റെ ഭരണക്കാലത്ത് കുട്ടികളുടെ ഉച്ചക്കഞ്ഞിയിൽ എലിയും പാറ്റയും പഴുതാരയും പല്ലിയുമൊക്കെ ഉണ്ടായിരുന്നെങ്കിൽ ഇന്ന് സ്കൂളുകളിൽ വൃത്തിയുള്ള സാഹചര്യത്തിൽ ഊണും ബിരിയാണിയും മന്തിയും പ്രത്യേകം മെനു തയ്യാറാക്കി ഓരോ ദിവസവും ഭക്ഷണം നൽകുകയാണ്. പൊതുവിദ്യാലയങ്ങൾ ലാഭകരമല്ലെന്ന് പറഞ്ഞ് കോൺഗ്രസ്സ് സർക്കാർ അടച്ചുപൂട്ടാൻ ശ്രമിച്ചപ്പോഴും റിയൽ എസ്റ്റേറ്റ് മാഫിയകൾക്ക് സ്കൂളുകൾ ഇരിക്കുന്ന സ്ഥലം മറിച്ചുവിൽക്കാൻ അവസരം ഒരുക്കിയപ്പോഴും ഇടതുപക്ഷ

സർക്കാർ റിസോർട്ടിന് സമാനമായ കെട്ടിടങ്ങൾ പണിതുയർത്തി കുട്ടികളെ സർക്കാർ സ്കൂളുകളിലേയ്ക്ക് തിരികെയെത്തിക്കാനാണ് ശ്രമിച്ചത്. 55000 ഹൈടെക് ക്ലാസ് മുറികളും 5,000 കോടി രൂപയുടെ അടിസ്ഥാന സൗകര്യ വികസനവും 550 സ്കൂൾ കെട്ടിടങ്ങളും ഉൾപ്പെടെയുള്ള വികസന പ്രവർത്തനങ്ങളാണ് വിദ്യാഭ്യാസ മേഖലയിൽ നടത്തിയിട്ടുള്ളത്. ഈ വികസന പ്രവർത്തനങ്ങൾ വിദ്യാഭ്യാസ മേഖലയിൽ മാത്രമല്ല പ്രാവർത്തികമാക്കിയത്. വിസ്താരഭയത്താൽ മറ്റ് മേഖലകളുടെ കാര്യങ്ങൾ ഈ സന്ദർഭത്തിൽ ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ആരോഗ്യ മേഖല സംബന്ധിച്ച് പ്രത്യേകിച്ച് എടുത്തുപറയേണ്ട കാര്യമില്ല. എന്റെ നിയോജകമണ്ഡലത്തിലുള്ള കേരളത്തിലെ ആദ്യത്തെ മെഡിക്കൽ കോളേജിന് 717 കോടി രൂപയുടെ സമഗ്ര വികസന പദ്ധതിയാണ് നടന്നുവരുന്നത്. അതിനെക്കുറിച്ച് കൂടുതൽ സംസാരിക്കുന്നില്ല. ആർ.സി.സി.-യുടെ പുതിയ ബ്ലോക്കിന്റെ ഉദ്ഘാടനം രണ്ട് ആഴ്ചയ്ക്കകം നടക്കുകയാണ്. 240 കോടിയിലധികം രൂപ ചെലവഴിച്ച് ഇന്നത്തെ ബ്ലോക്കിന് സമാന്തരമായുള്ള ഒരു പുതിയ ബ്ലോക്കിന്റെ നിർമ്മാണം പൂർത്തീകരിക്കൽ ഒന്നുംരണ്ടും പിണറായി വിജയൻ സർക്കാരിന്റെ ഭരണകാലത്ത് നടന്നുകഴിഞ്ഞിരിക്കുകയാണ്. ആ

നിലയിൽ വൻവികസനം സംസ്ഥാനത്തെ മെഡിക്കൽ കോളേജ് അടക്കമുള്ള ആരോഗ്യ മേഖലയിൽ കൊണ്ടുവന്ന ബഹുമാനപ്പെട്ട ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രിയെ ഒറ്റതിരിച്ച് ആക്രമിക്കാൻ നടത്തുന്ന പരിശ്രമങ്ങൾ കേരളം കണ്ടുകൊണ്ടിരിക്കുകയാണ്. 2016-ന് മുമ്പുള്ള കേരളമാണോ ഈ പത്ത് വർഷത്തിനുശേഷം നമ്മളിന്ന് കാണുന്ന കേരളം? അന്നത്തെക്കാലത്ത് ഒരു ജിക്കുമോനും ജോപ്പനും സലിം രാജും പാവം പയ്യനുമൊക്കെച്ചേർന്ന് മുഖ്യമന്ത്രിയുടെ ഓഫീസിനെ അഴിമതിയുടെ കേന്ദ്രമാക്കിയില്ലേ? എന്റെ നിയോജകമണ്ഡലത്തിലെ കടകംപള്ളി വില്ലേജിലാണ് കേരളത്തിലെ ഏറ്റവും വലിയ ഭൂമി കുംഭകോണം കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ നടന്നത്. പാവപ്പെട്ട ഇരുന്നൂറോളം പേരുടെ ഭൂമി വ്യാജ തണ്ടപ്പേരുണ്ടാക്കി അന്നത്തെ മുഖ്യമന്ത്രിയുടെ സ്റ്റാഫ് അംഗത്തിന്റെ നേതൃത്വത്തിൽ തട്ടിയെടുത്ത സംഭവമെല്ലാം ഈ സന്ദർഭത്തിൽ സൂചിപ്പിക്കുകയാണ്. 2011-2016 കാലഘട്ടവും 2016 മുതലുള്ള എൽ.ഡി.എഫ്.-ന്റെ കാലഘട്ടവും തമ്മിലുള്ള താരതമ്യം കേവലം ഒരു ഭരണമാറ്റത്തിന്റെ താരതമ്യമല്ല. ഇത് അഴിമതിയിൽനിന്ന് സുതാര്യതയിലേയ്ക്കും അസ്ഥിരതയിൽനിന്ന് നിശ്ചയദാർഢ്യത്തിലേയ്ക്കുമുള്ള

മാറ്റമാണ്. എന്തിന്റെ പേരിലാണ് ഈ സർക്കാരിനെ ആക്ഷേപിക്കുന്നത്; എന്തുപറഞ്ഞാണ് ആക്ഷേപിക്കാൻ സാധിക്കുന്നത്? കഴിഞ്ഞ പത്ത് വർഷമായി നാല്പതിലധികം മന്ത്രിമാർ ഉണ്ടായിരുന്നിട്ടും അവർക്കെതിരെ ഒരു അഴിമതി ആരോപണം തെളിവ് സഹിതം ഈ സഭയ്ക്ക് അകത്തോപുറത്തോ ഉന്നയിക്കാൻ നിങ്ങൾക്ക് സാധിച്ചിട്ടുണ്ടോ; അവർ അതിന് അവസരമുണ്ടാക്കിയോ? ഉന്നയിച്ച അഴിമതി ആക്ഷേപങ്ങളുടെ സ്ഥിതി എന്താണ്; കോടതിപോലും എടുത്ത് തോട്ടിൽ കളയുകയായിരുന്നില്ലേ; എന്തിന്റെ അടിസ്ഥാനത്തിലാണ് നിങ്ങൾ അധികാരത്തിൽ വരുമെന്ന് പറയുന്നത്; എന്തുകൊണ്ടാണ് ജനങ്ങൾ ഞങ്ങൾക്ക് വോട്ട് ചെയ്യില്ലെന്ന് നിങ്ങൾ പറയുന്നത്; നമ്മുടെ സംസ്ഥാനത്തെ ഭവനരഹിതരായ ഏതാണ്ട് അഞ്ച് ലക്ഷത്തോളം വരുന്ന ആളുകൾക്ക് വീട് നിർമ്മിച്ച് നൽകിയതാണോ ഈ സർക്കാർ ചെയ്ത കുറ്റം? ഈ സർക്കാർ ചെയ്ത വികസന പ്രവർത്തനങ്ങളുടെ നാൾവഴികളോ അതിന്റെ വിശദാംശങ്ങളോ പറയുന്നില്ല.

കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിരിക്കുന്ന ധാതു ഇടനാഴിയെ സംബന്ധിച്ച് എനിക്ക് സംശയമാണ്. ആ ധാതു ഇടനാഴിയിലൂടെ സ്വകാര്യ കുത്തക

കമ്പനികളെ നമ്മുടെ ധാതുമേഖലയിലേയ്ക്ക് കടത്താനുള്ള നീക്കമാണോയെന്ന സംശയം എനിക്കുണ്ട്. അത് നിശ്ചയമായും സംസ്ഥാന സർക്കാർ ഗൗരവത്തോടുകൂടി കാണുമെന്ന് ഞാൻ കരുതുകയാണ്. സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച ധാതു ഇടനാഴി പൊതുമേഖലയിൽ നിലനിർത്തുന്ന ധാതു ഇടനാഴിയാണ്. എന്നാൽ ഒഡീഷയും ആന്ധ്രയും കേരളവുമൊക്കെ കണക്റ്റ് ചെയ്തുകൊണ്ട് കേന്ദ്ര സർക്കാർ ഇന്നലെ പ്രഖ്യാപിച്ച ധാതു ഇടനാഴി നിശ്ചയമായും അദാനിമാർക്കോ അംബാനിമാർക്കോ വേണ്ടിയുള്ള ഇടനാഴിയായിരിക്കുമെന്നതിൽ സംശയമില്ല.

കെ.എസ്.ആർ.ടി.സി.-ക്ക് വലിയ തോതിലുള്ള പിന്തുണ സർക്കാർ നൽകുന്നുണ്ട്. അവരുടെ പെൻഷൻ സർക്കാരിന് നേരിട്ട് നൽകാൻ സാധിക്കുമോയെന്നും പെൻഷൻകാരുടെ ഡി.എ. കുശ്ശിക കൊടുത്തുതീർക്കാൻ സാധിക്കുമോയെന്നും പരിശോധിക്കുന്നത് ഉചിതമായിരിക്കും. വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇപ്പോൾ സീറ്റിലില്ല, ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായി തലസ്ഥാന ജില്ലയുടെ ഏറ്റവും പ്രധാനപ്പെട്ട നേതൃനിരയിൽനിന്ന് പ്രവർത്തിച്ച വ്യക്തിയാണ് കാട്ടായിക്കോണം വി. ശ്രീധരൻ. ദേശീയ പ്രസ്ഥാനം കഴിഞ്ഞ് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തെ

കെട്ടിപ്പെടുക്കാനും ഇടതുപക്ഷ രാഷ്ട്രീയത്തിന് ശക്തി നൽകാനും പ്രവർത്തിച്ച നേതാവാണ് അദ്ദേഹം. അദ്ദേഹത്തിന്റെ പേരിൽ അവിടത്തെ യു.പി. സ്കൂളിനെ അപ്ഗ്രേഡ് ചെയ്ത് ഹൈസ്കൂളാക്കി മാറ്റാൻ സാധിക്കുമോയെന്ന് പരിശോധിക്കണമെന്നാണ് എനിക്ക് അദ്ദേഹത്തോട് അഭ്യർഥിക്കാനുള്ളത്. അങ്കണവാടി ടീച്ചർമാർക്ക് അടക്കം അഞ്ച് ആയിരം രൂപ വർധിപ്പിച്ചതിൽ ആയമാരുടെ കാര്യം വിട്ടുപോയി എന്ന കാര്യം ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അങ്കണവാടി ടീച്ചർമാർക്ക് നൽകിയ വർധനവിനനുസൃതമായ പിന്തുണ ആയമാർക്കും നൽകണമെന്നാണ് എനിക്ക് അഭ്യർഥിക്കാനുള്ളത്.

ശബരി റെയിൽപാത തിരുവനന്തപുരംവരെ നീട്ടണമെന്നുള്ളത് നേരത്തെയുള്ള ആവശ്യമാണ്. സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ഈ ആവശ്യം ഉന്നയിച്ചിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. നെടുമങ്ങാട് വഴി ലൈൻ സാധ്യതയ്ക്കുവേണ്ടി സർവെ ഉൾപ്പെടെയുള്ള പ്രാഥമിക നടപടികൾക്ക് ബജറ്റിൽ തുക വകയിരുത്തണമെന്നുകൂടി അഭ്യർഥിച്ചുകൊണ്ട് ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബജറ്റ് നമ്മുടെ സംസ്ഥാനത്തിന്റെ ക്ഷേമ ഐശ്വര്യ പ്രവർത്തനങ്ങൾക്കും

ഭാവിവികസനത്തിനും നവകേരള നിർമ്മിതി എന്ന കാഴ്ചപ്പാടിനും ശക്തിപകരുന്ന ബജറ്റിന് എല്ലാ പിന്തുണയും കേരളത്തിലെ തൊഴിലാളി വർഗത്തിനുവേണ്ടി അർപ്പിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ ഈ സഭയിൽ അവതരിപ്പിച്ച 2026-27-ലെ ബജറ്റിനെ പൂർണ്ണ മനസ്സോടെ പിന്താങ്ങുകയാണ്. നവകേരള നിർമ്മിതിയുടെ പാതയിൽ കരുതലോടെ മുന്നേറുന്ന ഈ സർക്കാർ സാധാരണക്കാരുടെയും അധ്വാനിക്കുന്നവരുടെയും പക്ഷത്താണെന്ന് ഒരിക്കൽക്കൂടി അടിവരയിടുന്നതാണ് ഈ ബജറ്റ്. മഹാകവി വള്ളത്തോളിന്റെ "ഭാരതമെന്നു കേട്ടാൽ അഭിമാനപൂരിതമാവണം അന്തരംഗം; കേരളമെന്ന് കേട്ടാലോ തിളയ്ക്കണം ചോര നമുക്ക് ഞരമ്പുകളിൽ" എന്ന വരികൾ ഞാൻ ഈ അവസരത്തിൽ ഓർമ്മിക്കുകയാണ്. ഓരോ കേരളീയനും അഭിമാനിക്കാവുന്ന നേട്ടങ്ങളാണ് ഈ സർക്കാർ കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ നേടിയിരിക്കുന്നത്. അതിദരിദ്രരില്ലാത്തതും ക്ഷേമപെൻഷൻ കുടിശ്ശികയില്ലാത്തതും ഗംഭീരമായ പി.ഡബ്ല്യൂ.ഡി. റോഡുകളുമൊക്കെയുള്ള

സംസ്ഥാനമായി കേരളം മാറി. പവർ കട്ടും ലോഡ് ഷെഡിങ്ങും അഴിമതിയും വർഗീയ ലഹളയുമില്ലാത്ത കേരളമായി നമ്മുടെ കേരളം മാറിയിരിക്കുകയാണ്. സ്കൂൾ തലം മുതൽ കോളേജ് തലംവരെ ക്ലാസ് റൂമുകൾ ഹൈടെക്കായി മാറികഴിഞ്ഞിരിക്കുന്നു. ആരോഗ്യ മേഖലയിൽ പുതുചരിതങ്ങൾ എഴുതിച്ചേർത്തതും നിയമന നിരോധനമില്ലാത്തതുമായ കേരളം, ട്രഷറി അടച്ചിടാത്ത കേരളം, ലൈഫ് മിഷൻ പദ്ധതിയിലൂടെ ഭവന രഹിതരായവർക്ക് ജീവിതം നൽകിയ കേരളം, എല്ലാവരെയും ഭൂമിയുടെ അവകാശികളാക്കിയ കേരളം, റേഷൻ മുടങ്ങാത്ത കേരളം തുടങ്ങി നിരവധി കാര്യങ്ങൾ ഈ കൊച്ചുകേരളത്തിന് അഞ്ച് വർഷത്തിനുള്ളിൽ അവകാശപ്പെടാൻ സാധിച്ചുവെന്നത് ഏതൊരു കേരളീയനെ സംബന്ധിച്ചിടത്തോളവും അഭിമാനാർഹമായ നേട്ടമാണ്. കഴിഞ്ഞ അഞ്ച് വർഷത്തിനിടെ നികുതി-നികുതിയേതര വരുമാനത്തിൽ ഏകദേശം ഒരു ലക്ഷത്തി അൻപത്തിരണ്ടായിരത്തോളം തുക നമ്മുടെ സംസ്ഥാനം നേടിയെടുത്തുവെന്ന് പറയുമ്പോൾ എത്രമാത്രം കാര്യക്ഷമമായ ധനകാര്യ മാനേജ്മെന്റാണെന്ന് കാണാൻ സാധിക്കും. കേന്ദ്ര സർക്കാർ വായ്പാ പരിധി വെട്ടിക്കുറച്ചും അർഹമായ വിഹിതം നിഷേധിച്ചും നമ്മെ ശ്വാസം മുട്ടിക്കാൻ

ശ്രമിക്കുമ്പോഴാണ് ഈ നേട്ടം നാം സ്വന്തമാക്കിയതെന്നത് എടുത്തുപറയേണ്ടതാണ്. എന്റെ നിയോജകമണ്ഡലമായ കയ്പമംഗലത്തെ സംബന്ധിച്ചിടത്തോളം ഈ ബജറ്റ് വലിയ പ്രതീക്ഷയാണ് നൽകുന്നത്. ഒരു തീരദേശ നിയോജകമണ്ഡലമെന്ന നിലയിൽ മത്സ്യത്തൊഴിലാളികളുടെ ഉന്നമനത്തിനായി സർക്കാർ പ്രഖ്യാപിച്ച പദ്ധതികൾക്കെല്ലാം എന്റെ ഹൃദയം നിറഞ്ഞ നന്ദി പ്രത്യേകമായി രേഖപ്പെടുത്തുകയാണ്. ഒരു തീരദേശ നിയോജകമണ്ഡലത്തെ പരിഗണിച്ച്, മത്സ്യത്തൊഴിലാളികളുടെ ഉന്നമനത്തിനായി സർക്കാർ പ്രഖ്യാപിച്ച പദ്ധതികൾക്കെല്ലാം എന്റെ ഹൃദയം നിറഞ്ഞ നന്ദി രേഖപ്പെടുത്തുന്നു. മത്സ്യത്തൊഴിലാളികളുടെ സാമൂഹിക സുരക്ഷയ്ക്കും തീരദേശ വികസനത്തിനുമായി 183.98 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ പുനരധിവാസത്തിനുള്ള പുനർഗേഹം പദ്ധതി വിഹിതം 64.20 കോടി രൂപയായി വർധിപ്പിച്ചിരിക്കുന്നതും ഏറെ ആശ്വാസകരമാണ്. ഉൾനാടൻ മത്സ്യവികസനത്തിനായി വകയിരുത്തിയ പദ്ധതി തുക, കൈപ്പമംഗലത്തെ പെരുന്തോട്, വലിയതോട്, കനോലിക്കനാൽ തുടങ്ങിയ മറ്റ് കായൽ പ്രദേശങ്ങൾക്കെല്ലാം ഉപകാരപ്രദമാകുന്ന രീതിയിലാണ്. തീരദേശ

റോഡുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി മാറ്റിവച്ച 143.2 കോടി രൂപ തീരദേശത്തിന്റെ യാത്രാക്ലേശം പരിഹരിക്കാൻ സഹായിക്കുമെന്ന കാര്യത്തിൽ തർക്കമില്ല. മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കായി കടൽ സുരക്ഷാ പദ്ധതിയും ആംബുലൻസുകൾക്കായി അധിക തുക അനുവദിച്ചതും ഈ സർക്കാരിന്, മത്സ്യത്തൊഴിലാളികളോടും തീരപ്രദേശ ജനതയോടുമുള്ള കരുതലിന്റെ തെളിവാണ്.

പത്തുവർഷം മുമ്പുള്ള കേരളമല്ല ഇന്നത്തെ കേരളം. ഏതാണ്ട് എല്ലാ മേഖലകളിലും കേരളം, AI new normal സൃഷ്ടിച്ചിരിക്കുകയാണ്. പഴയ നോർമലുമായി താരതമ്യം ചെയ്യാൻപ്പോലും കഴിയാത്ത രീതിയിൽ ജനജീവിതത്തിന്റെ എല്ലാ മേഖലകളിലും അതിശയകരവും അഭിമാനകരവുമായ പുരോഗതിയാണുണ്ടാക്കിയിരിക്കുന്നത്. നമ്മുടെ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ ബജറ്റ് പ്രസംഗത്തിന്റെ ആദ്യം പറഞ്ഞിരിക്കുന്നതും ഇതാണ്. പഴയ നോർമൽ രീതി, യു.ഡി.എഫ്.-ന്റെ ഭരണ കാലത്തുള്ളതാണ്. അമാവാസി രാത്രികളിൽപ്പോലും നടപ്പാക്കിയിരുന്ന ലോഡ്ഷെഡിംഗ് എന്ന മധുര നാമത്തിൽ വിളിച്ചിരുന്ന പവർക്കട്ടുകളുടേതാണ്. ഓണപ്പരീക്ഷ എത്തിയാലും

പാഠപുസ്തകങ്ങൾ കിട്ടാത്ത മനോഹരമായ അബ്ദുറബ്ബ് കാലഘട്ടത്തിന്റെയാണ്. പാലാരിവട്ടം പാലം പപ്പടം പോലെ പൊടിഞ്ഞടരുന്ന കാലഘട്ടത്തിന്റെയാണ്. അഴിമതിയും കെടുകാര്യസ്ഥതയും ഉണ്ടായിരുന്ന ഒരു പഴയ കാലമാണത്. ഇതൊന്നുമല്ല കഴിഞ്ഞ പത്ത് വർഷമായി നടക്കുന്ന ഇടതുപക്ഷത്തിന്റെ ഭരണമെന്നും മുമ്പുള്ളതെല്ലാം കഴിഞ്ഞ കാലത്തിന്റെ ദുഃസ്വപ്നങ്ങളായി ആഴത്തിൽ കുഴിച്ചുമൂടിയിട്ടുള്ളതാണെന്നും ഇന്ന് സമസ്ത മേഖലയിലുമുള്ള വികസന കുതിപ്പിലൂടെ ഒരു നവകേരളത്തെ സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന ഭരണമാണിതെന്നും അരിയാഹാരം ലഭിക്കുന്ന എല്ലാ മലയാളികളും നെഞ്ചിൽ കൈ വച്ച് പറയുന്ന കാര്യങ്ങളാണ്. ഈ ബജറ്റിനെക്കുറിച്ച് ഒരു വലതുപക്ഷ പത്രമെഴുതിയ വരികൾ ഞാൻ ഉദ്ധരിക്കാം. ആ പത്രം എഴുതി ‘ ഇടത് പരിപ്രേക്ഷത്തിൽ ഊന്നിക്കൊണ്ടുള്ള പുരോഗമനാത്മകമായ ബജറ്റാണ് ധനകാര്യവകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ ഇന്നലെ കേരള നിയമസഭയിൽ അവതരിപ്പിച്ചത്. ഉടൻ നടക്കാനിരിക്കുന്ന നിയമസഭാ തിരഞ്ഞെടുപ്പ് മുന്നിൽ കണ്ടുള്ളതാണെന്ന് വിമർശിക്കപ്പെടാൻ ഇടയുണ്ടെങ്കിലും യഥാർഥത്തിൽ വികസനവും സാമൂഹിക ക്ഷേമവും

സമന്വയിപ്പിക്കുന്ന എൽ.ഡി.എഫ്. സർക്കാരിന്റെ സാമ്പത്തിക പരിപാടിയുടെ സ്വാഭാവിക തുടർച്ചയായി ഈ ബജറ്റിനെ കാണുന്നതാകും കൂടുതൽ ശരിയെന്ന് സൂചിപ്പിക്കുകയാണ്. ആന കുത്തിയാലും അറിയാത്ത ഉറക്കത്തിൽപ്പോലും ഇന്നേവരെ ഇടതുപക്ഷത്തിന്റെ ബജറ്റിനെക്കുറിച്ച് ഒരു നല്ലവാക്ക് പറഞ്ഞിട്ടില്ലാത്ത പത്രമാണ് ഈ വർഷത്തെ ബജറ്റിന് ഇങ്ങനെയൊരു സ്വർണ്ണമെഡൽ സമ്മാനിച്ചിരിക്കുന്നത്. 2026-27 സാമ്പത്തിക വർഷത്തെ ബജറ്റ്, കേന്ദ്രസർക്കാരിന്റെ പിന്തിരിപ്പൻ സാമ്പത്തിക നയങ്ങളിന്മേലുള്ള വളരെ ശക്തമായ മറുപടിയാണ്. വർഗീയതയെ പ്രതിരോധിക്കാനും ശാസ്ത്രീയമായ ആസൂത്രണത്തിനുള്ളിൽ എല്ലാവരെയും ഉൾക്കൊള്ളിക്കുന്ന വികസനം/ഇൻക്ലൂസീവ് ഡെവലപ്‌മെന്റ് എന്നത് അക്ഷരാർഥത്തിൽ യാഥാർഥ്യമാക്കാൻ ഈ ബജറ്റ് ശ്രമിക്കുന്നുണ്ട്. പ്രതിസന്ധികളെ അതിജീവിച്ച് അതിവേഗം മുന്നേറുന്ന നവകേരളത്തിന്റെ രൂപരേഖയാണ് 2026-27 സാമ്പത്തിക വർഷത്തിലെ ബജറ്റ്. ഈ ബജറ്റ് പരിശോധിക്കുമ്പോൾ വർഗീയതയ്ക്കും കേന്ദ്രസർക്കാരിന്റെ ഏകപക്ഷീയമായ നയങ്ങൾക്കുമെതിരെ വിട്ടുവീഴ്ചയില്ലാത്ത ഒരു രാഷ്ട്രീയ സാമ്പത്തിക ബദൽ ഉയർത്തുന്നതിൽ ആദരണീയനായ ധനകാര്യവകുപ്പുമന്ത്രി

ശ്രീ. കെ. എൻ. ബാലഗോപാൽ വിജയിച്ചിട്ടുണ്ടെന്ന് കാണാനും ഈ ബജറ്റിലെ പ്രഖ്യാപനങ്ങൾ കേവലം സാമ്പത്തിക കണക്കുകളല്ല, മറിച്ച് കേരളീയരുടെ ഒത്തൊരുമയെ തകർക്കാൻ ശ്രമിക്കുന്ന ശക്തികൾക്കുള്ള ഏറ്റവും ശക്തമായ മറുപടിയാണെന്നും തിരിച്ചറിയണം. ഈ ബദൽ പ്രഖ്യാപനത്തിന് നാല് പ്രധാനപ്പെട്ട വശങ്ങളുണ്ട്. ഒന്ന്, വർഗീയതയ്ക്കെതിരായ ജനകീയ പ്രതിരോധം - കേരളത്തിലെ ഏറ്റവും വലിയ സ്വത്ത് ജനങ്ങളുടെ ഒത്തൊരുമയാണെന്നും അത് തകർക്കാൻ ശ്രമിക്കുന്ന മതരാഷ്ട്രവാദം ചീറ്റുന്ന വിഷസർപ്പങ്ങളെ സ്നേഹത്തിന്റെയും ഐക്യത്തിന്റെയും പ്രതിരോധം കൊണ്ട് നേരിടുമെന്നും ബജറ്റ് ആമുഖത്തിൽ തന്നെ വ്യക്തമാക്കുന്നു. വർഗീയമായി വിഭജിക്കാനുള്ള തന്ത്രങ്ങളെ അവജ്ഞയോടെ തള്ളിക്കളയുന്ന ബജറ്റാണിത്. ഇടതുപക്ഷത്തിന് ഒരു മത-ജാതി വിഭാഗവും അപരരല്ലെന്ന് പ്രഖ്യാപിക്കുകയാണ്. ഇതിന്റെ ഭാഗമായി കേരളത്തിന്റെ മതസാംസ്കാരിക-സാഹോദര്യത്തിന്റെ ചരിത്രം രേഖപ്പെടുത്തുന്നതിനായി പത്ത് കോടി രൂപ വകയിരുത്തിയിട്ടുണ്ട്. രണ്ട്, കേന്ദ്രത്തിന്റെ നോട്ടുചോരിക്കെതിരായിട്ടുള്ള സാമ്പത്തിക ബദൽ - വോട്ടുചോരി മാത്രമല്ല കേന്ദ്രം നോട്ടുചോരിയും നടത്തുന്നെന്ന് ബജറ്റ്

വിശദീകരിക്കുന്നു. സാമ്പത്തിക വിവേചനം നിലനിന്നിരുന്നത് കൊണ്ടുതന്നെ പത്താം ധനകാര്യ കമ്മീഷൻ കാലഘട്ടത്തിൽ, കേരളത്തിനുള്ള ഓഹരി 3.88 ശതമാനമായിരുന്നത് നിലവിൽ 15-ാം ധനകാര്യ കമ്മീഷൻ കാലയളവിൽ 1.92 ശതമാനമായി കുറഞ്ഞു. കടമെടുപ്പ് നിയന്ത്രണങ്ങൾ, കിഫ്ബി വായ്പകൾ ഉൾപ്പെടെയുള്ളവയെല്ലാം കടമെടുപ്പ് പരിധിയിലുൾപ്പെടുത്തി സംസ്ഥാനത്തെ ശ്വാസം മുട്ടിക്കാൻ കേന്ദ്രം ശ്രമിക്കുന്നുണ്ടെങ്കിലും തനത് നികുതി/നികുതിയേതര വരുമാനത്തിൽ 1,52,645 കോടി രൂപയുടെ വർധനവ് വരുത്തി കേരളം അതിനെ പ്രതിരോധിക്കുകയാണ്. തൊഴിലുറപ്പ് സംരക്ഷണം - കേന്ദ്രസർക്കാർ തൊഴിലുറപ്പ് പദ്ധതിയിൽ നിന്ന് പിൻവാങ്ങി. അതുകൊണ്ടുതന്നെ അത് മികച്ച രീതിയിൽ കേരളത്തിൽ നടപ്പാക്കണമെന്ന ചിന്തയിൽ, ടി ഇനത്തിൽ ആയിരം കോടി രൂപ അധികമായി അനുവദിച്ചിട്ടുണ്ട്. മൂന്ന്, കരിനിയമങ്ങൾക്കെതിരായ നേറ്റിവിറ്റി കാർഡ് - കേരളത്തിന്റെ അതിശക്തമായ ഒരു ചുവടുവയ്പാണ്. പൗരത്വ നിയമം പോലുള്ള കരി നിയമങ്ങൾ വഴി ജനങ്ങളെ ഭയപ്പെടുത്തുന്ന കേന്ദ്രസർക്കാർ

നീക്കത്തിനെതിരെ നേറ്റിവിറ്റി കാർഡ് നൽകുമെന്ന പ്രഖ്യാപനം അതീവ ശക്തമായ പ്രതിരോധ പ്രവർത്തനമായി കേരള ജനത മുഴവൻ കാണുന്നുവെന്നത് വളരെ സന്തോഷം നൽകുന്നു. തലമുറകളായി ഇവിടെ ജീവിക്കുന്ന മനുഷ്യരുടെ ആശങ്ക പരിഹരിക്കാൻ നേറ്റിവിറ്റി കാർഡ് നൽകുന്നതിനുള്ള നിയമനിർമ്മാണത്തിനായി 20 കോടി രൂപയാണ് നീക്കിവച്ചിരിക്കുന്നത്. നാല്, ഇത് മാ നിഷാദ പാടുന്ന വികസന മാതൃകയാണ്. കേന്ദ്രത്തിന്റെ കോർപ്പറേറ്റ് അനുകൂല നയങ്ങൾക്ക് പകരം സാധാരണക്കാരെ ചേർത്ത് പിടിക്കുന്ന ബജറ്റാണിത്. സാമൂഹ്യക്ഷേമ പെൻഷൻ വർധിപ്പിച്ചു എന്നത് എടുത്തുപറയേണ്ട കാര്യമാണ്. ' മുഖ്യമന്ത്രിയുടെ സ്ത്രീ സുരക്ഷാ പദ്ധതി' -ക്കുവേണ്ടി 3720 കോടി രൂപയും ' മുഖ്യമന്ത്രിയുടെ കണക്റ്റ് ടു വർക്ക് സ്കോളർഷിപ്പ്' എന്ന പദ്ധതിക്കുവേണ്ടി 400 കോടി രൂപയുമാണ് വകയിരുത്തിയിട്ടുള്ളത്. ഇവയെല്ലാം ജനപക്ഷ വികസനത്തിന്റെ ഉത്തമ ഉദാഹരണങ്ങളാണെന്ന് കാണാൻ കഴിയും. മാത്രമല്ല, വർഗീയ ശക്തികൾക്ക് മണ്ണൊരുക്കാത്ത കേരളത്തിന്റെ മതേതര മനസ്സിനെ സാമ്പത്തികമായി ശക്തിപ്പെടുത്തുന്നതിലൂടെ കേന്ദ്രത്തിന്റെ ജനവിരുദ്ധ നയങ്ങൾക്കെതിരായ കൃത്യമായ ബദലായി ഈ ബജറ്റ് മാറുന്നു.

കേന്ദ്രസർക്കാരിന്റെ കനത്ത അവഗണനയ്ക്കിടയിലും ജനപക്ഷ വികസന മാതൃകയായി മുന്നോട്ട് പോകാനുള്ള കേരള സർക്കാരിന്റെ ഇച്ഛാശക്തിയാണ് ഈ ബജറ്റിന്റെ അന്തസത്തയെന്ന് തിരിച്ചറിയേണ്ടതുണ്ട്. ഈ ബജറ്റ് ആഴത്തിൽ വിശകലനം ചെയ്യുമ്പോൾ അഞ്ച് വികസന ഘടകങ്ങൾ നാം കണ്ടെത്തുന്നു. വികസനത്തിന്റെ കേരള ബദൽ - കേരള ഡവലപ്മെന്റ് മോഡൽ രണ്ടാമത് അടിസ്ഥാന സൗകര്യവും ഒരു നവകേരളവും സൃഷ്ടിക്കാനുള്ള ലക്ഷ്യം - അതിവേഗ റെയിൽ പദ്ധതിയിൽ തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ നാല് ഘട്ടങ്ങളായി നടപ്പാക്കുന്ന റീജിയണൽ റാപ്പിഡ് ട്രാൻസിറ്റ് സിസ്റ്റം അവലംബിക്കുമ്പോൾ ടി യാത്രാ സൗകര്യത്തിൽ കേരളം വലിയ മാറ്റം ഉൾക്കൊള്ളുമെന്നതിൽ തർക്കമില്ല. ഇതിൽ, എറണാകുളം, കൊടുങ്ങല്ലൂർ, ഗുരുവായൂർ, കുറ്റിപ്പുറം റെയിൽപാതയ്ക്കുകൂടിയുള്ള സ്പേസ് ഉണ്ടാകണമെന്ന് അഭ്യർഥിക്കുകയാണ്. ദേശീയപാത വികസനം സംബന്ധിച്ച് നമ്മുടെ സംസ്ഥാനം സ്വീകരിച്ച മുൻകൈ പ്രവർത്തനങ്ങളെല്ലാം വളരെ പ്രാധാന്യം അർഹിക്കുന്നവയാണ്. കൂടാതെ കേന്ദ്ര അവഗണനയ്ക്കെതിരെ ശക്തമായ പ്രതിരോധം തീർക്കാനും പുതിയ തലമുറയ്ക്ക് വിദ്യാഭ്യാസത്തിനുള്ള കൂടുതൽ ഉന്നൽ നൽകാനും ഈ ബജറ്റിൽ

വളരെയധികം ശ്രദ്ധിച്ചിട്ടുണ്ടെന്നതിൽ തർക്കമില്ല. ഒന്നുരണ്ട് കാര്യങ്ങൾ മാത്രം സൂചിപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. നവകേരളത്തിന്റെ ശിരസിലെ വികസനത്തിന്റെ സുവർണ്ണ ലിഖിതമാണ് ഈ ബജറ്റ്. ശ്രീ. കെ. സച്ചിദാനന്ദൻ അദ്ദേഹത്തിന്റെ ഒരു കവിതയിൽ ഇപ്രകാരം എഴുതിയിരിക്കുന്നു -

‘ ഒത്തുഴയുന്ന ചങ്ങലപ്പാട്ടുള്ള സഹോദരനോട് ഞാൻ പറയുന്നു..

ഇനിയുമൊരു രാത്രി വരുംമുമ്പേ നാം

ഒരുക്കങ്ങൾ മുഴമിക്കേണ്ടിയിരിക്കുന്നു

നാം വേഗം കൂട്ടേണ്ടിയിരിക്കുന്നു.’

നമ്മുടെ എല്ലാ പ്രവർത്തനങ്ങളിലേക്കും അതിന്റെ ചട്ടങ്ങൾ മറികടന്ന് ഈ പരിമിതമായ സമയം കൊണ്ട് നമുക്ക് മുന്നോട്ട് പോകാൻ കഴിഞ്ഞാൽ, ഇന്ന് നിയമസഭ ബഹിഷ്കരിച്ച ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾക്ക് വീണ്ടുമൊരു അവസരം ഈ നിയമസഭയിൽ ഉണ്ടാകുകയില്ലെന്ന് വളരെ കൃത്യമായി അടിവരയിട്ടുപറയാൻ കഴിയും. പ്രതിപക്ഷാംഗങ്ങളുടെ നിലപാടിൽ, ബജറ്റിനോടുള്ള അവരുടെ നിഷേധാത്മകമായ സമീപനമാണ് വ്യക്തമാകുന്നത്.

ചെയർപേഴ്സൺ: യെസ്.. പ്ലീസ് കൺക്ലൂഡ്.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, ഒരു മിനിട്ട് കൂടി അധികം അനുവദിക്കണം. തീരദേശ നിയോജകമണ്ഡലമായ കൈപ്പമംഗലത്തെ സംബന്ധിക്കുന്ന ഒന്നുരണ്ട് കാര്യങ്ങൾ കൂടി സൂചിപ്പിച്ചുകൊണ്ട് അവസാനിപ്പിക്കാം. ടെട്രോപാഡ്, ജിയോ ട്യൂബ്, കടൽഭിത്തി നിർമ്മാണം, കുടിവെള്ളത്തിന്റെ ശാശ്വത പരിഹാരം തുടങ്ങിയ കാര്യങ്ങളിൽ പ്രത്യേക ശ്രദ്ധയുണ്ടാകണം എന്ന് അഭ്യർഥിക്കുകയാണ്. ലോക കേരളസഭ സമ്മേളനം കഴിഞ്ഞ ദിവസം അവസാനിച്ചു. പ്രവാസികൾക്ക് നിരന്തരമായി ഒട്ടനവധി കാര്യങ്ങൾ ചെയ്യുന്ന ഏകഗവൺമെന്റ് നമ്മുടെ കേരള ഗവൺമെന്റാണ്. പ്രവാസികൾക്ക് ആകർഷകമായ സ്വയം തൊഴിൽ സംരംഭങ്ങൾക്ക് കൂടുതൽ പണം അനുവദിക്കാനും പ്രവാസി പെൻഷൻ വർധിപ്പിക്കാനും ലോട്ടറി ഉൾപ്പെടെയുള്ള സ്പെഷ്യൽ സ്കീമുകൾ നടപ്പാക്കാൻ കഴിയുമോയെന്നും പരിശോധിക്കേണ്ടതുണ്ട്.

ചെയർപേഴ്സൺ: രണ്ട് മിനിട്ട് അധികം കഴിഞ്ഞിരിക്കുന്നു.. യെസ്..

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, നമുക്ക് ഏറ്റവും കൂടുതൽ ലഭിക്കുന്ന മഴവെള്ളത്തെ കുടിവെള്ളമാക്കാൻ കഴിയുന്ന ഒരു ബൃഹത്തായ പദ്ധതിക്ക്

തുടക്കം കുറിക്കാനാകുമോ? കഴുത്തുമുട്ടെ മഴവെള്ളം നിൽക്കുമ്പോഴും കുടിവെള്ളത്തിനായി കേഴുന്ന ജനതയായി കേരള ജനത മാറുന്നുണ്ടെങ്കിൽ അത് തിരുത്തപ്പെടേണ്ട കാലമായി. ആയതിനുള്ള പദ്ധതികൾക്കൂടി ഉൾപ്പെടുത്തണമെന്ന് അഭ്യർഥിക്കുന്നു. 2012-ന് ശേഷം പല തവണകളിലായി ഭൂമിയുടെ ഫെയർ വാല്യൂവും സ്റ്റാമ്പ് ഡ്യൂട്ടിയും വർധിപ്പിച്ചിട്ടുണ്ട്. എന്നാൽ വെണ്ടർമാരുടെ വിൽപ്പന പരിധി വർധിപ്പിച്ചിട്ടില്ലെന്ന അവരുടെ സംഘടനയുടെ നിരന്തരമായ ആവശ്യംകൂടി പരിഹരിക്കാൻ കഴിയുന്നത് ചെയ്യണം. ലോകത്തിന് മാതൃകയാകുന്ന ഒരു പുതിയ മോഡൽ സൃഷ്ടിക്കാൻ ബജറ്റിലുള്ള സംഖ്യയെല്ലാം വകയിരുത്തിയ സംസ്ഥാന ധനകാര്യവകുപ്പുമന്ത്രിക്ക് അഭിനന്ദനത്തിന്റെ പൂച്ചെണ്ടുകൾ അർപ്പിച്ചുകൊണ്ട് വാക്കുകൾ അവസാനിപ്പിക്കുന്നു.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, ഞാൻ 2026-27-ലെ ബജറ്റ് നിർദേശങ്ങളെ പൂർണ്ണമായും പിന്താങ്ങുകയാണ്. അങ്ങയുടെ പ്രസംഗം ആരംഭിക്കുന്നത് വളരെ പ്രധാനപ്പെട്ട ഒരു പ്രസ്താവനയോടുകൂടിയാണ്. 'പ്രതിപക്ഷത്തിന് പറയാനുള്ള കാര്യങ്ങൾ ക്ഷമയോടെ കേൾക്കാൻ ഞങ്ങൾ സന്നദ്ധരാണ്. അങ്ങനെയുള്ള ചർച്ചകൾ സഭയിൽ നടന്നാൽ നമ്മുടെ

ജനാധിപത്യത്തിനുതന്നെ മാതൃകയാകും'. അങ്ങയുടെ ആ സ്വപ്നം മാത്രം വിഫലമായി പോയതിൽ എനിക്ക് ഒരുപാട് സങ്കടമുണ്ട്. കാരണം സംസ്ഥാനത്തെ ഒരുവർഷത്തെ ധനവിനിയോഗവുമായി ബന്ധപ്പെട്ട സുപ്രധാനമായ ചർച്ചയിൽ രാഷ്ട്രീയ സംവാദത്തിനപ്പുറത്തേക്ക് സർഗാത്മകമായ ചർച്ചകൾ നടക്കേണ്ട വേദിയിൽ, ഇവിടെ പറഞ്ഞ നല്ല കാര്യങ്ങൾ കേൾക്കുവാനുള്ള മനസ്സില്ലാത്തതുകൊണ്ടാണ് പ്രതിപക്ഷം അകാരണമായി സഭയിൽനിന്നും ഇറങ്ങിപോയതെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇത് വായിച്ചുനോക്കുമ്പോൾ എങ്ങനെയാണ് എതിർക്കാൻ കഴിയുന്നത്. മഹാഭാരതത്തെക്കുറിച്ചൊരു വാക്കുണ്ട്, മഹാഭാരതത്തിൽ പറഞ്ഞിട്ടില്ലാത്തതൊന്നും ലോകത്ത് മറ്റൊരിടത്തുമില്ലെന്നും പുറത്തുള്ളതെല്ലാം മഹാഭാരതത്തിലുമുണ്ടെന്നും പറയാറുണ്ട്. യഥാർഥത്തിൽ ഇത് സർവതല സ്പർശിയായ ഒരു ബജറ്റാണെന്ന് പറയാതിരിക്കാൻ കഴിയില്ല. എന്നെ ഏറ്റവും അത്ഭുതപ്പെടുത്തിയ ഒരുകാര്യം ധാരാളം വികസനപ്രവർത്തനങ്ങളെക്കുറിച്ച് അങ്ങ് സൂചിപ്പിക്കുമ്പോഴും കേരളത്തിലെയും ഞങ്ങളുടെ നാട്ടിലുള്ള പടയണിപോലുള്ള പൈതൃകങ്ങളെയും സംരക്ഷിക്കാൻ ധനകാര്യ

വകുപ്പുമന്ത്രിയെന്ന നിലയിൽ അങ്ങയുടെ ശ്രദ്ധയും കണ്ണും മനസ്സും എത്തേണ്ടിടത്തെല്ലാം എത്താൻ കഴിഞ്ഞുയെന്നുള്ളതാണ് ബജറ്റിലെ ഏറ്റവും പ്രധാനപ്പെട്ട കാര്യം.

സംസ്ഥാന ബജറ്റുകളെക്കുറിച്ച് നടത്തിയ ഗവേഷണ പഠനത്തിലാണ് എനിക്ക് കേരള സർവകലാശാല ഡോക്ടറേറ്റ് നൽകിയത്. അതുകൊണ്ടുതന്നെ ബജറ്റുകളെക്കുറിച്ച് ദീർഘമായി പഠിക്കാനൊരു അവസരമുണ്ടാകുകയും ചെയ്തു. ധനമാനേജ്മെന്റുകളിൽ അങ്ങ് സ്വീകരിക്കുന്ന സമീപനങ്ങളിൽ പലതും പ്രായോഗികമായ നിലപാടുകളാണെന്നത് വളരെ പ്രധാനപ്പെട്ട കാര്യം തന്നെയാണ്. നമ്മുടെ കടം, ബാധ്യത എന്നിവയെക്കുറിച്ച് തുറന്നുപറയാൻ കാണിക്കുന്ന മനസ്സും പ്രാധാന്യമർഹിക്കുന്നു. ഇവിടെയിരിക്കുന്ന 140 എം.എൽ.എ.-മാരുടെ നിയോജകമണ്ഡലങ്ങളിലും പണമില്ലെന്ന കാരണത്താൽ യാതൊരു വികസന പ്രവർത്തനങ്ങളും മാറ്റിവച്ചിട്ടില്ല. ഒരുപക്ഷേ മുമ്പോട്ടുമാറ്റിവയ്ക്കുമായിരിക്കാം, എന്നാലും പണമില്ലെന്ന കാരണം പറഞ്ഞുകൊണ്ട് ഇതുവരെ മാറ്റിവച്ചതായി എനിക്ക് തോന്നുന്നില്ല. ഏതു

വിഷയത്തെയും അതിന്റെ സമഗ്രതയോടുകൂടി കൊണ്ടുപോകാൻ കഴിയുന്ന നല്ല മാനേജ്മെന്റ് ആണെങ്കിൽ സംസ്ഥാനത്തിന്റെ വരുമാനം വർധിപ്പിക്കാൻ കഴിയും. സമയക്കുറവുനിമിത്തം ബജറ്റിന്റെ വിശദാംശത്തിലേക്ക് തൽക്കാലം ഞാൻ പോകുന്നില്ല.

ധനമാനേജ്മെന്റിലെ പ്രധാനപ്പെട്ട രണ്ടുകാര്യങ്ങളിൽ ഒന്ന് വരുമാനം വർധിപ്പിക്കാനുള്ള നിലപാടെടുത്തുവെന്നതാണ്. കഴിഞ്ഞ പ്രാവശ്യം റവന്യൂ വരവ് 1,82,972.10 കോടി രൂപയാണെങ്കിൽ ചെലവ് 2,17,558.76 കോടി രൂപയാണ്. ഈ ബജറ്റിൽ 34,586.66 കോടി രൂപ റവന്യൂ കമ്മിയാണ് രേഖപ്പെടുത്തിയിരിക്കുന്നതെങ്കിൽ കഴിഞ്ഞ പ്രാവശ്യം അത് 36889.19 കോടി രൂപയായിരുന്നു. റവന്യൂ കമ്മി കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞുവെന്നതും നേട്ടമാണ്. ഏതാണ്ട് രണ്ടായിരത്തി മുന്നൂറോളം കോടി രൂപ കുറയ്ക്കാൻ കഴിഞ്ഞുവെന്നത് ധനകാര്യ മാനേജ്മെന്റിന്റെ ഏറ്റവും പ്രധാനപ്പെട്ട സൂചകമായി എടുത്തുപറയാൻ കഴിയും. നികുതി വരുമാനത്തിന്റെ കാര്യമെടുക്കുമ്പോഴും ഇതേ അവസ്ഥതന്നെയാണ്. കഴിഞ്ഞ അഞ്ചുവർഷക്കാലത്തിനിടയിൽ ഏതാണ്ട് 1,27,247 കോടി രൂപയുടെ

അധിക വരുമാനം ഉണ്ടാക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. ധനേതരവരുമാനം 24,898 കോടി രൂപയായി വർധിച്ചു. ധനവരുമാനത്തിലും നികുതി വരുമാനത്തിലും നികുതിയേതര വരുമാനത്തിലും ഉണ്ടാക്കിയ വർധനവ് ഏകദേശം 1,57,645 കോടി രൂപയാണ്. ധനകാര്യ മാനേജ്മെന്റിനെ വിലയിരുത്തുന്നതിന് വളരെ പ്രധാനപ്പെട്ട ഘടകം വരുമാനം വർധിപ്പിക്കാനും ധനകമ്മി കുറയ്ക്കാനുമായി സ്വീകരിച്ച നിലപാടുകളാണ്.

ചരിത്രത്തിൽ ആദ്യമായിട്ടായിരിക്കും കേന്ദ്രഗവൺമെന്റ് ബജറ്റിൽ കടലാമ പ്രജനന കേന്ദ്രങ്ങളിലൂടെ വിനോദസഞ്ചാര പദ്ധതി അവതരിപ്പിക്കുന്നത്. സാക്ഷരതയുള്ള ഇത്രയും വികസിതമായ കേരളത്തിന് ലഭിച്ചത് കടലാമ പ്രജനന പദ്ധതി മാത്രമാണ്. പക്ഷേ നമുക്ക് മുന്നോട്ടുപോകാതിരിക്കാൻ കഴിയില്ല. സാധാരണക്കാരെയും പാർശ്വവൽക്കരിക്കപ്പെട്ടവരെയും തമസ്കരിക്കപ്പെട്ടവരെയും ചേർത്ത് പിടിക്കുന്ന രാഷ്ട്രീയവും നയപരവുമായ സമീപനം കേരളം എക്കാലവും സ്വീകരിക്കുന്ന നിലപാടാണ്. അതുകൊണ്ടുതന്നെ അക്കാര്യത്തിൽ പിന്നോട്ടുപോകാൻ കഴിയില്ല. ക്ഷേമ പെൻഷൻ ഉയർത്തുകയുണ്ടായി.

സമസ്തമേഖലകളിലും ലഭിക്കാനുള്ള തുക വെട്ടികുറച്ചുകൊണ്ടുള്ള കേന്ദ്രത്തിന്റെ സമീപനത്തെയും നിലപാടുകളെയും ക്ഷേമപ്രവർത്തനങ്ങളിലൂടെ പ്രതിരോധിച്ചു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ജനകീയ വികേന്ദ്രീകരണ പ്രക്രിയയിൽ ഏറ്റവും ശക്തമായി മുന്നോട്ടുകൊണ്ടുപോകാൻ ആവശ്യമായുള്ള ശ്രമങ്ങൾ നടത്തുകയുണ്ടായി. കടപ്പത്രം പുറപ്പെടുവിച്ചുകൊണ്ട് സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അവരുടെ വരുമാനത്തിൽ വർധനവ് വരുത്താനുള്ള ശ്രമങ്ങൾ നടത്തിയിരുന്നു. ഞാൻ സൂചിപ്പിച്ചത് ഇത്തരം കാര്യങ്ങളിൽ എടുത്ത സമീപനത്തെക്കുറിച്ചാണ്. സമയക്കുറവുകൊണ്ട് ഞാൻ മറ്റുകാര്യങ്ങളിലേക്ക് കടക്കുന്നില്ല.

മികച്ച ധനകാര്യ മാനേജ്മെന്റിന്റെ കാലഘട്ടമായിരുന്നു അങ്ങയുടെ കാലഘട്ടമെന്നതിൽ ഗവൺമെന്റിനും ധനകാര്യ വകുപ്പുമന്ത്രിക്കും അഭിമാനിക്കാൻ കഴിയുമെന്നുള്ള കാര്യത്തിൽ സംശയമില്ല. മറ്റുള്ളതൊക്കെ വെറും ഗിമ്മിക്കുകളാണ്. അതിനപ്പുറത്തേക്ക് ഇത്രമാത്രം വികസന പ്രവർത്തനങ്ങൾ ഉണ്ടായിരുന്ന ഒരു കാലഘട്ടം വേറെയില്ലെന്നുതന്നെ

പറയാം. ഞാൻ തമാശയായി പറയാറുണ്ട്, എന്റെ മണ്ഡലത്തിൽ ഏത് റോഡിലൂടെ പോയാലും ചായക്കപ്പെടുത്തുകൊണ്ട് കാറിൽ യാത്ര ചെയ്താൽ കപ്പ് തുളുമ്പുകയില്ലെന്ന്. അത്രമാത്രം മികച്ച BM&BC റോഡുകളാണുള്ളത്. അപൂർവ്വമായ ഒന്നോ രണ്ടോ റോഡുകളൊഴിച്ചാൽ എന്റെ നിയോജക മണ്ഡലത്തിലെ ഓരോ പഞ്ചായത്തിലെയും എല്ലാ റോഡുകളും BM&BC നിലവാരത്തിലേക്ക് ഉയർത്താൻ കഴിഞ്ഞിട്ടുണ്ട്. ഇതെല്ലാം തന്നെ സംസ്ഥാന ഗവൺമെന്റ് കാണിച്ച വലിയ പിന്തുണയുടെ ഭാഗമായാണെന്ന് ഞാൻ എടുത്തുപറയാൻ ആഗ്രഹിക്കുന്നു.

ദേശീയ പാത 47-നെ ശബരിമലയുമായി ബന്ധിപ്പിക്കാനായി നിർമിച്ച പാതയാണ് തുറവൂർ-പമ്പ പാത. ഈ തീരദേശ-മലനാട് പാത ശബരിമല തീർത്ഥാടകരുടെ യാത്രാ സമയം ഗണ്യമായി കുറയ്ക്കും. ശബരിമല തീർഥാടകൾക്ക് ഏറ്റവും പ്രയോജനപ്രദമാകുന്ന ഈ പാതയിൽ കണക്ടിവിറ്റി രൂപപ്പെടുത്തണമെന്ന് അഭ്യർഥിക്കുന്നു. ഗവൺമെന്റിന് അധികം സാമ്പത്തിക ബാധ്യത ഉണ്ടാകാത്ത ഒരു നല്ല പദ്ധതി എന്ന നിലയിൽ ഈ കാര്യങ്ങൾ അങ്ങ് പ്രഖ്യാപിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

Robert Frost-ന്റെ " I have promises to keep, And miles to go before I sleep, And miles to go before I sleep." എന്ന് പറഞ്ഞുകൊണ്ട് അവസാനിപ്പിക്കുന്ന കവിതയിൽ പറയുംപോലെ ഒരുപാട് കാതം മുന്നോട്ടുപോകാനുണ്ട്, ധാരാളം വാഗ്ദാനങ്ങൾ പാലിക്കാനുണ്ട്, ഇന്നലെകളിൽ പറഞ്ഞ വാഗ്ദാനങ്ങൾ പാലിക്കുകയും അക്ഷരാർഥത്തിൽ ജനങ്ങളുടെ മുമ്പിൽ അവതരിപ്പിക്കുകയും ചെയ്ത ഗവൺമെന്റാണ് ഇടതുപക്ഷ ഗവൺമെന്റ്. ഇത് ഇവിടം കൊണ്ട് അവസാനിക്കുന്നില്ല, ഈ യാത്ര തുടരേണ്ടതുണ്ട്. ആ യാത്രകൾ കൂടുതൽ സഫലമായ യാത്രകളായി ഇന്നലെകളിലെ പോലെ തന്നെ മുന്നോട്ടുപോകാൻ ഇടയാകട്ടെയെന്നുള്ള ആശംസകളോടെ ഒരിക്കൽക്കൂടി ഗവൺമെന്റിനെയും ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയുടെയും നിർദേശങ്ങളെ പിന്തുണച്ചുകൊണ്ട് അവസാനിപ്പിക്കുന്നു, നമസ്കാരം.

<u>ശ്രീ. പി. മമ്മിക്കുട്ടി</u>: സർ, ബഹുമാന്യനായ ധനകാര്യവകുപ്പുമന്ത്രി അവതരിപ്പിച്ച ബജറ്റ് നവകേരള സൃഷ്ടിക്ക് ഉതകുന്ന വിധത്തിലുള്ള സാമൂഹ്യ സുരക്ഷിതവും ക്ഷേമകരവും വികസനപരവുമായ കാഴ്ചപ്പാടുകളെ കൂടുതൽ

ശക്തിപ്പെടുത്തുന്നതും കേരളത്തെ മുന്നോട്ടുനയിക്കാൻ സഹായകരവുമായതിനാൽ ഈ ബജറ്റിനെ ഞാൻ പിന്താങ്ങുകയാണ്.

ഇവിടെ ബജറ്റുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യുമ്പോൾ അതിനെ ഫെയ്സ് ചെയ്യാനുള്ള മാനസികമായ അവസ്ഥയില്ലാത്തതുകൊണ്ടാണ് പ്രതിപക്ഷാംഗങ്ങൾ ഇന്ന് അസംബ്ലിയിൽനിന്ന് ഇറങ്ങിപ്പോകുവാൻ തീരുമാനിച്ചത്. ഇന്നുമാത്രമല്ല തുടർച്ചയായി അങ്ങനെതന്നെ. ജനാധിപത്യത്തിന്റെ ശ്രീകോവിൽ എന്നൊക്കെ നമ്മളെ പഠിപ്പിച്ച് ബോധ്യപ്പെടുത്താൻ ശ്രമിക്കുന്ന ആളുകളായിരുന്നു അവർ. ജനാധിപത്യത്തിന്റെ ശ്രീകോവിലിനോട് അവരെടുക്കുന്ന സമീപനം എന്താണ്, ജനാധിപത്യപരമായ ഉള്ളടക്കങ്ങളെയും ഭരണഘടനാ സംവിധാനങ്ങളെയും ജനകീയ പ്രശ്നങ്ങളെയും നിലപാടുകളെയും സംബന്ധിച്ച് വാദപ്രതിവാദം നടത്തുകയോ നയപരമായ സമീപനങ്ങൾ സമർത്ഥിക്കുകയോ ചെയ്യേണ്ട ഈ സന്ദർഭം ഉപയോഗപ്പെടുത്താതെ അവർ പ്രതിഷേധിച്ച് പോകുന്നുവെന്ന് പറഞ്ഞാൽ ഈ ആധുനിക നവകേരള സൃഷ്ടിയുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ഇടതുപക്ഷ

ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ സമീപനത്തോട് അവർക്ക് യോജിക്കാനാവില്ലെന്നാണ് അർഥം. ഇനിയും എത്രയോ വെള്ളപ്പൊക്കവും പ്രകൃതിക്ഷോഭവും കൊറോണയും നിപയുമൊക്കെ വരാനുണ്ടെന്നാണ് മുമ്പ് ഇവിടെ യു.ഡി.എഫ്-ന്റെ പ്രഗൽഭരായ നേതാക്കൾ പറഞ്ഞിരുന്നത്. അതൊക്കെ വരുമ്പോൾ അതുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഇടപെട്ടുകൊണ്ട് ഇടതുപക്ഷ ജനാധിപത്യ മുന്നണിക്കെതിരായി ജനങ്ങളെ സംഘടിപ്പിക്കാമെന്ന ഒരു വിശ്വാസത്തിലാണ് അവർ ഇരിക്കുന്നത്. പ്രകൃതിക്ഷോഭവും നിപയും കൊറോണയും വെള്ളപ്പൊക്കവുമൊക്കെ വന്നാൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അതിൽ മുങ്ങിപ്പോകുമെന്നാണ് അവർ പ്രതീക്ഷിച്ചിരുന്നത്. പക്ഷേ ഇതൊക്കയുണ്ടായ സന്ദർഭത്തിൽ കേരളീയ സമൂഹത്തെ ഒന്നടങ്കം സംരക്ഷിക്കുന്ന ഭരണപരമായ നിലപാട് മുൻനിർത്തി ഒരു കപ്പിത്താൻ കപ്പലിനെ നയിക്കുന്നതുപോലെ പ്രകൃതിക്ഷോഭത്തിൽനിന്നും കപ്പലിനെ സംരക്ഷിക്കാൻ ധീരമായ നിലപാട് കൈക്കൊണ്ട ബഹുമാനപ്പെട്ട മുഖ്യമന്ത്രി പിണറായി വിജയൻ ഈ കപ്പലിനെ ആടിയുലയാതെ ലക്ഷ്യസ്ഥാനത്തേക്ക് എത്തിച്ചു. കേരളത്തിൽനിന്നും കൊറോണ പേടിച്ചോടുകയാണുണ്ടായതെന്ന്

യു.ഡി.എഫ്.-കാർക്ക് മനസ്സിലായിട്ടില്ല. നിപ വൈറസ് വന്നപ്പോൾ അപൂർവമായി മരണം സംഭവിച്ചു, അത് ദുഃഖകരമായ കാര്യമാണ്, പക്ഷേ അവിടെ പകച്ചുനിന്നില്ല. കേരളത്തിലെ മൂന്നരക്കോടി ജനങ്ങൾക്കും നേതൃത്വപരമായ ആഹ്വാനങ്ങളും തീരുമാനങ്ങളും നൽകി ധൈര്യം പകർന്നുകൊണ്ട് ഈ കേരളത്തെ മുന്നോട്ടുനയിച്ചു. അങ്ങനെയാണ് നിപയെയും കൊറോണയെയും ഓഖിയെയും നമ്മൾ അതിജീവിച്ചത്. അതുകൊണ്ട് പ്രകൃതിക്ഷോഭം വരുമ്പോൾ അതിൽനിന്നും മുതലെടുക്കാമെന്ന് ധരിച്ച യു.ഡി.എഫ്-കാർക്ക് അവിടെയും അവരുടെ പ്രതീക്ഷ തെറ്റുകയാണ് ചെയ്തത്. കോവിഡ് വന്നപ്പോൾ അവയെ പ്രതിരോധിക്കാനാണ് നമ്മൾ ഐസൊലേഷൻ വാർഡുകൾ രൂപീകരിക്കാൻ തീരുമാനിച്ചത്. മഹാഭാഗ്യം കൊണ്ട് അതിനുശേഷം പകർച്ചവ്യാധികളൊന്നും ഉണ്ടായില്ല. പകർച്ചവ്യാധികൾ ഉണ്ടായാൽ അതിനെ നേരിടുന്നതിനുള്ള കരുത്ത് നമ്മൾ സമാഹരിച്ചു. 140 നിയോജക മണ്ഡലങ്ങളിലും നമ്മൾ ഐസൊലേഷൻ വാർഡുകൾ സ്ഥാപിക്കുകയും അതുപോലെ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടുകൾ ആരംഭിക്കുകയും ചെയ്തു. മുമ്പ് രോഗനിർണയത്തിനായി സാമ്പിളുകൾ പുനെയിലും മണിപ്പൂരിലും അയച്ച സന്ദർഭമുണ്ടായിരുന്നു. രോഗത്തിന്

കാരണമായ വൈറസ് എന്താണെന്നും ഏതാണെന്നും തിരിച്ചറിയുന്നതിനുവേണ്ടി ആലപ്പുഴയിലും കോഴിക്കോട്ടും വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടുകൾ ആരംഭിച്ചു. ഇവിടെ പ്രതിരോധമുണ്ട്, ഇതൊന്നും കേരളത്തിൽ നടക്കില്ല, ഇവിടെ അതിനെ തടയാനുള്ള സംവിധാനമുണ്ടെന്ന് പറഞ്ഞപ്പോൾ കോവിഡും നിപയുമൊക്കെ കേരളത്തെ ഉപേക്ഷിച്ചുപോയി. വെറുതെയല്ല, ഇതൊക്കെ പ്രതിരോധത്തിന്റെ ഭാഗമായാണ്. ബഹുമാനപ്പെട്ട അംഗങ്ങൾ ഇവിടെ എല്ലാ കാര്യങ്ങളും സംസാരിക്കും, ഞാൻ മറ്റ് വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. നമ്മുടെ രാജ്യത്ത് ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്തുന്ന ഏതെങ്കിലും ആശുപത്രിയുണ്ടോ, സംസ്ഥാനമുണ്ടോയെന്ന് ചോദിച്ചാൽ അതിന് മറുപടി കേരളമെന്നാണ്. അതുപോലെ കരൾ മാറ്റിവയ്ക്കുന്ന ആശുപത്രികളും അവയവങ്ങൾ മാറ്റിവയ്ക്കുന്ന ആശുപത്രികളുമുണ്ട്. പ്രൈമറി ഹെൽത്ത് സെന്റർ, സബ് സെന്റർ തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് ഞാൻ പറയുന്നില്ല. പാവപ്പെട്ട ജനങ്ങളെ ചേർത്തുപിടിച്ചുകൊണ്ടുപോകുന്ന ഒരു സംസ്ഥാനവും അതിന്റെ ഭരണവും അതിന് സഹായകരമായ നിലപാടുകൾ, സമീപനങ്ങൾ, തീരുമാനങ്ങൾ, ബജറ്റുകൾ ഇവയൊക്കെയാണ് കേരളത്തിന്റെ പൊതുവായ അവസ്ഥ.

ബഹുമാനപ്പെട്ട അംഗം ഇ. ടി. ടൈസൺ മാസ്റ്റർ പറഞ്ഞതുപോലെ ട്രഷറി പൂട്ടാത്ത അവസ്ഥ... ട്രഷറി പൂട്ടുമെന്നാണ് പ്രതിപക്ഷം കണക്കാക്കിയത്. ട്രഷറിയിൽ പൂച്ച പെറ്റുകിടക്കുമെന്ന നാണംകെട്ട വർത്തമാനം പറഞ്ഞയാളുകളാണ് ഇവർ. അവരുടെ കാലത്താണ് അങ്ങനെ ഉണ്ടായത്. ട്രഷറിയിൽ പൂച്ച പെറ്റിട്ടില്ല, ട്രഷറി പൂട്ടിയിട്ടില്ല, ഒരു ചെക്കും മടങ്ങിയിട്ടില്ല, ട്രഷറി 24 മണിക്കൂറും സജീവമായി പ്രവർത്തിക്കുന്നു.

റേഷൻ മുടങ്ങാത്ത സംസ്ഥാനമാണ് കേരളം. പ്രകൃതിക്ഷോഭവും ദുരന്തങ്ങളുമുണ്ടായാൽ റേഷൻ കടകൾ പൂട്ടും, റേഷൻ മുടങ്ങും അപ്പോൾ നമുക്ക് രാഷ്ട്രീയ മുതലെടുപ്പ് നടത്താമെന്ന് കാത്തിരുന്ന ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനെപ്പോലെയുള്ള ആളുകൾ നേതൃത്വം നൽകുന്ന പ്രതിപക്ഷനിരയെ ഇപ്പോൾ കാണ്മാനില്ല. റേഷൻ മുടങ്ങുമെന്ന് പ്രതീക്ഷിച്ചിരുന്നിട്ട് റേഷൻ മുടങ്ങിയില്ല. ഒരാളും പട്ടിണി കിടക്കാത്ത സംസ്ഥാനം, പവർ കട്ടും ലോഡ് ഷെഡിങ്ങുമില്ലാത്ത സംസ്ഥാനം, അഞ്ചര ലക്ഷത്തോളം വരുന്ന പാവപ്പെട്ടവർക്ക് കിടപ്പാടം ഒരുക്കിക്കൊടുക്കാനും അവർക്ക് അടച്ചുറപ്പുള്ള വീടുണ്ടാക്കിക്കൊടുക്കാനും സാധിച്ച സംസ്ഥാനമാണ് കേരളം. അതുപോലെ

ലക്ഷക്കണക്കിന് പട്ടയം കൊടുക്കാൻ സാധിച്ച സംസ്ഥാനമാണ്, വർഗീയ കലാപങ്ങളില്ലാത്ത സംസ്ഥാനമാണ്, ഇവയൊക്കെയാണ് കേരളത്തിന്റെ വ്യത്യസ്തതകൾ. പത്ത് വർഷക്കാലമായി വർഗീയ സംഘർഷങ്ങളോ സംഘട്ടനങ്ങളോ ഇവിടെയുണ്ടോ? ഇതൊക്കെയുണ്ടാക്കണമെന്ന് നിരന്തരമായി ആഗ്രഹമുള്ളവർ ഇല്ലാത്തതുകൊണ്ടല്ല, അവർ നിരന്തരമായി ആഗ്രഹിക്കുന്നവരാണ്, പക്ഷേ നടക്കില്ല മക്കളേ നടക്കില്ല, ഇത് കേരളമാണ്. അങ്ങനെ മതനിരപേക്ഷതയും ജനാധിപത്യ വ്യവസ്ഥയും സംരക്ഷിച്ചുകൊണ്ടും വർഗീയ കലാപങ്ങളെ തടഞ്ഞുകൊണ്ടും വർഗീയ കലാപങ്ങളില്ലാത്ത മതേതര സംസ്ഥാനമായി ഈ കേരളം മുന്നോട്ടുപോകുകയാണ്. ഇതുമായി ബന്ധപ്പെട്ട് പത്ത് വർഷം ഭരണത്തുടർച്ച പൂർത്തിയാക്കി പതിനഞ്ചാമത് വർഷത്തേക്ക് പോകുകയാണ്. അതിന്റെ അടിസ്ഥാനത്തിൽ നേരത്തെ അവതരിപ്പിക്കപ്പെട്ട ബജറ്റിൽ എല്ലാ മേഖലയിലും വർധനവ് വരുത്തിയിട്ടുണ്ട്, ഒരുമേഖലയിലും തുക വെട്ടിക്കുറച്ചിട്ടില്ല. എം.എൽ.എ.-മാരുടെ ആസ്തിവികസന ഫണ്ടിലും മറ്റ് കാര്യങ്ങളിലും വെട്ടിക്കുറവ് വരുത്തിയിട്ടില്ല. 140 എം.എൽ.എ.-മാർക്ക് നവകേരള സദസുമായി ബന്ധപ്പെട്ടുകൊണ്ട് 7 കോടി രൂപ കൊടുത്തുവെന്ന്

ധൈര്യസമേതം പ്രഖ്യാപിക്കാൻ സാധിച്ച സർക്കാരും ധനകാര്യ വകുപ്പുമല്ലേ ഇവിടെയുള്ളത്. ആസ്തിവികസന ഫണ്ടും മറ്റ് വികസന ഫണ്ടുകൾക്കും അതുമായി ബന്ധപ്പെട്ട വികസനപ്രവർത്തനങ്ങൾക്കും മുടക്കം വന്നിട്ടില്ല. എല്ലാ മേഖലകളിലും കിഫ്ബി പദ്ധതി, ആർ.കെ.ഐ (Rebuild Kerala Initiative) പദ്ധതി എന്നിവയിലൂടെ വലിയ വികസനപ്രവർത്തനങ്ങളല്ലേ നടക്കുന്നത്; ഞാൻ ഇവ ഓരോന്നിന്റെയും കഥകൾ പറയുന്നില്ല. എന്റെ മണ്ഡലമായ ഷൊർണ്ണൂരിൽ കിഫ്ബി പദ്ധതിയിലൂടെ 120 കോടി രൂപയുടെയും  ആർ.കെ.ഐ പദ്ധതിയിലൂടെ 80 കോടി രൂപയുടെയും പ്രവർത്തനങ്ങൾ നിലവിലുണ്ട്, കൂടാതെ സ്കൂൾ, ആശുപത്രി കെട്ടിടങ്ങൾ തടയണകൾ തുടങ്ങിയവയ്ക്കൊക്കെ പണമുണ്ട്. ഇവയൊന്നും ഞാൻ വിശദീകരിക്കുന്നില്ല. പണം നൽകാതെ നമ്മളെ പ്രയാസപ്പെടുത്തുന്നുമില്ല.

കേന്ദ്ര വിഹിതം നമുക്ക് നിഷേധിക്കപ്പെടുമ്പോൾ അതിനുവേണ്ടി ഒരു വർത്തമാനം പോലും പറയാൻ കഴിയാത്തവിധമുള്ള യു.ഡി.എഫ്.-കാരില്ലേ? കേന്ദ്രവിഹിതം പടിപടിയായി കുറച്ചുകൊണ്ടുവരികയാണ്, കേന്ദ്ര വിഹിതം വെട്ടിക്കുറയ്ക്കുകയും അർഹതപ്പെട്ട ഗ്രാന്റുകൾ നമുക്ക് നൽകാതിരിക്കുകയും

ചെയ്യുകയാണ്, കേന്ദ്രവിഹിതവും ആനുകൂല്യങ്ങളും കുറഞ്ഞുവരുമ്പോൾ സംസ്ഥാന സർക്കാർ സ്വീകരിച്ച നിലപാടിന്റെ അടിസ്ഥാനത്തിൽ വിഭവ സമാഹരണത്തിലൂടെയും നികുതി ശരിയായ രീതിയിൽ പിരിച്ചെടുത്ത് വരുമാനം വർധിപ്പിച്ചതിന്റെയും അടിസ്ഥാനത്തിൽ നമ്മൾ മുന്നോട്ടുപോകുകയാണ്. കൺട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെയും മറ്റ് ഔദ്യോഗിക ഭാഷ്യങ്ങളുടെയും കണക്കിന്റെ അടിസ്ഥാനത്തിൽ കേരളം മുന്നോട്ടുതന്നെയാണ്. കടക്കെണിയിലല്ല, കേരളം കുതിക്കുക തന്നെയാണ്. പക്ഷേ അതൊന്നും അംഗീകരിക്കാൻ പ്രതിപക്ഷത്തിന് കഴിയില്ല. കേരളം തകരണം, ദുർബലപ്പെടണം, മോശപ്പെടണം, കുത്തുപാളയെടുക്കണമെന്നല്ലേ?

കേന്ദ്രം അവതരിപ്പിച്ച ബജറ്റിനെ സംബന്ധിച്ച് ഞാൻ വിശദീകരിക്കുന്നില്ല. നമ്മൾ ഹൈ സ്പീഡ് റെയിൽ വേണം, മണിക്കൂറിൽ 500 കി.മീ. വേഗതയിൽ യാത്ര ചെയ്യാൻ കഴിയുന്ന ട്രെയിൻ വേണമെന്നുപറയുമ്പോൾ നമ്മുടെ സംസ്ഥാനത്തെ അപമാനിക്കുകയല്ലേ കേന്ദ്രം ചെയ്തത്? ഹൈസ്പീഡ് വേണ്ട, ആമമുട്ട പ്രജനന പദ്ധതി നൽകിയതാണ് അതിന് ഉദാഹരണം. ഏറ്റവും കുറഞ്ഞ വേഗതയിൽ സഞ്ചരിക്കുന്നതാണ് ആമ. ഹൈസ്പീഡ് ട്രെയിൻ ആവശ്യപ്പെടുമ്പോൾ

ആമയെ നൽകിക്കൊണ്ട് നമ്മളെ അപമാനിക്കുന്ന ഒരു സമീപനമാണ് കേന്ദ്രം സ്വീകരിച്ചത്. അതുകൊണ്ട് കേന്ദ്രത്തിന്റെ വിരുദ്ധമായ നിലപാടും ചിറ്റമ്മ നയവും യു.ഡി.എഫ്.-ന്റെ അനുകൂലമല്ലാത്ത അവസ്ഥയും, ബി.ജെ.പി.-യെ സപ്പോർട്ട് ചെയ്യുന്ന അവരുടെ നിലപാടും തുടങ്ങിയ കാര്യങ്ങൾക്കുള്ളിൽനിന്നുകൊണ്ടാണ് പത്താമത് വർഷം പൂർത്തിയാക്കാൻ പോകുന്നത്. കഴിഞ്ഞ വർഷത്തേക്കാൾ പതിന്മടങ്ങ് തുക വർധിപ്പിച്ചുകൊണ്ട് അങ്കണവാടി, കുടുംബശ്രീ പ്രേരക്, ഉച്ചഭക്ഷണം പാകം ചെയ്യുന്നവർ തുടങ്ങി എല്ലാ മേഖലകളിലും, ആരെയാണ് ഈ ഗവൺമെന്റ് തലോടാതെയും പരിഗണിക്കാതെയും സംരക്ഷിക്കാതെയും പോകുന്നത്. ഈ മേഖലയിൽ നടത്തുന്ന ഇത്തരത്തിലുള്ള കാര്യങ്ങൾക്കായി വലിയ കാഴ്ചപ്പാടോടുകൂടി കേരള ഗവൺമെന്റ് ബജറ്റ് അവതരിപ്പിച്ചിട്ടുണ്ട്. ഈ ബജറ്റ് വച്ചുകൊണ്ട് കേരളത്തിൽ നാം പ്രതീക്ഷിക്കുന്നതിനേക്കാൾ വലിയ രൂപത്തിലുള്ള ഒരു കുതിച്ചുചാട്ടമുണ്ടാക്കാൻ കഴിയുമെന്നാണ് ഈ സമയത്ത് പറയാനുള്ളത്.

എന്റെ മണ്ഡലത്തിൽ ICCONS (Institute for Communicative and Cognitive Neurosciences) എന്ന ഒരു സ്ഥാപനമുള്ള കാര്യം ബഹുമാനപ്പെട്ട

ധനകാര്യ വകുപ്പുമന്ത്രിക്ക് അറിയാം. ഇതിനുവേണ്ടി പ്ലാൻ ഫണ്ടിൽ 10 കോടി രൂപ അനുവദിച്ചിട്ടുള്ള കാര്യം വളരെ നല്ലതാണ്. എന്നാൽ കഴിഞ്ഞ പത്ത് പതിനഞ്ച് വർഷമായി ഇവിടെ താൽക്കാലിക വേതനാടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്നയാളുകൾക്ക് ശമ്പള പരിഷ്കരണം ലഭിക്കുന്നില്ലായിരുന്നു. അവർക്ക് കഴിഞ്ഞ മാസം 3 കോടി രൂപയോളം ശമ്പളപരിഷ്കരണത്തിനായി അനുവദിച്ചിട്ടുണ്ട്. പ്ലാൻ ഫണ്ടിനുപുറമേ നോൺ പ്ലാൻ ഫണ്ടിൽ രണ്ടരയോ മൂന്നോ കോടി രൂപയെങ്കിലും നൽകിയാൽ മാത്രമേ ടി ശമ്പള പരിഷ്കരണം തുടർന്നും അവർക്ക് ലഭ്യമാക്കാൻ സാധിക്കുകയുള്ളൂ, അതുകൊണ്ട് നോൺ പ്ലാൻ ഫണ്ടിൽ കുറച്ച് തുക അനുവദിച്ചുനൽകണമെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് വിനയപൂരസരം അഭ്യർഥിച്ചുകൊണ്ട് ഈ ബജറ്റുമായി ബന്ധപ്പെട്ട എല്ലാ സമീപനങ്ങളെയും നിലപാടുകളെയും ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. കെ. ആൻസലൻ: സർ, ഞാൻ ഈ ബജറ്റിനെ പിന്തുണയ്ക്കുകയാണ്. നമ്മുടെ സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് ശക്തമായ അടിത്തറ പാകുന്നത് മാത്രമല്ല സാധാരണ

ജനങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിന് ലക്ഷ്യമിട്ട ബജറ്റാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ചത്. എന്റെ മണ്ഡലത്തിലെ രണ്ട് വിഷയങ്ങൾ സൂചിപ്പിച്ചുകൊണ്ട് പ്രസംഗത്തിലേക്ക് കടക്കാം. നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലുൾപ്പെടുന്ന പൊഴിയൂർ എന്ന പ്രദേശം വിഴിഞ്ഞം ഹാർബറിന്റെ ഭാഗമായി മത്സ്യബന്ധനത്തിന് ഏറ്റവും കൂടുതൽ സാധ്യതയുള്ള കടലോര പ്രദേശമാണ്. ദീർഘകാലത്തെ ആവശ്യമായിരുന്ന പൊഴിയൂരിലെ മത്സ്യബന്ധന തുറമുഖം യാഥാർത്ഥ്യമാകുന്നതിന് തുടക്കം കുറിക്കാൻ കഴിഞ്ഞു. 2024-25 ബജറ്റിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇതിന്റെ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കാൻ 5 കോടി രൂപ അനുവദിക്കുകയും ഇപ്പോൾ അതിന്റെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കപ്പെടുകയുമാണ്. ഏകദേശം 360 കോടിയോളം രൂപയുടെ ഈ പ്രൊജക്ട് കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളുടെ സംയുക്ത സംരംഭമാണ്. ഈ പ്രവർത്തനങ്ങളുടെ നടപടികൾ വേഗത്തിൽ നടക്കുകയാണ്. തുടർപ്രവർത്തനങ്ങൾക്കാവശ്യമായ ഫണ്ട് സംബന്ധിച്ച് അദ്ദേഹത്തിന്റെ മറുപടി പ്രസംഗത്തിൽ വ്യക്തമാക്കണമെന്ന് ഈ ഘട്ടത്തിൽ അഭ്യർത്ഥിക്കുകയാണ്. മറ്റൊരു പ്രധാനപ്പെട്ട വിഷയം നെയ്യാറ്റിൻകരയുടെ

ഭാഗത്തുകൂടി കടന്നുപോകുന്ന അന്തർസംസ്ഥാന റോഡായ കരമന-കളിയിക്കാവിള പാതയാണ്. ആ പാതയുടെ പ്രവർത്തനത്തിന് നൂറുശതമാനം തുകയും വിനിയോഗിച്ചുകൊണ്ടിരിക്കുന്നത് സംസ്ഥാന സർക്കാരാണ്. കേന്ദ്ര സർക്കാരിന്റെ ദേശീയപാത വികസന പദ്ധതിയുമായി ബന്ധപ്പെട്ട് ഇതുവരെ നടന്ന വികസന പ്രവർത്തനങ്ങൾക്ക് ഫണ്ട് ലഭ്യമാക്കിയത് സംസ്ഥാന സർക്കാരാണ്. കഴിഞ്ഞ ബജറ്റിന്റെ മറുപടി പ്രസംഗത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി 200 കോടി രൂപയാണ് ആ പദ്ധതിക്കുവേണ്ടി അനുവദിച്ചത്. അതിൽ 100 കോടിയോളം രൂപ ഉപയോഗപ്പെടുത്തിക്കൊണ്ട് കൊടിനട മുതൽ വഴിമുക്ക് വരെയുള്ള ഭൂവുടമകൾക്ക് നഷ്ടപരിഹാര തുക നൽകുന്ന പ്രവർത്തനങ്ങൾ പൂർത്തിയാക്കപ്പെടുകയാണ്. ബാക്കി വഴിമുക്ക് മുതൽ കളിയിക്കാവിള വരെയുള്ള 17 കിലോമീറ്ററിൽ ചില നിർമ്മാണവുമായി ബന്ധപ്പെട്ടുകൊണ്ട് ഒറ്റ റീച്ചിൽ ഏകദേശം 1000 മുതൽ 1700 കോടിയോളം രൂപ ചെലവുവരുന്നതാണ്. ആ പ്രവർത്തനങ്ങൾക്ക്

ധനകാര്യവകുപ്പിന്റെ നല്ലനിലയിലുള്ള പിന്തുണയുണ്ടാകണമെന്നും തുടർപ്രവർത്തനം വേഗത്തിലാക്കണമെന്നുമാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഇന്നലെ കേന്ദ്ര ബജറ്റ് അവതരിപ്പിക്കപ്പെട്ടു. കേരളത്തോട് കാണിച്ച അവഗണനയെക്കുറിച്ച് പ്രിയപ്പെട്ട അംഗങ്ങൾ ഇവിടെ സൂചിപ്പിച്ചു. ആരോഗ്യം, വിദ്യാഭ്യാസം, സാമൂഹ്യക്ഷേമം, കൃഷി, ഗ്രാമവികസനം, നഗരവികസനം, എസ്.സി./എസ്.ടി. ക്ഷേമം, ജൽ ജീവൻ മിഷൻ, പ്രധാനമന്ത്രി ആവാസ് യോജന (PMAY), വനിതാക്ഷേമ പദ്ധതി തുടങ്ങിയ എല്ലാ ക്ഷേമപ്രവർത്തനങ്ങളിൽ നിന്നും കേന്ദ്രം തുക വെട്ടിക്കുറയ്ക്കുകയാണ്. ജൽ ജീവൻ മിഷൻ പദ്ധതിയെ സംബന്ധിച്ച് നാട്ടിലെ ബി.ജെ.പി-ക്കാരെല്ലാം ബോർഡ് വച്ചിട്ട് കേന്ദ്ര സർക്കാരാണ് കുടിവെള്ളം എത്തിക്കുന്നതെന്ന രൂപത്തിൽ തെറ്റായ പ്രചാരണം നടത്തുകയാണ്. ജൽ ജീവൻ പദ്ധതിയുടെ കേന്ദ്രവിഹിതം 45 ശതമാനം മാത്രമാണ്. ആ പദ്ധതി തുടങ്ങിവച്ചിട്ട് ഈ വർഷം തന്നെ 50,000 കോടി രൂപ വെട്ടിക്കുറച്ചിട്ടുണ്ടെന്ന് നാം ഓർക്കേണ്ടതായിട്ടുണ്ട്. ഞാൻ നേരത്തെ സൂചിപ്പിച്ച വനിതാക്ഷേമ പദ്ധതികളുൾപ്പെടെയുള്ള

പദ്ധതികൾക്കുവേണ്ടി കേന്ദ്രം നൽകിയ തുകയിൽനിന്ന് 2,28,000 കോടി രൂപയാണ് വെട്ടിക്കുറച്ചത്. ഇത് നമ്മുടെ സംസ്ഥാനത്തെ ക്ഷേമപ്രവർത്തനങ്ങളെയും സാധാരണ വികസന പ്രവർത്തനങ്ങളെയും വലിയരീതിയിൽ ബാധിക്കാൻ പോവുകയാണ്. അവിടെയാണ് ശ്രീ. കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ച ബജറ്റിന്റെ പ്രത്യേകത. ക്ഷേമ പെൻഷൻ നൽകുന്നതിനുവേണ്ടി ഒരു സംസ്ഥാനം ഒരു വർഷത്തേയ്ക്ക് 14,500 കോടി രൂപ മാറ്റിവച്ചു. അത് ഗ്യാരന്റിയാണ്. എല്ലാ മാസവും അറുപത്തിരണ്ട് ലക്ഷം പേർക്ക് 2000 രൂപ വീതം ക്ഷേമ പെൻഷൻ ലഭിക്കുമെന്നുള്ള ഉറപ്പ് ഈ ബജറ്റ് വഴി പ്രഖ്യാപിക്കപ്പെട്ടു. പുതിയൊരു ബാധ്യത ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സ്ത്രീ സുരക്ഷാ പദ്ധതിയാണ്. മുപ്പത്തിയൊന്നര ലക്ഷത്തോളം വരുന്ന പ്രിയപ്പെട്ട സഹോദരിമാർക്ക് 3,720 കോടി രൂപയാണ് അനുവദിച്ചത്. തൊഴിലില്ലാത്ത 18-നും 30-നും ഇടയിൽ പ്രായമുള്ളതും അഞ്ചുലക്ഷം രൂപയോ അതിൽക്കുറവോ വാർഷിക വരുമാനവുമുള്ള കുടുംബങ്ങളിലെ യുവതീയുവാക്കൾക്ക് ധനസഹായം നൽകുന്ന പദ്ധതിക്കായി 400

കോടിയിലധികം രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. 19470 കുടുംബശ്രീ എ.ഡി.എസ്.-കൾക്ക് അവരുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് പ്രതിമാസം 1000 രൂപ പ്രവർത്തന മൂലധനമായി നൽകാൻ തീരുമാനിച്ചു. അങ്കണവാടി അധ്യാപകർ, ഹെൽപ്പർമാർ, ആശാ വർക്കർമാർ, സ്കൂൾ പാചകത്തൊഴിലാളികൾ, സാക്ഷരതാ പ്രേരക്മാർ തുടങ്ങിയവരുടെ ഓണറേറിയം വർധിപ്പിക്കാൻ തീരുമാനിച്ചു. ഇത്തരത്തിൽ എല്ലാ മേഖലയിലും ഈ സർക്കാരിന്റെ പ്രവർത്തനം നമുക്ക് കാണാൻ കഴിഞ്ഞിട്ടുണ്ട്. സർക്കാർ ജീവനക്കാർക്ക് ശമ്പളപരിഷ്കരണവും കുടിശ്ശികയും അനുവദിക്കുന്നതോടൊപ്പം കേരളത്തിലെ അയ്യായിരത്തിലധികംവരുന്ന ഓട്ടോ സ്റ്റാൻഡുകളിൽ മഴയത്തും വെയിലത്തും കാവലിരുന്ന് അൻപതോ നൂറോ രൂപയ്ക്ക് ഓട്ടം കിട്ടുന്നതിനുവേണ്ടി സമയം ചെലവഴിക്കുന്ന ലക്ഷക്കണക്കിനുവരുന്ന ഓട്ടോറിക്ഷാ ഡ്രൈവർമാരെപ്പോലും കരുതലോടുകൂടി കണ്ട ഒരു ബജറ്റാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബജറ്റ്. അതുകൊണ്ടുതന്നെ ഈ ബജറ്റ് കൂടുതൽ ജനകീയമാണ്. ബജറ്റ്

അവതരിപ്പിച്ച് കഴിഞ്ഞപ്പോൾ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും പ്രതിപക്ഷ അംഗങ്ങളും പറഞ്ഞത് ഇതെല്ലാം തട്ടിപ്പാണെന്നും പുതുക്കിയ ബജറ്റ് ഞങ്ങൾ അധികാരത്തിൽ വന്നാൽ അവതരിപ്പിക്കുമെന്നുമാണ്. അത് അവരുടെ മോഹമാണ്. ആ മോഹവും സ്വപ്നവുമായാണ് കേരളത്തിലെ പ്രതിപക്ഷം ഇപ്പോൾ സഞ്ചരിച്ചുകൊണ്ടിരിക്കുന്നത്. കേന്ദ്രത്തിൽനിന്ന് ഈ കാര്യങ്ങൾ ചോദിച്ചുവാങ്ങാൻ കരുത്തില്ലാത്ത സർക്കാരാണ് കേരളത്തിലെ സർക്കാർ എന്നാണ് ഇന്നലെ കേരളത്തിലെ പ്രതിപക്ഷ ഉപനേതാവ് കേന്ദ്ര ബജറ്റിനോട് പരിഹാസരൂപേണ പ്രതികരിച്ചത്. ഒന്നാലോചിക്കു പ്രിയപ്പെട്ട കുഞ്ഞാലിക്കുട്ടി സാഹിബേ, കേന്ദ്രം കേരളത്തോട് അവഗണന നടത്തുന്നുണ്ട്, പദ്ധതിവിഹിതം വെട്ടിക്കുറയ്ക്കുന്നുണ്ട്, നമുക്ക് ലഭിക്കേണ്ട ഗ്രാന്റുകൾ നൽകുന്നില്ല, കടമെടുക്കാനുള്ള പരിധിയിൽനിന്ന് നമ്മെ പിടിച്ചുകെട്ടുന്നു; കേരളത്തിലെ വികസനപ്രവർത്തനങ്ങളെ കേന്ദ്രം ദുഷ്ടലാക്കോടുകൂടി കൈകാര്യം ചെയ്യുന്നു എന്ന് പറഞ്ഞ് നിരന്തരമായി സമരങ്ങളും പ്രമേയങ്ങളും ഈ നിയമസഭയ്ക്കകത്ത്

പാസ്സാക്കുമ്പോഴെല്ലാം കേന്ദ്രത്തിന് ഒളിഞ്ഞും തെളിഞ്ഞും പിന്തുണ നൽകിയ ഒരു പ്രതിപക്ഷമാണ് ഇപ്പോൾ ഈ രൂപത്തിലുള്ള പ്രതികരണം നടത്തിയിട്ടുള്ളത്. നമ്മുടെ സംസ്ഥാനം കഴിഞ്ഞ പത്തുവർഷക്കാലം ലക്ഷ്യമിട്ടിരുന്ന നേട്ടങ്ങൾ ചെറുതല്ല. രാജ്യവും ലോകവും ശ്രദ്ധിക്കുന്ന ഒട്ടനവധി അഭിമാനകരമായ നേട്ടത്തിലേക്കാണ് കേരളത്തെ ഇടതുപക്ഷ ജനാധിപത്യമുന്നണി കൊണ്ടെത്തിച്ചത്. നീതി ആയോഗിന്റെ സുസ്ഥിര വികസന സൂചികയിൽ ഇപ്പോഴും കേരളമാണ് ഒന്നാം സ്ഥാനത്ത്. പബ്ലിക് അഫയേഴ്സിലും കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റ ശ്രേഷ്ഠ സൂചികയിലും ഒന്നാമതാണ് നമ്മുടെ കേരളം. നീതി ആയോഗിന്റെ കണക്കിൽ ഏറ്റവും കുറവ് ദരിദ്രരുള്ള സംസ്ഥാനം ഈ കൊച്ചു കേരളമാണ്. ഇന്ത്യ ടുഡേയുടെ ഹാപ്പിനെസ്സ് സർവെയിൽ കേരളം ഒന്നാമതാണ്. നീതി ആയോഗിന്റെ ആരോഗ്യ സൂചികയിലും നാലുവർഷമായി തുടർച്ചയായി ഒന്നാമതാണ് കേരളം. നീതി ആയോഗിന്റെ സംസ്ഥാന ഊർജ്ജ കാലാവസ്ഥാ സൂചികയിൽ രണ്ടാമതാണ് കേരളം. രാജ്യത്തെ ആദ്യത്തെ സൂപ്പർ ഫാബ് ലാബും

ഡിജിറ്റൽ സർവകലാശാലയും ഗ്രാഫീൻ ഇന്നവേഷൻ സെന്ററും ഡിജിറ്റൽ സയൻസ് പാർക്കും വാട്ടർ മെട്രോയും കേരളത്തിലാണ്. ഡിജിറ്റൽ വർക്ക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം (DWMS)-ന് ഡിജിറ്റൽ ഇന്ത്യ പ്ലാറ്റിനം ഐക്കൺ അവാർഡ് ലഭിച്ചത് കേരളത്തിനാണ്. ദേശീയപാതയ്ക്ക് രാജ്യത്താദ്യമായി 5,580 കോടി രൂപ അനുവദിച്ച ഏക സംസ്ഥാനവും സമ്പൂർണ്ണ ഭവന വൈദ്യുതീകരണം നടപ്പാക്കിയ ഇന്ത്യയിലെ ഏക സംസ്ഥാനവും കേരളമാണ്. വിദ്യാഭ്യാസത്തിനായി സ്കൂളുകളുടെ ആധുനികവൽക്കരണത്തിന് മൂവായിരം കോടി രൂപ ചെലവഴിച്ച ഏക സംസ്ഥാനവും ഇന്റർനെറ്റ് സൗകര്യം ജനങ്ങളുടെ അവകാശമായി പ്രഖ്യാപിച്ച ആദ്യ സംസ്ഥാനവും സൗജന്യവും മികവുമായ നിരക്കിൽ ബ്രോഡ്ബാൻഡ് കണക്ഷൻ നൽകുന്ന കെ-ഫോൺ പദ്ധതി നടപ്പാക്കിയതും കേരളമാണ്. ആരോഗ്യരംഗത്തടക്കം നടത്തിയിട്ടുള്ള ഒട്ടനവധി പ്രവർത്തനങ്ങൾ നമ്മൾ കാണേണ്ടതായിട്ടുണ്ട്. കൊച്ചുകുട്ടികൾ മുതൽ വയോജനങ്ങൾവരെയുള്ള കേരളത്തിലെ മൂന്നരക്കോടിയോളം വരുന്ന മനുഷ്യരുടെ

ക്ഷേമപ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്ന ഒരു സർക്കാരായി കേരളത്തിലെ ഇടതുപക്ഷ സർക്കാർ മാറിയിട്ടുണ്ട്. ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് ഡോ. ടി. എം. തോമസ് ഐസകും അതിനുശേഷം ആറ് ബജറ്റുകൾ അവതരിപ്പിച്ചത് ശ്രീ. കെ.എൻ.ബാലഗോപാലുമാണ്. ഈ ബജറ്റുകൾ കേരളത്തിലെ ജനങ്ങളുടെ മുമ്പിലേക്ക് സമർപ്പിച്ച ഒരു പബ്ലിക് ഡോക്യുമെന്റ് എന്ന രൂപത്തിൽ കേരളത്തിലെ വികസനപ്രവർത്തനങ്ങളെ മുന്നോട്ടുകൊണ്ടുപോകുകയാണ്. അതുകൊണ്ട് പ്രതിപക്ഷം എന്തോ മനസ്സിൽ കണ്ട് മലർപ്പൊടിക്കാരന്റെ സ്വപ്നം പോലെ ഊഹിക്കുകയാണ്. കേരളത്തിൽ അധികാരത്തിൽ വരാമെന്നത് സംബന്ധിച്ച് പ്രതീക്ഷകൾ നൽകുന്ന ചില കണക്കുകൾ വച്ചുകൊണ്ടാണ് അവർ നീങ്ങുന്നത്. തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് കുറച്ച് ക്ഷീണം വന്നിട്ടുണ്ട്. പ്രാദേശിക തിരഞ്ഞെടുപ്പിന്റേതായ വിവിധങ്ങളായിട്ടുള്ള പ്രശ്നങ്ങൾ തിരഞ്ഞെടുപ്പ് പരാജയത്തെ ബാധിച്ചിട്ടുണ്ട്. അതെല്ലാം കൃത്യമായി

പരിശോധിച്ചുകൊണ്ട് ആ പിഴവുകൾ നികത്തി നാം മുന്നോട്ടുപോകുകയാണ്. ഒരുപക്ഷേ കേരളത്തിലെ തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പിന്റെ ഏറ്റവും വലിയ തിരിച്ചടി ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് നേരിടേണ്ടിവന്നത് 2010-ലെ തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പിലായിരുന്നു. അന്ന് ആകെയുള്ള 14 ജില്ലാ പഞ്ചായത്തുകളിൽ 8 ജില്ലാ പഞ്ചായത്ത് യു.ഡി.എഫ്.-നായിരുന്നു. ആകെയുള്ള 152 ബ്ലോക്ക് പഞ്ചായത്തുകളിൽ 91 ബ്ലോക്ക് പഞ്ചായത്ത് യു.ഡി.എഫ്.-നായിരുന്നു. കേരളത്തിലെ 57 മുനിസിപ്പാലിറ്റികളിൽ കേവലം 17 മുനിസിപ്പാലിറ്റികളിൽ മാത്രമാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് വിജയിക്കാൻ കഴിഞ്ഞത്. ആകെയുള്ള 978 ഗ്രാമപഞ്ചായത്തുകളിൽ 601 ഗ്രാമപഞ്ചായത്തുകളിൽ യു.ഡി.എഫ്.-നാണ് വിജയിക്കാൻ കഴിഞ്ഞിട്ടുള്ളത്. അങ്ങനെ വലിയ തിരിച്ചടികൾ നേരിട്ട ഘട്ടത്തിനുശേഷം 2011-ലെ നിയമസഭാ തിരഞ്ഞെടുപ്പിൽ 68 സീറ്റുമായി ഇടതുപക്ഷം കരുത്ത് വർധിപ്പിച്ചു. പാറശ്ശാലയിൽ 515 വോട്ടിനും മണന്നൂരിൽ 303 വോട്ടിനും പിറവത്ത് ടി. എം. ജേക്കബ് 153

വോട്ടിനും എന്നിങ്ങനെ ഏകദേശം ആയിരത്തിനുതാഴെ വോട്ടിനാണ് ഇടതുപക്ഷത്തിന് വി.എസ്. സർക്കാരിന്റെ കാലത്ത് തുടർഭരണം നഷ്ടമായത്. പ്രിയമുള്ളവരെ, 2024-ലെ പാർലമെന്റ് തിരഞ്ഞെടുപ്പിൽ കേവലം 19 നിയമസഭാ സീറ്റുകളിൽ മാത്രമാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് മേൽക്കൈ ഉണ്ടായിരുന്നത്. 110 സീറ്റുകളിലും യു.ഡി.എഫ്.-നാണ് മേൽക്കൈ ഉണ്ടായിരുന്നത്. ഇക്കഴിഞ്ഞ തിരഞ്ഞെടുപ്പിന്റെ റിസൾട്ട് വന്നതിനുശേഷം വിവിധ നിലവാരത്തിലുള്ള കണക്കുകൾ സൂചിപ്പിച്ചുകൊണ്ട് 58 മുതൽ 64 സീറ്റുവരെ ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് മേൽക്കൈ ഉണ്ടെന്നാണ് സൂചിപ്പിക്കപ്പെടുന്നത്. പാർലമെന്റ്/തദ്ദേശസ്വയംഭരണ/നിയമസഭാ തിരഞ്ഞെടുപ്പുകളുടെ കോൺസെപ്റ്റ് വെവ്വേറെയാണ്. ആളുകൾ വ്യത്യസ്തമായ രൂപത്തിലാണ് തിരഞ്ഞെടുപ്പിനെ സമീപിക്കുന്നത്. പത്തുവർഷക്കാലം പൂർത്തിയാക്കുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ആദ്യത്തെ മുദ്രാവാക്യം 'അഴിമതിരഹിത വികസിത കേരളം' എന്ന ഫലപ്രദമായ ക്യാപ്ഷൻ

ഉപയോഗപ്പെടുത്തിക്കൊണ്ടാണ് കേരളത്തിലെ വോട്ടർമാരെ സമീപിച്ചത്. കേരളത്തിലെ നിയമസഭയ്ക്കകത്ത് പ്രതിപക്ഷത്തിന് അന്തസ്സും ആർജ്ജവവുമുണ്ടെങ്കിൽ, കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഒന്നാം സർക്കാരിലെയും രണ്ടാം സർക്കാരിലെയും മന്ത്രിമാർക്കെതിരെ ഏതെങ്കിലുമൊരു അഴിമതിക്കേസ് രജിസ്റ്റർ ചെയ്ത് കോടതിയിൽ തെളിയിക്കാൻ ഈ നാണംകെട്ട പ്രതിപക്ഷത്തിന് കഴിഞ്ഞിട്ടില്ലെന്ന് നിങ്ങളോർക്കേണ്ടതുണ്ട്. ഇക്കാര്യം ഞാൻ വെല്ലുവിളിച്ചുകൊണ്ടാണ് പറയുന്നത്. പൊതുകടം കുറച്ചുകൊണ്ട് കേന്ദ്രം നമ്മളെ വരിഞ്ഞുമുറുക്കുമ്പോഴും കേരളത്തിലെ മന്ത്രിമാർ അഴിമതിക്കെതിരായ നിലപാട് സ്വീകരിച്ചുകൊണ്ടും ചെലവ് ചുരുക്കിക്കൊണ്ടും ആർഭാടങ്ങൾ ഒഴിവാക്കിക്കൊണ്ടും കേരളത്തിന്റെ വരുമാനം വർധിപ്പിച്ചുകൊണ്ടും കേരളത്തിലെ റവന്യൂ കമ്മി കുറച്ചുകൊണ്ടും സമസ്തമേഖലയിലും ജനങ്ങളാഗ്രഹിക്കുന്ന വികസന/ക്ഷേമ പ്രവർത്തനങ്ങളുമായി മുന്നോട്ടുകൊണ്ടുപോകുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ

നേതൃത്വത്തിലുള്ള മൂന്നാം സർക്കാർ കേരളത്തിൽ അധികാരത്തിൽ വരും. ശ്രീ. കെ. എൻ. ബാലഗോപാൽ പ്രഖ്യാപിച്ച ജനക്ഷേമകരമായിട്ടുള്ള വികസനപ്രവർത്തനങ്ങളുമായി ഭാവിയിലും ഈ സർക്കാർ മുന്നോട്ടുപോകുമെന്ന് ഉറപ്പുണ്ട്. അതിനാവശ്യമായ നടപടികൾ ഉൾക്കൊള്ളുന്ന ഒരു ബജറ്റാണ് അദ്ദേഹം അവതരിപ്പിച്ചത്. ഈ ബജറ്റിന് എല്ലാവിധ പിന്തുണയും നൽകിക്കൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ</u>: സർ, 2026-27 സാമ്പത്തിക വർഷത്തേക്കുള്ള കേരളത്തിന്റെ സാമൂഹ്യ വികാസത്തിനും ജനക്ഷേമ പ്രവർത്തനങ്ങൾക്കും ഊന്നൽ നൽകുന്ന ബജറ്റ് അവതരിപ്പിച്ച ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാലിനെ പ്രത്യേകമായി ഞാൻ അഭിനന്ദിക്കുന്നു. ഇക്കഴിഞ്ഞ ഫെബ്രുവരി ഒന്നിന് കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി ശ്രീമതി നിർമലാ സീതാരാമൻ പാർലമെന്റിൽ കോർപ്പറേറ്റ് അനുകൂലവും തികച്ചും ജനവിരുദ്ധവുമായ ബജറ്റ് അവതരിപ്പിച്ച പശ്ചാത്തലത്തിലും അതിന്റെ തുടർച്ചയിലുമാണ് നമ്മുടെ ബജറ്റ് ചർച്ചയ്ക്ക് ഈ

സഭ സാക്ഷ്യം വഹിക്കുന്നത്. കേന്ദ്ര ബജറ്റ് കേരളത്തോട് കടുത്ത അവഗണനയും വിവേചനവുമാണ് പ്രകടിപ്പിച്ചിട്ടുള്ളത്. കേന്ദ്ര സർക്കാർ ശത്രു രാജ്യത്തിലെ ജനങ്ങളോടെന്നപോലെയാണ് കേരളത്തിലെ ജനതയോട് പെരുമാറുന്നത്. ഇന്ത്യയുടെ ഭാഗമാണ് കേരളം എന്ന കാര്യം കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി ബോധപൂർവ്വം വിസ്മരിക്കുകയാണ്. ദീർഘകാലമായി ആവശ്യപ്പെട്ടിരുന്ന All India Institute of Medical Sciences (AIIMS) നമുക്ക് ലഭിച്ചില്ല, റെയിൽവേ വികസനത്തിനായി കേരളത്തെ സഹായിച്ചില്ല, വിഴിഞ്ഞം തുറമുഖ വികസനത്തിനുള്ള പ്രത്യേക പാക്കേജ് അനുവദിച്ചില്ല, കേരളത്തിനുള്ള ഫിനാൻസ് കമ്മീഷന്റെ വിഹിതം ഉയർത്തണമെന്നുള്ള നമ്മുടെ ആവശ്യം നിരാകരിക്കപ്പെട്ടു. അത് നാല്പത്തിയൊന്ന് ശതമാനത്തിൽത്തന്നെ നിലനിർത്തുകയാണ് ചെയ്തത്. നവലിബറൽ സാമ്പത്തിക നയങ്ങളെ പുണരുന്നതും വൻകിട കോർപ്പറേറ്റുകളെ സഹായിക്കുന്നതും ഇന്ത്യയിലെ സാധാരണക്കാരെ കൂടുതൽ ദാരിദ്ര്യത്തിലേക്ക് തള്ളിവിടുന്നൊരു നയരേഖയുമാണ് ഈ കേന്ദ്ര ബജറ്റ്. കേരളത്തിലെ ആളുകളെ ദാരിദ്ര്യത്തിൽനിന്ന് മോചിപ്പിക്കാൻ നമ്മൾ ശ്രമിക്കുമ്പോൾ, മറുഭാഗത്ത് കേന്ദ്രം ജനങ്ങളെ ദാരിദ്ര്യത്തിലേക്ക്

തള്ളിവിടുന്ന വിചിത്രമായ കാഴ്ചയാണ് നാം കാണുന്നത്. എന്നാൽ, കേരള ബജറ്റിനെ വിശകലന വിധേയമാക്കുമ്പോൾ ശ്രദ്ധേയമായ പല മാറ്റങ്ങളും അതിലുണ്ടെന്ന് നമുക്ക് കാണാൻ സാധിക്കും. സംസ്ഥാനം ഇതുവരെ കൈവരിച്ച സാമൂഹ്യ നേട്ടങ്ങളെയാകെ സംരക്ഷിച്ച്, അതിനെ വിപുലപ്പെടുത്തി, ദ്രുതഗതിയിലുള്ള സാമ്പത്തിക വളർച്ചയിലൂടെ നവകേരളം സൃഷ്ടിക്കാനുള്ള മുന്നേറ്റത്തിലാണ് കേരളം. പിന്നിട്ട പത്ത് വർഷവും എൽ.ഡി.എഫ്. സർക്കാർ നടപ്പാക്കിയ ഓരോ പദ്ധതിയും ഇതിനുവേണ്ടിയായിരുന്നു. വികസനവും സാമൂഹ്യനീതിയും ഉറപ്പാക്കി, ഓരോ മലയാളിയെയും ചേർത്തുപിടിച്ച് വിജ്ഞാന സമ്പദ്‌വ്യവസ്ഥയിലേക്ക് കുതിക്കുകയാണ് നാം. കേരളത്തെ എല്ലാ തലത്തിലും വികസിതരാജ്യങ്ങളുടെ നിലവാരത്തിലേക്ക് എത്തിക്കാനുള്ള ദീർഘവീക്ഷണത്തോടെയാണ് ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബജറ്റിനെ കാണേണ്ടത്. ബജറ്റിൽ അത്ഭുതകരമായ ഒട്ടേറെ നിർദേശങ്ങളാണ് അവതരിപ്പിക്കപ്പെട്ടിട്ടുള്ളത്. വിപുലമായ സാമൂഹ്യ സുരക്ഷാവല തീർത്തിട്ടുള്ള/സോഷ്യൽ സെക്യൂരിറ്റി ഉറപ്പുവരുത്തിയിട്ടുള്ള ബജറ്റാണ് നമ്മുടേത്. സാമൂഹ്യ സുരക്ഷ പെൻഷനുകൾക്കായി 14,500

കോടി രൂപയാണ് ബജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ടി പെൻഷൻ തുക പ്രതിമാസം 2,000 രൂപയായി ഉയർത്തുകയുണ്ടായി. തൊഴിലാളി ക്ഷേമത്തിന് പ്രാധാന്യം നൽകുന്ന സർക്കാരാണിത്. ആശാ പ്രവർത്തകർക്കും ആശാവർക്കർമാർക്കും അങ്കണവാടി വർക്കർമാർക്കും പ്രതിമാസം 1000 രൂപയും അങ്കണവാടി സഹായികൾക്ക് 500 രൂപയും ഓണറേറിയം വർധിപ്പിച്ചു. ഇവിടെ പലരും സ്ത്രീ സുരക്ഷയെക്കുറിച്ച് പരാമർശിക്കുകയുണ്ടായി. മുഖ്യമന്ത്രിയുടെ സ്ത്രീ സുരക്ഷാ പദ്ധതിക്കായി 3,720 കോടി രൂപ അനുവദിച്ചു. വിദ്യാഭ്യാസ രംഗത്ത് വിപ്ലവകരമായ മാറ്റങ്ങൾ, വിജ്ഞാന സമ്പദ്‌വ്യവസ്ഥയിലേക്കുള്ള മാറ്റങ്ങൾ പ്രത്യക്ഷമാണ്. സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ ബിരുദ വിദ്യാഭ്യാസം നാം പൂർണ്ണമായും സൗജന്യമാക്കിയിരിക്കുന്നു. ഉന്നതവിദ്യാഭ്യാസ മേഖലയിലെ സ്കോളർഷിപ്പുകൾക്കായി 370 കോടി രൂപ നീക്കിവച്ചിരിക്കുന്നു. 45000 ക്ലാസ് മുറികൾ ഹൈടെക്കാക്കി മാറ്റി. സ്കൂൾ പാഠ്യപദ്ധതിയിൽ എ.ഐ. ഉൾപ്പെടുത്തുന്നതിന്റെ ഭാഗമായി 29000 റോബോട്ടിക്സ് കിറ്റുകൾ വിതരണം ചെയ്തു. തൊഴിൽ വളർച്ചയിലും വ്യവസായ കുതിപ്പിലും ശ്രദ്ധേയമായ മാറ്റങ്ങളാണ് നടത്തിയിട്ടുള്ളത്. കഴിഞ്ഞ പത്തുവർഷത്തിനുള്ളിൽ ഐ.ടി.

കയറ്റുമതി 8,500 കോടി രൂപയിൽനിന്നും 26,252 കോടി രൂപയിലേക്ക് വർധിക്കുകയുണ്ടായി. ഐ.ടി. മേഖലയിലെ തൊഴിലവസരങ്ങൾ 155800 ആയി ഉയർന്നു. 2017-ലെ കണക്കനുസരിച്ച് സ്റ്റാർട്ടപ്പ് ഇക്കോ സിസ്റ്റം മേഖല 800-ൽനിന്ന് 2025-ൽ അത് 6477 ആയി വർധിച്ചു. സ്റ്റാർട്ടപ്പ് മിഷന് 99.52 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. വിഴിഞ്ഞം മുതൽ ചവറ വഴി കൊച്ചി വരെ നീളുന്ന 'അപൂർവ്വ ധാതു ഇടനാഴി' എന്ന പദ്ധതിയിൽ 42,000 കോടി രൂപയുടെ നിക്ഷേപവും 50000 പുതിയ തൊഴിലവസരങ്ങളും പ്രതീക്ഷിക്കുന്നു. കേന്ദ്ര സർക്കാർ അവതരിപ്പിച്ച ബജറ്റിൽ നമ്മുടെ ധാതുക്കളെ കൊള്ളയടിക്കുന്നതിനും കോർപ്പറേറ്റുകളെ ക്ഷണിച്ച് വരുത്തുന്നതിനുമുള്ള നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. ഇത് വളരെ പ്രധാനപ്പെട്ട മേഖലയാണ്.

<u>ചെയർപേഴ്സൺ</u>: പ്ലീസ്.....പ്ലീസ്......

<u>ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ</u>: സർ, നമ്മുടെ ധാതുസമ്പത്തിന്റെ പ്രാധാന്യം അറിയുന്നതിന് ഞാനൊരു പ്രത്യേക പുസ്തകം സജസ്റ്റ് ചെയ്യുകയാണ്. ഡോ. എം. പി. സുകുമാരൻ നായർ എഴുതിയ "കേരളത്തിലെ വ്യവസായ വികസന ചരിത്രവും ഭാവി പരിപ്രേക്ഷ്യവും" എന്ന

പുസ്തകത്തിലെ 104-ാമത്തെ പേജിൽ വളരെ തന്ത്രപ്രധാനമായ വ്യവസായങ്ങൾക്കാവശ്യമായ വിഭവങ്ങളുൾപ്പെടെയുള്ള മേഖലയാണ് കേരളത്തിന്റെ തീരപ്രദേശമെന്ന് അദ്ദേഹം സമർഥിക്കുന്നുണ്ട്. അതുപോലെ ആരോഗ്യമേഖലയിൽ ആരോഗ്യവും പൊതുജനക്ഷേമവും എന്നതിൽ ഏകദേശം 2500 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കാരുണ്യ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിക്ക് 700 കോടി രൂപ അനുവദിച്ചു. വയനാട് പുനരധിവാസത്തിന്റെ ആദ്യഘട്ടത്തിനായി 750 കോടി രൂപയും ദുരിതബാധിത കുടുംബങ്ങളുടെ 18.75 കോടി രൂപയുടെ ബാങ്ക് ബാധ്യതകൾ സർക്കാർ ഏറ്റെടുക്കുകയും ചെയ്തു. അടിസ്ഥാനസൗകര്യ വികസനത്തിനുവേണ്ടി നിരവധി കാര്യങ്ങളാണ് ബജറ്റിൽ നിർദേശിക്കപ്പെട്ടിട്ടുള്ളത്. റീജിയണൽ റാപിഡ് ട്രാൻസിറ്റ് സിസ്റ്റം എന്ന പദ്ധതിയുമായി ബന്ധപ്പെട്ട് തിരുവനന്തപുരം-കാസർഗോഡ് അതിവേഗ റെയിൽ പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി 100 കോടി രൂപയാണ് മാറ്റിവച്ചിട്ടുള്ളത്. ലൈഫ് മിഷനിൽ ഭവനരഹിതർക്കായി ഇതുവരെ 481935 വീടുകൾ പൂർത്തിയാക്കി. ഇത് ഉടൻ 5.25 ലക്ഷം കവിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. കേരള ബജറ്റ് elderly friendly

ബജറ്റായും സാധാരണക്കാരന്റെ ജീവിതനിലവാരം ഉയർത്താനുള്ള വിപുലമായ സുരക്ഷ കവചവുമായി വിലയിരുത്തപ്പെടുന്നു. വൈപ്പിൻ നിയോജകമണ്ഡലത്തിലെ വിവിധ വികസന പ്രവർത്തനങ്ങൾക്കായി ആസ്തി വികസന പദ്ധതിക്കും പ്രത്യേക വികസന പദ്ധതിക്കും അനുവദിക്കപ്പെട്ട തുകകൾക്കുപുറമെ കൂടുതൽ തുകകൾ വൈപ്പിൻ ജനതയ്ക്കുവേണ്ടി അനുവദിച്ചതിന് അങ്ങയെ ഞാൻ അഭിനന്ദിക്കുന്നു. ഈ സന്ദർഭത്തിൽ അവർക്കുള്ള നന്ദിയും കടപ്പാടും ഞാൻ അറിയിക്കുകയാണ്. വൈപ്പിൻ ജനതയുടെ സമഗ്രമായ വികസനത്തെ മുൻനിർത്തി നടപ്പാക്കേണ്ടതും സാമ്പത്തിക പിന്തുണയ്ക്കാവശ്യമായ ഒന്നുരണ്ട് കാര്യങ്ങൾക്കൂടി അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഒന്ന്, കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി നിലവിലെ ആലുവ ശുദ്ധീകരണശാലയിലെ വൈദ്യുതി തകരാർ പരിഹരിക്കാൻ ചില സംവിധാനങ്ങളൊരുക്കണം. അതിനായി നാലര കോടി രൂപ കേരള വാട്ടർ അതോറിറ്റിക്ക് അനുവദിക്കുകയും കേരള വാട്ടർ അതോറിറ്റി കെ.എസ്.ഇ.ബി.-ക്ക് നൽകേണ്ടതുമാണ്. പള്ളിപ്പുറം പഞ്ചായത്തിലെ കുടിവെള്ള ക്ഷാമം മാത്രം പരിഹരിക്കാൻ 12 കോടി രൂപയുടെ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. അത്

പ്രത്യേകം പരിഗണിക്കണമെന്നാണ് അഭ്യർഥിക്കാനുള്ളത്. കേരള ചരിത്രത്തിലാദ്യമായി കടൽ വെള്ളം ശുദ്ധീകരിക്കുന്ന ഡീസാലിനേഷൻ പ്ലാന്റ് എത്രയും വേഗം പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കണം. കടലാക്രമണത്തെ ചെറുക്കാൻ നിരവധി പഠനങ്ങൾ സർക്കാരിന്റെ മുന്നിലുണ്ട്. ഈ അടുത്തക്കാലത്ത് ചെല്ലാനത്ത് ടെട്രാപോഡിന് 400 കോടി രൂപ അനുവദിച്ചപ്പോൾ തൊട്ടടുത്ത മണ്ഡലമായ വൈപ്പിനെ പരിഗണിക്കാതെയിരുന്നത് വലിയ പ്രയാസങ്ങളുണ്ടായിട്ടുണ്ട്. അതുപോലെ കടലും കായലും അതിര് പങ്കിടുന്ന ടൂറിസ്റ്റ് സാധ്യതയുള്ള വളരെ പ്രധാനപ്പെട്ട ഭൂമികയാണ് വൈപ്പിൻ നിയോജകമണ്ഡലം. അതിന്റെ ടൂറിസം സാധ്യതകളെ നാം നന്നായി ഉപയോഗിക്കണം. കടലിന് അടിയിലൂടെയുള്ള തുരങ്കപാത തീരദേശ റോഡ് ഫോർട്ട് കൊച്ചിയിലേക്ക് എത്തുമ്പോൾ മുറിഞ്ഞുപോകാതിരിക്കുന്നതിനുവേണ്ടി 2762 കോടി രൂപയുടെ പദ്ധതി സർക്കാർ പരിഗണിച്ചിട്ടുണ്ട്. അത് എത്രയുംവേഗം നടപ്പാക്കുന്നതിനാവശ്യമായ സമ്മർദ്ദവും തുടർച്ചകളുമുണ്ടാകണം. അതുപോലെ കേരളത്തിൽ പ്രത്യേകിച്ചും വിഭാവനം ചെയ്യപ്പെട്ട, ഇന്ത്യയിലെ ആദ്യത്തേതായ പുതുവൈപ്പ് ഓഷ്യനേറിയത്തിനായി 55

ഏക്കർ സ്ഥലം നമ്മൾ ഏറ്റെടുത്തിയിട്ടുണ്ട്. അതിന്റെ പഠനങ്ങൾക്കായി ഒരു കോടി രൂപ മാറ്റിവച്ചിട്ടുണ്ട്. അത് യഥാർഥ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കണം. ഈ അടുത്തകാലത്ത് ടൂറിസം രംഗത്ത് ഒരു പുതിയ മാറ്റം വരുന്നുണ്ട്. ഹിന്ദു ദിന പത്രം സംഘടിപ്പിച്ച കേരള ഫോർ ആൾ കോൺക്ലേവ് എന്ന മഹത്തായ ഒരു സമ്മേളനം ഇന്നലെ കൊച്ചിയിൽ നടക്കുകയുണ്ടായി. അത് ഉദ്ഘാടനം ചെയ്തത് ബഹുമാന്യനായ മുഖ്യമന്ത്രിയാണ്. നമ്മുടെ സമൂഹത്തിലെ ഭിന്നശേഷിക്കാർ, വയോജനങ്ങൾ, സ്ത്രീകൾ, ഗർഭിണികൾ, കുട്ടികൾ തുടങ്ങി എല്ലാവരെയും ഉൾക്കൊള്ളുന്ന ഒരു മേഖലയായിരിക്കണം..., നമ്മുടെ വിനോദസഞ്ചാരികളെപ്പോലെ അവർക്കും സന്തോഷകരവും കാഴ്ചകൾ കാണാനുള്ള അവകാശമുണ്ടെന്ന പുതിയ സമീപനം ഉയർത്തിപിടിച്ചുകൊണ്ടുള്ള നിലപാട് നാം സ്വീകരിച്ചിട്ടുണ്ട്. ടൂറിസം മേഖലയിൽ അതിനാവശ്യമായി വരുത്തേണ്ട മാറ്റങ്ങളും അതിനുള്ള വിഭവങ്ങളും നാം കണ്ടെത്തണം. ക്രൂയിസ് ടൂറിസത്തിന് വളരെ പ്രാധാന്യം നൽകണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് ആവശ്യപ്പെടാനുള്ളത്. അതിനെല്ലാം അനുയോജ്യമായ സ്ഥലമാണ് കൊച്ചി, പ്രത്യേകിച്ച്

വൈപ്പിൻ. ഇക്കാര്യം പ്രത്യേകം പരിഗണിക്കപ്പെടണമെന്നാണ് പറയാനുള്ളത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബജറ്റിൽ മത്സ്യമേഖലയ്ക്ക് ഒരുപാട് പരിഗണനകൾ നൽകിയിട്ടുണ്ടെന്ന കാര്യം വ്യക്തമാണ്. അക്കാര്യങ്ങൾ ബഹുമാനപ്പെട്ട അംഗം ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ഇവിടെ വിശദീകരിച്ചതുകൊണ്ട് ഞാൻ അതിലേക്ക് പോകുന്നില്ല.

<u>ചെയർപേഴ്സൺ</u>: യെസ്... പ്ലീസ് കൺക്ലൂഡ്...

<u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ</u>: സർ, മത്സ്യമേഖലയുമായി ബന്ധപ്പെട്ട് വളരെ പ്രധാനപ്പെട്ട ഒരു ഹാർബറാണ് മുനമ്പം ഹാർബർ. ഞാൻ മുന്നോട്ടുവച്ച നിർദേശത്തിന്റെ അടിസ്ഥാനത്തിൽ കാലിക്കറ്റ് ഐ.ഐ.റ്റി. അതിന്റെ ഒരു രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. 115 കോടി രൂപ മാത്രം ചെലവ് വരുന്ന ടി പദ്ധതി സാഗർമാല പദ്ധതിയിലോ, പ്രധാനമന്ത്രി മത്സ്യസമ്പത്ത് യോജന പദ്ധതിയിലോ ഉൾപ്പെടുത്തി നടപ്പാക്കുന്നതിനുള്ള തീരുമാനങ്ങളെടുക്കണമെന്നാണ് അഭ്യർഥിക്കാനുള്ളത്. കഴിഞ്ഞ ദിവസത്തെ മന്ത്രിസഭാ യോഗം കടലോര വേലിയേറ്റം സംസ്ഥാന സവിശേഷ ദുരന്തമായി പ്രഖ്യാപിച്ചത് ഏറ്റവും സുപ്രധാനമായ ഒരു

തീരുമാനം തന്നെയാണ്. എന്റെ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രിയും സ്വീകരിച്ച നിലപാടിന്റെ ഭാഗമായി കൂടിയാണ് ഇങ്ങനെയൊരു പ്രത്യേക തീരുമാനം സർക്കാർ കൈക്കൊണ്ടത്. വൈപ്പിൻ എന്നത് എറണാകുളം ജില്ലയിലെ വിവിധ മണ്ഡലങ്ങളെ ബാധിക്കുന്നൊരു കാര്യമാണെങ്കിലും...

ചെയർപേഴ്സൺ: പ്ലീസ്... കൺക്ലൂഡ്..

ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: സർ, കേരളത്തെയാകെ ബാധിക്കുന്ന പ്രധാനപ്പെട്ട കാര്യമായി അത് മാറിയിട്ടുണ്ട്. അതിൽ തീർച്ചയായും ഡിസാസ്റ്റർ മാനേജ്മെന്റ് ഫണ്ട് മാത്രം നമുക്ക് മതിയാകില്ല. കേടുപാടുകൾ വന്ന വീടുകൾക്ക് പുറമെ വേലിയേറ്റം തടയുന്നതിനുവേണ്ടിയിട്ടുള്ള കയർ ഭൂവസ്ത്ര സംരക്ഷണ ഭിത്തികളുൾപ്പെടെ ഒരുപാട് കോടി രൂപയുടെ ചെലവുകൾ വരുന്നതാണ് ടി പദ്ധതി. അതിനാൽ അധിക തുക കണ്ടെത്തുന്നതിനുവേണ്ടിയിട്ടുള്ള നിലപാട് സ്വീകരിക്കണമെന്ന് ഞാൻ പ്രത്യേകമായി പറയുകയാണ്.

ചെയർപേഴ്സൺ: പ്ലീസ്.. പ്ലീസ്.. കൺക്ലൂഡ്..

ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: സർ, പ്രതിപക്ഷത്തിന്റെ നിലപാട്

ഇവിടെ എല്ലാവരും ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ഈ ബജറ്റിലെ നിർദേശങ്ങൾ നടപ്പാകാൻ പോകുന്നില്ലെന്നും യു.ഡി.എഫ്. അധികാരത്തിൽ വന്നാൽ മാത്രമേ കാര്യങ്ങൾ കൃത്യമായി നടപ്പാക്കാൻ സാധിക്കുകയുള്ളൂവെന്നുമാണ് അവർ പറയുന്നത്. അതൊരു മലർപ്പൊടിക്കാരന്റെ സ്വപ്നം മാത്രമാണ്. ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. ആൻസലൻ പറഞ്ഞതുപോലെ തിരഞ്ഞെടുപ്പ് പരാജയത്തിന്റെ അടിസ്ഥാനത്തിൽ മാത്രമല്ല ഇടതുപക്ഷത്തിന്റെ ബഹുജന അടിത്തറ വിലയിരുത്തേണ്ടത്. എല്ലാ തിരഞ്ഞെടുപ്പ് അനുഭവങ്ങളെയും കണക്കിലെടുത്തുകൊണ്ട് ഫീനിക്സ് പക്ഷിയെപ്പോലെ വീണ്ടും ഇടതുപക്ഷം ഉയർത്ത് എഴുന്നേൽക്കുകയും ഈ സർക്കാർ മൂന്നാം തവണയും ഭരണത്തിൽ വരുകയും ചെയ്യും. അതുകൊണ്ട് ആ കട്ടിൽ കണ്ട് പനിക്കേണ്ടതില്ല എന്നുകൂടി യു.ഡി.എഫ്.-നെ ഓർമ്മപ്പെടുത്തികൊണ്ട് ഞാൻ ഈ ബജറ്റിനെ അനുകൂലിക്കുന്നു.

ശ്രീ. എ. പ്രഭാകരൻ: സർ, ശാന്തസുന്ദരമായ കേരളം, സമാധാനപരമായ കേരളം, സമൃദ്ധമായ കേരളം ഇതാണ് പിണറായി സർക്കാരിന്റെ മുഖമുദ്ര. അത് സാധ്യമാക്കുന്നതിനുതകുന്ന രീതിയിലുള്ള

ഫലപ്രദമായൊരു ബജറ്റാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ 2026 ഫെബ്രുവരി 29-ന് നിയമസഭയിൽ അവതരിപ്പിച്ചത്. കഴിഞ്ഞ പത്ത് വർഷക്കാലത്തിനിടയിൽ കേരളത്തിലെ പ്രതിപക്ഷം ഇതിനോടൊക്കെ പുറംതിരിഞ്ഞ് നിൽക്കുന്ന സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. ഇവിടെ ബജറ്റിനെക്കുറിച്ചോ സർക്കാരിന്റെ പ്രവർത്തനങ്ങളെക്കുറിച്ചോ വസ്തുനിഷ്ഠമായ ഒരു ആക്ഷേപംപോലും അവർക്ക് ഉന്നയിക്കാൻ കഴിഞ്ഞിട്ടില്ല. എല്ലാ സഭാ സമ്മേളനം ചേരുമ്പോഴും ഇവിടെ കുഴപ്പമുണ്ടാക്കുക എന്നതുമാത്രമാണ് അവരുടെ സമീപനം. അതിന് പറഞ്ഞിട്ടുകാര്യമില്ല, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ പ്രവർത്തനം പരിശോധിച്ചാൽ അദ്ദേഹം എല്ലാ കാര്യങ്ങളെയും എതിർക്കുന്നതായി മനസ്സിലാക്കാൻ സാധിക്കും. നല്ല കാര്യങ്ങൾ മുഴുവൻ എതിർക്കുന്ന ഒരു സമീപനമാണ് അവരുടേത്. മോശം കാര്യങ്ങൾ ഗവൺമെന്റ് ചെയ്തിട്ടില്ല. എന്നാൽ യു.ഡി.എഫ്.-ന്റെ മറ്റ് ചില ഘടകകക്ഷികളുണ്ട്. അവർ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനെ തിരുത്താനോ അല്ലെങ്കിൽ അവർ സ്വയം തിരുത്താനോ തയ്യാറാകാത്തൊരു അനുഭവമാണ് ഇവിടെ കണ്ടുകൊണ്ടിരിക്കുന്നത്. എന്താണ് ഒരു പ്രതിപക്ഷത്തിന്റെ ധർമ്മം

എന്നതിനെ സംബന്ധിച്ച് വല്ലാത്തൊരു അശങ്ക കഴിഞ്ഞ അഞ്ച് കൊല്ലക്കാലത്തെ അനുഭവത്തിൽ എനിക്ക് തോന്നിയിട്ടുണ്ട്. പ്രകടനപത്രികയുമായി ബന്ധപ്പെട്ട് പ്രോഗ്രസ് റിപ്പോർട്ട് അവതരിപ്പിച്ച ഇന്ത്യയിലെ ഏക ഗവൺമെന്റ് കേരളത്തിലെ എൽ.ഡി.എഫ്. സർക്കാരാണ്. മറ്റുള്ളവർ തിരഞ്ഞെടുപ്പ് കാലത്ത് മോഹന സുന്ദരങ്ങളായ വാഗ്ദാനങ്ങൾ നൽകുകയും...., അതിപ്പോൾ കോൺഗ്രസ്സും അങ്ങനെ തന്നെയാണ്. ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളും അവരുടെ അധികാരത്തിൻ കീഴിലായിരുന്നു. അഞ്ചിൽ നാല് ഭൂരിപക്ഷവും കോൺഗ്രസ്സിന് ഉണ്ടായിരുന്ന കാലത്തും നമ്മുടെ നാട്ടിൽ "ഗരീബി ഹഠാവോ", "ബേക്കാരി ഹഠാവോ", അറബിക്കടലിൽ പാലം കെട്ടി തരാം, അങ്ങനെ മോഹന സുന്ദരങ്ങളായ വാഗ്ദാനങ്ങൾ നൽകിയവരാണ് ഇവർ. പക്ഷേ ഒരു കാലത്തും അവർ നാട്ടിലെ ജനങ്ങളോട് പറഞ്ഞ വാഗ്ദാനങ്ങളിൽ ഇതെല്ലാം നടപ്പാക്കി ഇനി നടപ്പാക്കാൻ ഇത്രയാണ് ബാക്കി എന്നതുസംബന്ധിച്ച് വ്യക്തമാക്കിയിട്ടില്ല. സ്വതന്ത്ര്യാനന്തര ഭാരതത്തിൽ കോൺഗ്രസ്സാകട്ടെ..., ബി.ജെ.പി. പിന്നെ, നേരെ മറിച്ച് രാജ്യത്തെ കോർപ്പറേറ്റ് മുതലാളിമാർക്കുവേണ്ടി പ്രവർത്തിക്കുന്ന ഒരു ഗവൺമെന്റാണ്.

സംസ്ഥാന ബജറ്റ് അവതരിപ്പിക്കുമ്പോൾ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഒരു കാര്യം സൂചിപ്പിച്ചത് ഞാൻ ഒന്നുകൂടി ആവർത്തിക്കുകയാണ് "ചെയ്യുന്നതെ പറയൂ, പറയുന്നതെല്ലാം ചെയ്യുക തന്നെ ചെയ്യും". തീർച്ചയായും കഴിഞ്ഞ പത്ത് വർഷത്തെ ഭരണം പരിശോധിച്ചാൽ നമ്മുടെ അനുഭവത്തിൽ അത് വസ്തുനിഷ്ഠമാണ്, അതാണ് യാഥാർത്ഥ്യമെന്ന് നമുക്ക് ബോധ്യമാകും. കഴിഞ്ഞ ബജറ്റുകളിൽ കേരളത്തോട് കേന്ദ്രം കാണിച്ച അവഗണന ഇപ്പോഴും തുടരുന്നുവെന്നതാണ് ഇന്നലെ കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി ശ്രീമതി നിർമ്മലാ സീതാരാമൻ അവതരിപ്പിച്ച ബജറ്റിൽ കാണാൻ കഴിഞ്ഞത്. വികസനത്തിന്റെയും പുരോഗതിയുടെയും കാര്യത്തിൽ കേരളത്തെ കണ്ടുപഠിക്കണം എന്നാണ് ധനകാര്യ റിപ്പോർട്ട് അവതരിപ്പിച്ചുകൊണ്ട് പറഞ്ഞത്. ആ പറഞ്ഞ് വായ അടയ്ക്കുന്നതിന് മുമ്പ് തന്നെ ഈ കേരളം എന്ന പദം തന്നെ മറന്ന രീതിയിലാണ് കഴിഞ്ഞദിവസം ബജറ്റ് അവതരിപ്പിച്ചത്. ഒരു ശത്രുരാജ്യത്തോട് സ്വീകരിക്കുന്ന സമീപനം തന്നെയാണ് കേന്ദ്രം കേരളത്തോട് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഒരു കേന്ദ്രമന്ത്രിയും 18 യു.ഡി.എഫ്. എം.പി.മാരും പാർലമെന്റിലുണ്ട്. അവരൊക്ക അവിടെ എന്തുചെയ്യുകയാണ്? മലയാളികളുടെ വോട്ട് വാങ്ങി ലോക്സഭയിൽ

പോയിട്ടുണ്ട്. ടി.എ.-യും ഡി.എ.-യും ശമ്പളവും വാങ്ങാൻ വേണ്ടിയാണോ അവരെ അവിടേക്ക് അയച്ചത്. അവർ മലയാളികൾക്ക് വേണ്ടി വാദിക്കേണ്ടേ; ഇതൊന്നും മലയാളികൾ മനസ്സിലാക്കുന്നില്ല എന്ന അഹങ്കാരത്തിലാണ് ഞങ്ങൾ വീണ്ടും അധികാരത്തിൽ വരുമെന്നുള്ള വീമ്പടിക്കൽ ഇവിടെ നടത്തിക്കൊണ്ടിരിക്കുന്നത്. അത് തിരഞ്ഞെടുപ്പ് കഴിയുമ്പോൾ ബോധ്യമാകും. മലയാളികൾ അത്ര മോശക്കാരല്ല. മലയാളികൾ നല്ല വിവരമുള്ള ആൾക്കാരാണ്. അവർ അനുഭവങ്ങളുടെ പശ്ചാത്തലത്തിൽ എന്ത് ചെയ്യണമെന്നതിനെ സംബന്ധിച്ച് ഇപ്പോൾതന്നെ തയ്യാറായി നിൽക്കുകയാണ്. ഇവിടെയുള്ള പ്രതിപക്ഷം പറയുന്നത്, ഞങ്ങൾ അധികാരത്തിൽ വന്ന് പുതിയ ബജറ്റ് അവതരിപ്പിക്കുമെന്നാണ്. അത് മലർപ്പൊടിക്കാരന്റെ സ്വപ്നം എന്നൊന്നും ഞാൻ പറയുന്നില്ല.

<u>ശ്രീ. കെ. ബാബു (നെന്മാറ)</u>: സർ,

<u>ചെയർപേഴ്സൺ</u>: ബഹുമാനപ്പെട്ട അംഗം വഴങ്ങുന്നുണ്ടോ...

<u>ശ്രീ. കെ. ബാബു (നെന്മാറ)</u>: സർ, അങ്ങ് പ്രസംഗിക്കുന്നതിനിടയിൽ കേരളത്തിൽനിന്നുള്ള 19 എം.പി.-മാരുണ്ട് എന്നുപറഞ്ഞു. 18 എം.പി.-മാരാണ് യു.ഡി.എഫ്.-നുള്ളത് ഒരു എം.പി. ഒറ്റയ്ക്കാണെങ്കിലും

അതിശക്തമായി തന്നെയാണ് പാർലമെന്റിനകത്ത് കേന്ദ്ര ബജറ്റിനെതിരെ പ്രതിഷേധിച്ചത് എന്ന് ഞാൻ ഇവിടെ സൂചിപ്പിക്കുകയാണ്.

ശ്രീ. എ. പ്രഭാകരൻ: സർ, ശ്രീ. കെ. രാധാകൃഷ്ണൻ എം.പി. മാത്രം അവിടെ ലോക്സഭയിൽ ഇതിനെ ശക്തമായി എതിർക്കുന്നുണ്ട്. യു.ഡി.എഫ്.-ലെ എം.പി.-മാർ മലയാളികളുടെ വോട്ട് വാങ്ങി അവിടെ പോയി കേരളത്തെ വഞ്ചിക്കുകയാണ്. ഇതൊന്നും തിരിച്ചറിയാത്തവരൊന്നും അല്ല കേരളത്തിലെ ജനങ്ങളെന്ന് നമുക്കെല്ലാവർക്കും അറിയാം. അടുത്ത നിയമസഭാ തിരഞ്ഞെടുപ്പ് നടക്കുമ്പോൾ ഇവർക്കത് ബോധ്യമാകും. ഒരു നാടിനെ നടുക്കിയ പല ദുരന്തങ്ങളും ഉണ്ടായപ്പോൾ നമുക്ക് ഒരു സഹായവും നൽകിയില്ല. അതുമാത്രമല്ല, സഹായിക്കാൻ തയ്യാറായവരെ ദുരഭിമാനത്തിന്റെ പേരിൽ വിലക്കുകയും ചെയ്ത ആൾക്കാരാണ് കേന്ദ്രം ഭരിക്കുന്നതെന്ന വിവരം ഇവിടുത്തെ പ്രതിപക്ഷത്തിനും ഉണ്ടാകണ്ടേ? നമുക്ക് തരില്ലെന്ന് പറയുമ്പോൾ അവിടെ കയ്യടിക്കുകയാണ്. ഞാൻ ചോദിക്കട്ടെ, തൂത്തുക്കൊടിയിൽ നിന്ന് വിജയിച്ച ഡി.എം.കെ.-യുടെ എം.പി. ശ്രീമതി കനിമൊഴി വയനാട് ദുരന്തത്തിൽപ്പെട്ടവരെ സഹായിക്കണമെന്ന് ലോക്സഭയിൽ പ്രസംഗിക്കുന്ന സമയത്ത് ശ്രീമതി പ്രിയങ്കാ ഗാന്ധിയും

ഇപ്പോഴത്തെ കേന്ദ്രത്തിലെ പ്രതിപക്ഷ നേതാവും കേരളത്തെ സഹായിക്കണമെന്ന് പറഞ്ഞോ? നമുക്ക് പത്ത് പൈസ തന്നോ? ബഹുമാനപ്പെട്ട പ്രധാനമന്ത്രി പണം ഒരു പ്രശ്നമല്ല എന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് പറഞ്ഞിട്ട് പോയതാണ്. വയനാട് ദുരന്തം അതിതീവ്രദുരന്തം എന്ന് പ്രഖ്യാപിക്കാൻതന്നെ ആറ് മാസത്തിലധികം സമയമെടുത്തു. പുനരധിവാസത്തിനായി നാളിതുവരെ പത്ത് പൈസ നൽകിയില്ലല്ലോ? ദുരന്തത്തിൽ മരണപ്പെട്ടവരുടെ ബാധ്യത കേരള ബാങ്ക് എഴുതിത്തള്ളി. പക്ഷേ നാഷണലൈസ്ഡ് ബാങ്കുകൾ ആ പണം എഴുതിത്തള്ളാതിരിക്കാൻ നിയമംതന്നെ മാറ്റി മറിച്ചവരാണ് ബി.ജെ.പി.-ക്കാർ. എന്നിട്ട് എന്ത് അഹങ്കാരത്തിലാണ് നാട്ടിൽ നടക്കുന്നത്; എന്തൊക്കെയാണ് നാട്ടിൽ പറയുന്നത്? ഇതൊക്കെ മനസ്സിലാക്കാനുള്ള വിവരം രാജ്യത്തെ ജനങ്ങൾക്കില്ല എന്ന രീതിയിലാണ് ഇപ്പോൾ പ്രതിപക്ഷത്തിന്റെ ആയാലും ബി.ജെ.പി.-യുടെ ആയാലും സമീപനം കണ്ടാൽ നമുക്ക് ബോധ്യമാകുക. കേരളത്തിന്റെ സമഗ്ര വികസനം ലക്ഷ്യമിടുന്നതാണ് കേന്ദ്ര ബജറ്റെന്ന് ഒരു കേന്ദ്രമന്ത്രി പറഞ്ഞതായി പത്രത്തിൽ ഒരു വാർത്തയുണ്ട്. ഇതുപറഞ്ഞത് തൃശ്ശൂരിൽനിന്നും വിജയിച്ച കേന്ദ്രമന്ത്രിയല്ല; ആ വാർത്ത നിങ്ങൾ ഒന്ന്

വായിച്ചുനോക്കണം. ഇവർക്ക് എന്തുപറ്റി? കേരളത്തെ അപമാനിക്കുന്ന കുറെ ആൾക്കാർ നമ്മുടെ രാജ്യത്തുണ്ട് എന്നതിന്റെ തെളിവാണിത്. ഇനി എന്റെ മണ്ഡലത്തിലെ കാര്യങ്ങൾ പറഞ്ഞിട്ട് ബാക്കി കാര്യങ്ങൾ പറയാം. ഒരിക്കലും നടക്കില്ലെന്ന് കരുതിയിട്ടുള്ള ഒട്ടനവധി സംഭവങ്ങൾക്ക് ഇപ്പോൾ എന്റെ മണ്ഡലമായ മലമ്പുഴ സാക്ഷ്യം വഹിച്ചുകൊണ്ടിരിക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിൽ 56 കോടി രൂപ ചെലവഴിച്ച് നിർമ്മിക്കുന്ന റെയിൽവേ ഓവർബ്രിഡ്ജിന്റെ പ്രവൃത്തി പൂർത്തിയാകാറായിട്ടുണ്ട്. ഇതിനുവേണ്ടി കുറേക്കാലമായി നാട്ടുകാർ പ്രക്ഷോഭവും സമരവുമൊക്കെ നടത്തിയിരുന്നു. അതിപ്പോൾ യാഥാർഥ്യമാകുകയാണ്. വരുന്ന തിരഞ്ഞെടുപ്പിന് മുമ്പ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെക്കൊണ്ട് അത് ഉദ്ഘാടനം ചെയ്യിപ്പിക്കണമെന്ന് ഞാൻ ആഗ്രഹിക്കുകയാണ്. 34 കിലോമീറ്റർ ചുറ്റളവുള്ള മലമ്പുഴ ഡാമിന്റെ, റിസർവോയറിന്റെ ചുറ്റുമുള്ള ഭാഗത്ത് 41 കോടി രൂപ ചെലവഴിച്ച് നിർമ്മിക്കുന്ന റിങ് റോഡും പാലവും ഏതാനും ദിവസങ്ങൾക്കകം പൂർത്തിയാകും. എന്റെ നിയോജകമണ്ഡലത്തിലെ സകല സ്കൂളുകൾക്കും പുതിയ കെട്ടിടങ്ങൾ നിർമ്മിക്കാനും എല്ലാ പി.ഡബ്ല്യൂ.ഡി. റോഡുകളും ബി.എം. & ബി.സി.

ആക്കാനും സാധിച്ചിട്ടുണ്ട്. താണാവ്- ധോണി റോഡിന്റെ പ്രവൃത്തിക്ക് 28 കോടി രൂപ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യാൻ അംഗീകാരം ലഭിച്ചിട്ടുണ്ട്. മാത്രമല്ല, മലമ്പുഴ ഉദ്യോനനവീകരണവുമായി ബന്ധപ്പെട്ട വിഷയം ഞാൻ പലതവണ സബ്മിഷനിലൂടെ സഭയിൽ ഉന്നയിച്ചതാണ്. അവിടെ 75.66 കോടി രൂപയുടെ വികസന പ്രവർത്തനം ധൃതഗതിയിൽ നടന്നുകൊണ്ടിരിക്കുകയാണ്. അതിന്റെ ഒന്നാംഘട്ട പ്രവർത്തനം 2026 മാർച്ച് 31-നകം പൂർത്തിയാകും. ആറ് സ്റ്റേഡിയങ്ങൾക്കായി 18 കോടി രൂപ അനുവദിച്ചിട്ടുണ്ടെങ്കിലും പാർട്ട് ബിൽ കൊടുത്തത് കിട്ടിയിട്ടില്ലെന്ന കാരണത്താൽ അഞ്ച് സ്റ്റേഡിയങ്ങളുടെ പ്രവൃത്തി നിലവിൽ നിർത്തിവച്ചിരിക്കുകയാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് എനിക്ക് അഭ്യർഥിക്കാനുള്ളത്, സ്പോർട്സ് വകുപ്പിന് ബിൽ തുക അനുവദിച്ചാൽ ആറ് സ്റ്റേഡിയങ്ങളും പൂർത്തിയാക്കാൻ സാധിക്കും. ബഹുമാനപ്പെട്ട മന്ത്രിയോട് ഇതുസംബന്ധിച്ച് ഞാൻ പലതവണ സൂചിപ്പിച്ചിട്ടുള്ളതാണ്. ഏഴ് കോടി രൂപ ചെലവഴിച്ച് ഒരു സ്റ്റേഡിയം നിർമ്മിക്കാൻ നവകേരള സദസ്സിൽ തീരുമാനിച്ചിരുന്നു. പ്രസ്തുത പ്രവൃത്തി ഈ വരുന്ന പത്താം തീയതി ആരംഭിക്കാനാകും.

ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, കായിക വകുപ്പുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ എല്ലാ പെൻഡിങ് ബില്ലുകൾക്കും ഫിനാൻസ് വകുപ്പിൽനിന്നും അംഗീകാരം ലഭിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച കാര്യവും തീർച്ചയായും അതിലുൾപ്പെടും.

ശ്രീ. എ. പ്രഭാകരൻ: സർ, എന്റെ നിയോജകമണ്ഡലത്തിൽ ആകെ എട്ട് പഞ്ചായത്തുകൾ മാത്രമേയുള്ളൂ, അതിൽ ആറ് സ്റ്റേഡിയങ്ങൾ ഇപ്പോൾ പൂർത്തിയാകുകയാണ്. 18 കോടി രൂപയാണ് ആറ് സ്റ്റേഡിയങ്ങൾക്കുംകൂടി അനുവദിച്ചിട്ടുള്ളത്.

എലപ്പുള്ളി താലൂക്കാശുപത്രിക്ക് 17.50 കോടി രൂപ ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി അനുവദിച്ചിരുന്നു. അതിന്റെ പ്രവർത്തനവും വളരെ വേഗത്തിൽ നടക്കുന്നുണ്ട്. ഞാൻ ഇത് സൂചിപ്പിക്കാൻ കാരണം, ഉമ്മൻ ചാണ്ടിയുടെ പുത്രൻ ബഹുമാനപ്പെട്ട ചാണ്ടി ഉമ്മൻ തിരഞ്ഞെടുപ്പിൽ മത്സരിക്കുമ്പോൾ ഇവിടെ പ്രതിപക്ഷാംഗങ്ങൾ പലരും പറഞ്ഞത്....

ചെയർപേഴ്സൺ: പ്ലീസ്.. രണ്ട് മിനിട്ട് കഴിഞ്ഞു....

ശ്രീ. എ. പ്രഭാകരൻ: സർ, മുഖ്യമന്ത്രിയും മന്ത്രിമാരുമൊക്കെ

പ്രതിനിധീകരിച്ചിട്ടുള്ള മലമ്പുഴ മണ്ഡലത്തെ നമുക്കൊന്ന് താരതമ്യം ചെയ്യാമെന്ന് പ്രതിപക്ഷം ആ തിരഞ്ഞെടുപ്പ് കാലത്ത് പറഞ്ഞതാണ്. ഇപ്പോൾ അവർ മലമ്പുഴ നിയോജകമണ്ഡലം വന്ന് കാണണം. എത്ര പാലങ്ങളാണ് അവിടെ നിർമ്മിച്ചിട്ടുള്ളത്. എം.എൽ.എ. ആവശ്യപ്പെട്ടത് മുഴുവൻ ഞാൻ അംഗീകരിച്ചുനൽകി, എന്നാൽ ഇത്രയും പാലങ്ങളുണ്ടെന്ന് ഇപ്പോഴാണ് എനിക്ക് മനസ്സിലായതെന്ന് ഒരു ഉദ്ഘാടന പ്രസംഗത്തിൽ ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞിരുന്നു. എന്റെ മണ്ഡലത്തെ വികസനത്തിന്റെ കൊടുമുടിയിലേയ്ക്ക് എത്തിക്കുന്നതിന്, വിസ്മയകരമായ മുന്നേറ്റമുണ്ടാക്കുന്നതിന് എന്നെ സഹായിച്ച ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയെ ഞാൻ അഭിനന്ദിക്കുകയാണ്.

ബജറ്റിലെ ഒന്നുരണ്ടുകാര്യം കൂടി ഞാൻ സൂചിപ്പിക്കുകയാണ്. മിഡ് ഡേ മീൽസ് പദ്ധതിക്കും ഓട്ടോറിക്ഷാ തൊഴിലാളികൾ, അങ്കണവാടി-ആശാവർക്കർ, സാക്ഷരതാ പ്രേരക് എന്നിവർക്ക് ഈ ബജറ്റിൽ വലിയ സഹായം ചെയ്തിട്ടുണ്ട്. അത് നല്ലകാര്യമാണ്. പക്ഷെ തുച്ഛമായ ഓണറേറിയം മാത്രമുള്ള അങ്കണവാടി വർക്കർമാരിൽ പെൻഷനായവരുണ്ട്. ദുരിതപൂർണ്ണമായ ജീവിതമാണ് അവർ നയിക്കുന്നത്. അവരുടെ പെൻഷൻ

വർധിപ്പിച്ചുകൊടുക്കാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി തയ്യാറാകണമെന്നാണ് എനിക്ക് അഭ്യർഥിക്കാനുള്ളത്. മറ്റൊന്ന്, കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പള പരിഷ്കരണമാണ്. സർവീസ് കുറഞ്ഞവർക്ക് പെൻഷൻ വർധിപ്പിച്ചിട്ടില്ല. തുച്ഛമായ സംഖ്യയാണ് അവർക്ക് കിട്ടുന്നത്. അവരുടെ പെൻഷൻ കുറച്ച് വർധിപ്പിച്ചുകൊടുക്കാൻ ധനകാര്യ വകുപ്പുമന്ത്രി തയ്യാറാകുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. റേഷൻ വ്യാപാരികൾക്ക് വേതന പരിഷ്കരണം അനുവദിച്ച മന്ത്രിയെ ഞാൻ അഭിനന്ദിക്കുകയാണ്. അതോടൊപ്പം അവരുടെ ക്ഷേമനിധി ആനുകൂല്യങ്ങൾകൂടി വർധിപ്പിക്കാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി തയ്യാറാകണം. കേന്ദ്രം അവഗണന തുടരുമ്പോഴും കേരളത്തിന്റെ വികസനവും പുരോഗതിയും ലക്ഷ്യം വച്ചുകൊണ്ട്, തനതായ വരുമാനം വർധിപ്പിച്ച് വികസന രംഗത്ത് മുന്നേറ്റമുണ്ടാക്കാനായി പ്രവർത്തിച്ച ധനകാര്യ വകുപ്പുമന്ത്രിയെയും ഗവൺമെന്റിനെയും അഭിനന്ദിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. പി. വി. ശ്രീനിജിൻ: സർ, ബഹുമാനപ്പെട്ട ചെയർ കുറച്ചു സമയം കൂടുതൽ അനുവദിക്കണം. കാരണം ബജറ്റ് ചർച്ചയിൽനിന്ന്

പിൻതിരിഞ്ഞുപോയ പ്രതിപക്ഷത്തിന്റെ സമയംകൂടി ഞങ്ങൾക്ക് വേണം. കാരണം ബജറ്റുമായി ബന്ധപ്പെട്ട് അത്രത്തോളം നമുക്ക് സംസാരിക്കാനുണ്ട്.

ചെയർപേഴ്സൺ: ലിബറലായി സമയം നൽകുന്നുണ്ട്. അങ്ങ് സംസാരിച്ചോളൂ...

ശ്രീ. പി. വി. ശ്രീനിജിൻ: സർ, ബജറ്റിനെ ഞാൻ അനുകൂലിക്കുന്നു. 'പ്രേമം' എന്ന മലയാള സിനിമയിൽ നായക കഥാപാത്രം പറയുന്ന ഒരു ഡയലോഗുണ്ട്. Java simple ആണ്, But powerful ആണ്. നമ്മുടെ ബജറ്റ് വളരെ സിമ്പിളുമാണ് പവർഫുള്ളുമാണ്. അത് എങ്ങനെയാണെന്ന് ആലോചിച്ചാൽ, ഇതിൽ പ്രതിപാദിച്ചിരിക്കുന്ന പദ്ധതികളെല്ലാം സമൂഹത്തിലെ തൊഴിലാളികൾ, കർഷകർ, മധ്യവർഗം, സർക്കാർ ജീവനക്കാർ, യുവാക്കൾ, വിദ്യാർഥികൾ, വ്യാപാരികൾ, വ്യവസായികൾ തുടങ്ങി സമസ്ത മേഖലകളെയും തൊട്ടുപോകുന്ന ബജറ്റാണിത്. അതുകൊണ്ടാണ് ബജറ്റ് പ്രസംഗം കഴിഞ്ഞപ്പോൾ കക്ഷി-രാഷ്ട്രീയത്തിനതീതമായി നമ്മളെല്ലാവരും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയെ പ്രശംസിച്ചത്. അത്രത്തോളം ജനഹൃദയങ്ങൾ തൊട്ടറിഞ്ഞ ബജറ്റാണ് അങ്ങ് അവതരിപ്പിച്ചത്. അതിന് ബഹുമാനപ്പെട്ട ധനകാര്യ

വകുപ്പുമന്ത്രിയെ ഞാൻ പ്രത്യേകം അഭിനന്ദിക്കുകയാണ്.

എന്റെ നിയോജകമണ്ഡലമായ കുന്നത്തുനാടിലെ ജനങ്ങളോട് ഞാൻ ഈയവസരത്തിൽ പ്രത്യേകം നന്ദി പറയാൻ ആഗ്രഹിക്കുകയാണ്. കാരണം 2021 മേയ് മാസത്തിൽ എന്നെ തിരഞ്ഞെടുത്ത് നിയമസഭയിലേയ്ക്ക് അയച്ചതുമുതൽ ഈ ദിവസംവരെ നിങ്ങൾ എന്നെ ഏൽപ്പിച്ച ദൗത്യം കൃത്യമായി ചെയ്യാൻ എനിക്ക് കഴിഞ്ഞിട്ടുണ്ട്. മറ്റ് നിയോജകമണ്ഡലങ്ങളെപ്പോലെയല്ല എന്റെ മണ്ഡലം. കാരണം അവിടെ ഒരു കോർപ്പറേറ്റ് രാഷ്ട്രീയകക്ഷികൂടിയുണ്ട്, നാല് പഞ്ചായത്തുകൾ അവരാണ് ഭരിക്കുന്നത്. ഒരു വികസന പ്രവർത്തനവും നടത്താൻ എന്നെ സമ്മതിക്കാതെ ശ്വാസം മുട്ടിക്കുന്ന സമീപനമുണ്ടായിട്ടുപോലും ഏകദേശം രണ്ടായിരം കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ നടത്താൻ എനിക്ക് കഴിഞ്ഞുവെന്നുള്ള ആത്മാഭിമാനത്തോടുകൂടിയാണ് ഞാൻ ഇന്നിവിടെ നിൽക്കുന്നത്. എന്റെ മണ്ഡലത്തിൽ ലൈഫ് പദ്ധതി മുഖേന ഏകദേശം 1342 വീടുകൾ നൽകാൻ കഴിഞ്ഞു. അതിൽ 541 വീടുകൾ എസി.സി./എസ്.ടി വിഭാഗക്കാർക്കാണ് നൽകിയത്. എന്റെ നിയോജകമണ്ഡലം ഒരു സംവരണ മണ്ഡലമാണ്. എന്നിൽ വിശ്വാസമർപ്പിച്ച

ആ ജനതയ്ക്ക്, വീടുകളില്ലാത്ത ഭവനരഹിതരായ ആളുകൾക്ക് അഞ്ചുവർഷംകൊണ്ട് 1342 വീടുകൾ നൽകാൻ എനിക്ക് സാധിച്ചു. മാത്രമല്ല, പി.ഡബ്ല്യൂ.ഡി. വർക്കുകളിൽമാത്രം റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങളടക്കം ഏകദേശം 300 കോടി രൂപയുടെ പദ്ധതികൾ നൽകാൻ കഴിഞ്ഞിട്ടുണ്ട്. ആലുവ-മൂന്നാർ റോഡിന്റെ പ്രധാന ഭാഗം കടന്നുപോകുന്നത് വാഴക്കുളം ഭാഗത്തുക്കൂടിയാണ്. കെ.ആർ.എഫ്.ബി. വഴി അവിടെ സ്ഥലമേറ്റെടുപ്പിനുമാത്രം 652 കോടി രൂപയാണ് അനുവദിക്കാൻ കഴിഞ്ഞത്. ശാശ്വതമായ കുടിവെള്ളക്ഷാമം പരിഹരിക്കുക എന്നത് തിരഞ്ഞെടുപ്പിലെ ഏറ്റവും പ്രധാനപ്പെട്ട വാഗ്ദാനമായിരുന്നു. എന്റെ മണ്ഡലത്തിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി ഏകദേശം 426 കോടി രൂപ വിവിധ പദ്ധതികളിലൂടെ അനുവദിച്ചു. ഗ്രാമീണ റോഡുകൾക്ക് ഏകദേശം 8 കോടി രൂപയും വിവിധ സ്കൂളുകൾക്ക് 35 കോടി രൂപയും അനുവദിക്കാൻ സാധിച്ചു. എന്റെ നിയോജകമണ്ഡലത്തിൽ അമ്പതോളം എൽ.പി./യു.പി. സ്കൂളുകളുണ്ട്. എല്ലാ സ്കൂളുകൾക്കും പുതിയ കെട്ടിടങ്ങൾ നിർമ്മിക്കാൻ സാധിച്ചിട്ടുണ്ട്. ആരോഗ്യ മേഖലയിൽ വിവിധ ആശുപത്രികളുടെ നവീകരണത്തിനായി ഏകദേശം 20 കോടി രൂപയും എസ്.സി./എസ്.ടി. ക്ഷേമ

പ്രവർത്തനങ്ങൾക്കും പുതിയ നഗറുകളുടെ വികസനത്തിനും വേണ്ടി 15 കോടി രൂപയും വ്യവസായ വകുപ്പിന്റെ വിവിധ പദ്ധതികൾക്കായി ഏകദേശം 100 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. കൂടാതെ 125 കോടി രൂപയുടെ സി.എസ്.ആർ. ഫണ്ട് ഉപയോഗിച്ചുകൊണ്ട് വിവിധ വികസന പ്രവർത്തനങ്ങൾ നടത്താൻ സാധിച്ചിട്ടുണ്ട്. നവകേരള സദസ്സ് വഴി 7 കോടി രൂപയും വിവിധ ഗ്രൗണ്ടുകളുടെ നവീകരണമുൾപ്പെടെ കായിക മേഖലയുടെ സമസ്ത വികസനത്തിനുവേണ്ടി ഏകദേശം 10 കോടി രൂപയും റവന്യൂ വകുപ്പ് മുഖേനയുള്ള സ്മാർട്ട് വില്ലേജ് ആഫീസുകൾക്ക് ഏകദേശം 5 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. കഴിഞ്ഞ അഞ്ചുവർഷംകൊണ്ട് ടൂറിസം മേഖലയിൽ ഏകദേശം 15 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ കഴിഞ്ഞു. കുന്നത്തുനാട് സ്മാർട്ട് കൃഷിഭവനുൾപ്പെടെ കൃഷിവകുപ്പുവഴി ഏകദേശം 50 കോടി രൂപയുടെയും വൈദ്യുതി വകുപ്പിന്റെ വിവിധ പദ്ധതികളിലൂടെ 100 കോടി രൂപയുടെയും വികസന പ്രവർത്തനങ്ങൾ അവിടെ നടത്താൻ സാധിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുഖേനയും പട്ടികജാതി/പട്ടികവർഗ വകുപ്പ് മുഖേനയും സഹകരണ വകുപ്പ് വഴിയും നടപ്പാക്കിയ ചികിത്സാ സഹായ പദ്ധതികളിലൂടെ ഏകദേശം 15 കോടി

രൂപയുടെ ചികിത്സാ സഹായം നൽകാൻ സാധിച്ചിട്ടുണ്ട്. സിവിൽ സപ്ലൈസ് വകുപ്പുവഴി എന്റെ നിയോജകമണ്ഡലത്തിൽ 18 കെ-സ്റ്റോറുകൾ അനുവദിച്ചു. അങ്ങനെ നിരവധി പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. സമയം തികയാത്തതുകൊണ്ടാണ് ഞാൻ ഓരോ പദ്ധതികളും എടുത്തുപറയാത്തത്. അതുകൊണ്ടാണ് കുറച്ചുസമയം കൂടുതൽ അനുവദിക്കണമെന്ന് ഞാൻ നേരത്തെ ആവശ്യപ്പെട്ടത്.

എന്റെ നിയോജകമണ്ഡലത്തിൽ കിഴക്കമ്പലത്തുള്ള ഒരു മുതലാളി ഒരു രാഷ്ട്രീയ കക്ഷി തുടങ്ങുകയും ആ മണ്ഡലത്തിലെ ജനങ്ങൾക്ക് ചില സൗജന്യങ്ങളൊക്കെ പ്രഖ്യാപിക്കുകയും ചെയ്തിരുന്നു. ഇദ്ദേഹത്തിന്റെ ഈ പോക്ക് എന്നെങ്കിലും സംഘ്പരിവാറിൽ എത്തിച്ചേരുമെന്ന് നിയമസഭാ തിരഞ്ഞെടുപ്പിൽ മത്സരിക്കുമ്പോൾത്തന്നെ ഞാൻ കൃത്യമായി പറഞ്ഞിരുന്നു. ആദ്യഘട്ടത്തിൽ ഇതൊന്നും ആരും വിശ്വസിച്ചിരുന്നില്ല. എന്നാൽ കഴിഞ്ഞ ദിവസം അദ്ദേഹത്തിന്റെ പാർട്ടി സംഘ്പരിവാറിൽ ചേരുകയാണെന്ന് അദ്ദേഹം പ്രഖ്യാപിക്കുകയുണ്ടായി. വികസനത്തിനുവേണ്ടിയാണ് അവരോടൊപ്പം ചേരുന്നതെന്നാണ് അദ്ദേഹം പറഞ്ഞത്. ആർക്ക് വേണ്ടിയുള്ള വികസന പ്രവർത്തനങ്ങളാണ്? അദ്ദേഹത്തിന്റെ കമ്പനിക്ക്

ലാഭമുണ്ടാക്കുന്ന കാര്യങ്ങളൊഴികെ സാധാരണക്കാരന് ഗുണമുള്ള ഏതെങ്കിലും ഒരു വികസന പ്രവർത്തനം ഈ നാലുപഞ്ചായത്തുകളിലും നടത്താൻ അദ്ദേഹത്തിന് കഴിഞ്ഞിട്ടുണ്ടോ? ഇ.ഡി. അന്വേഷണം വന്നതിന്റെ ഭാഗമായി അദ്ദേഹം പെട്ടെന്ന് നിലപാട് മാറ്റിയതാണ്. അതുകൊണ്ട് ഇ.ഡി.-യെ പേടിച്ച് സംഘ്പരിവാർ സംഘടനകളിലേയ്ക്ക് പോകുന്ന രാഷ്ട്രീയ നേതാക്കൻമാർക്ക് ഒരു ക്ഷേമനിധി ഏർപ്പെടുത്താൻ തയ്യാറാകണമെന്നാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് എനിക്ക് അഭ്യർഥിക്കാനുള്ളത്. ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ ക്രിസ്ത്യൻ-മുസ്ലീം പുരോഹിതന്മാരടക്കം നിരവധി ആളുകളെ സംഘ്പരിവാർ ആക്രമിക്കുന്നുണ്ടെന്ന് പറഞ്ഞപ്പോൾ ശ്രീ. സാബു എം. ജേക്കബ് പറഞ്ഞത് അതെല്ലാം ഒറ്റപ്പെട്ട സംഭവങ്ങളാണെന്നാണ്. ഇതാണോ ഒറ്റപ്പെട്ട സംഭവങ്ങൾ? നമ്മുടെ രാജ്യത്ത് സമാധാനപരമായി ജീവിക്കാൻ, ഇഷ്ടപ്പെട്ട ഭക്ഷണം കഴിക്കാൻ, ഇഷ്ടപ്പെട്ട വസ്ത്രം ധരിക്കാൻ കഴിയാത്ത തരത്തിൽ സംഘ്പരിവാറിന്റെ സംഘടനാരൂപം കേരളത്തിൽ കൊണ്ടുവരാനുള്ള ശ്രീ. സാബു എം. ജേക്കബിന്റെ കുതന്ത്രവും കച്ചവട താൽപര്യവുമാണ് ഇതിനുപുറകിലുള്ളത്. ശ്രീ. സാബു എം. ജേക്കബിന്റെ ഏകാധിപത്യപരമായ

നടപടികളെ എതിർത്തുകൊണ്ട് ട്വന്റി-ട്വന്റിയിൽ പ്രവർത്തിക്കുന്ന സാധാരണക്കാരായ നിരവധി ആളുകൾ ഇപ്പോൾ പുറത്തുവരുന്നുണ്ട്. ഇനിയും കൂടുതൽ ആളുകൾ ജനാധിപത്യ ചേരിയിലേക്ക് വരുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. നേരത്തെ ഞാൻ സൂചിപ്പിച്ച 1348 വീടുകൾ നൽകിയത് കമ്മ്യൂണിസ്റ്റുകാർക്ക് മാത്രമല്ല. എല്ലാ രാഷ്ട്രീയകക്ഷികളിലും എല്ലാ മതത്തിലും പെടുന്ന ആളുകൾക്കായാണ് ഞങ്ങൾ വീടുകൾ നൽകിയിട്ടുള്ളത്, വികസന പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളത്. ഇതാണ് കമ്മ്യൂണിസ്റ്റ് രീതി. കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ കേരളത്തിലെ സമസ്തമേഖലകളെയും സ്പർശിക്കുന്ന വികസന പ്രവർത്തനങ്ങൾ നടത്തുവാൻ ഞങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. ഒരു കാര്യംകൂടി പറഞ്ഞ് പ്രസംഗം അവസാനിപ്പിക്കുകയാണ്.

കേരളത്തിലെ ഏറ്റവും പഴയ നഗരങ്ങളിലൊന്നാണ് കോലഞ്ചേരി. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി 2023-24 ബജറ്റിൽ കോലഞ്ചേരി ബൈപ്പാസിന് ടോക്കൺ അഡ്വാൻസായി 35 കോടി രൂപ അനുവദിച്ചിരുന്നു. അതിനുശേഷം ഡിസൈനുകളും പരിശോധനകളും കഴിഞ്ഞു. ഇപ്പോൾ ആ പദ്ധതി കിഫ്ബിയുടെ പരിഗണനയിലാണുള്ളത്. ബഹുമാനപ്പെട്ട ധനകാര്യ

വകുപ്പുമന്ത്രി ഇടപെട്ട് പദ്ധതി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികളെടുക്കണമെന്ന് ഒരിക്കൽക്കൂടി അഭ്യർത്ഥിച്ചുകൊണ്ട് ഈ ബജറ്റിനെ ഞാൻ സ്വാഗതം ചെയ്യുന്നു.

ശ്രീ. അഹമ്മദ് ദേവർകോവിൽ: സർ, ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ഈ ബജറ്റിനെ ഞാൻ പിന്തുണയ്ക്കുന്നു. കേരളത്തിന്റെ വികസന യാത്രയിൽ പുതിയൊരു പ്രതീക്ഷയുടെ വാതിൽ തുറക്കുന്ന ബജറ്റാണ് 2026-27 സാമ്പത്തിക വർഷത്തേക്കുള്ള സംസ്ഥാന ബജറ്റ്. എന്നാൽ കേരളമെന്ന സംസ്ഥാനത്തെ മറന്നുകൊണ്ടുള്ള കേന്ദ്ര ബജറ്റിനെ നഖശിഖാന്തം എതിർക്കാതിരിക്കാൻ ഒരു കേരളീയനും സാധിക്കില്ലെന്ന യാഥാർത്ഥ്യം നമ്മൾ ഒരിക്കലും വിസ്മരിച്ചുകൂടാ. ഒരു രാജ്യം മുന്നേറുന്നത് അതിന്റെ കണക്ക് കൂട്ടലുകളാൽ മാത്രമല്ല, അതിന്റെ കാഴ്ചപ്പാടുകളിലാണ് എന്ന ആപ്തവാക്യം ബജറ്റിനെ ഏറ്റവും ശ്രദ്ധേയമാക്കി മാറ്റിയിട്ടുണ്ട്. റവന്യൂ വരുമാനത്തിൽ 45889.49 കോടി രൂപയുടെ വർധനവ് പ്രതീക്ഷിക്കുന്നതുതന്നെ ഏറെ പ്രതീക്ഷയുളവാക്കുന്നതാണ്. ഈ ബജറ്റ് തനതു നികുതി വരുമാനത്തിൽ 10271.51 കോടി രൂപയുടെയും

നികുതിയേതര വരുമാനത്തിൽ 1595.5 കോടി രൂപയുടെയും വർധനവ് ലക്ഷ്യമിടുന്നു. കേന്ദ്ര സാമ്പത്തിക അവഗണനയ്ക്കിടയിലും സംസ്ഥാനം ശക്തമായി മുന്നോട്ടുനീങ്ങുന്നുവെന്നതിന് തെളിവാണിത്. സംസ്ഥാനത്തെ എല്ലാ വിഭാഗം ജനങ്ങളുടെയും മുന്നേറ്റത്തിനുതകുന്ന നിർദേശങ്ങൾ ഈ ബജറ്റ് വ്യക്തമായി മുന്നോട്ടുവയ്ക്കുന്നുണ്ട്. മുഖ്യമന്ത്രിയുടെ സ്ത്രീ സുരക്ഷാ പദ്ധതിക്ക് 3720 കോടി രൂപ, മുഖ്യമന്ത്രിയുടെ കണക്ട് ടു വർക്ക് സ്കോളർഷിപ്പ് പദ്ധതിക്ക് 400 കോടി രൂപ, ക്ഷേമ പെൻഷൻ നൽകുന്നതിനായി 14500 കോടി രൂപ, നികുതിദായകരെ ആദരിക്കുവാനും പുരസ്കാരം നൽകുന്നതിനും 5 കോടി രൂപ, കേരളത്തിലെ എല്ലാ പൗരന്മാർക്കും നേറ്റിവിറ്റി കാർഡ് നൽകുന്ന പദ്ധതിക്ക് 20 കോടി രൂപ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ജനറൽ പർപ്പസ് ഫണ്ട് 3237 കോടി രൂപ, മെയിന്റനൻസ് ഫണ്ട് 4316 കോടി രൂപ, പ്ലാൻ ഫണ്ട് 10,189 കോടി രൂപ, പഞ്ചായത്ത് മെമ്പർമാർ- കൗൺസിലർമാർ എന്നിവരുടെ ഓണറേറിയം വർധിപ്പിക്കുന്നത്, സർക്കാർ ജീവനക്കാരുടേയും പെൻഷൻകാരുടെയും ശമ്പള പരിഷ്കരണ കമ്മീഷൻ പ്രഖ്യാപിച്ചതോടൊപ്പം അവശേഷിക്കുന്ന ഡി.എ., ഡി.ആർ. ഗഡുക്കൾ പൂർണ്ണമായും നൽകുന്നത്,

പങ്കാളിത്ത പെൻഷൻ പദ്ധതിക്ക് പകരം അടിസ്ഥാന ശമ്പളത്തിന്റെ അമ്പതുശതമാനം തുക പരമാവധി പെൻഷൻ ഉറപ്പാക്കുന്ന രീതിയിൽ അഷ്വേർഡ് പെൻഷൻ പദ്ധതി ഏപ്രിൽ 1 മുതൽ നടപ്പിലാക്കുന്നത്, അങ്കണവാടി വർക്കർമാരുടെ പ്രതിമാസ വേതനം 1000 രൂപയായും ഹെൽപ്പർമാരുടെ പ്രതിമാസ വേതനം 500 രൂപയായും ഉയർത്തിയത്; ആശാ വർക്കർമാരുടെ പ്രതിമാസ വേതനം, പ്രീ-പ്രൈമറി അധ്യാപകരുടെ വേതനം തുടങ്ങിയവ 1000 രൂപ വീതം ഉയർത്തിയത്, കാൻസർ, ലെപ്രസി, എയ്ഡ്സ്, ക്ഷയ രോഗബാധിതരുടെ പ്രതിമാസ പെൻഷൻ 1000 രൂപ വർധിപ്പിച്ചത്, ഇസ്ലാമിക പണ്ഡിതനും സാമൂഹിക പരിഷ്കർത്താവുമായിരുന്ന ശൈഖ് സൈനുദ്ദീൻ മഖ്ദൂം രണ്ടാമന്റെ പേരിൽ പൊന്നാനിയിൽ ചരിത്ര ഗവേഷണ സെന്റർ സ്ഥാപിക്കുന്നതിന് തുക അനുവദിച്ചത്, അയ്യങ്കാളി പഠന കേന്ദ്രത്തിന് 1.5 കോടി അനുവദിച്ചത്, കാവാരികുളം കണ്ടൻ കുമാരൻ പഠന കേന്ദ്രത്തിന് 1.5 കോടി രൂപ, മാർ ഇവാനിയോസ് മ്യൂസിയത്തിന് 1.5 കോടി രൂപ തുടങ്ങി സാമൂഹ്യനീതി, വിദ്യാഭ്യാസം, ആരോഗ്യം, കാർഷികം, വ്യവസായം തുടങ്ങി എല്ലാ മേഖലകളെയും സമന്വയിപ്പിച്ച സമഗ്രമായ ദിശാബോധമാണ് ഈ ബജറ്റിന്റെ എടുത്തുപറയാവുന്ന പ്രത്യേകതകൾ.

പാവപ്പെട്ടവനെ കൈ പിടിച്ചുയർത്താനും യുവതലമുറയ്ക്ക് അവസരങ്ങൾ സൃഷ്ടിക്കാനും സ്ത്രീ ശക്തീകരണത്തിനും ബജറ്റ് നൽകുന്ന മുൻഗണന അഭിനന്ദനാർഹമാണ്. വികസനം മനുഷ്യനിലേക്ക് എത്തുമ്പോഴാണ് യഥാർഥ പുരോഗതിയെന്ന ചിന്തയെ അടിസ്ഥാനമാക്കിയുള്ള പദ്ധതികളാണ് ഇതിലുൾപ്പെടുത്തിയിരിക്കുന്നത്. തൊഴിലവസര വർധനവിനും സ്റ്റാർട്ടപ് സംരംഭങ്ങൾക്കും നൽകിയിട്ടുള്ള പ്രോത്സാഹനം പുതിയ കേരളത്തിന്റെ സ്വപ്നങ്ങൾക്ക് ശക്തമായ അടിത്തറയാണ്. നമ്മുടെ വിദ്യാർഥികൾ വിദേശരാജ്യങ്ങളിലേക്ക് പഠനാവശ്യാർഥവും മറ്റുമായി ഒഴുകിക്കൊണ്ടിരിക്കുന്നുവെന്ന് പ്രചരിപ്പിക്കപ്പെടുന്ന ഒരു സാഹചര്യത്തിലാണ് ആ കുട്ടികൾക്ക് ഇവിടെത്തന്നെ സ്റ്റാർട്ടപ്പുകൾ ആരംഭിച്ചുകൊണ്ട് വരുമാന വർധനവിനുള്ള സാധ്യതകൾ തുറന്നുകൊടുക്കുന്ന ഒരു ബജറ്റായി ഈ ബജറ്റ് മാറിയിട്ടുള്ളത്. കാർഷിക മേഖലയ്ക്ക് പ്രഖ്യാപിച്ച സഹായ പദ്ധതികൾ ഗ്രാമീണ സമ്പദ് വ്യവസ്ഥയ്ക്ക് പുതുജീവൻ നൽകുമെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. വിദ്യാഭ്യാസ മേഖലയിലെ നവീന പദ്ധതികളും ഡിജിറ്റൽ സാങ്കേതിക സൗകര്യവികസനത്തിനുള്ള നീക്കങ്ങളും കേരളത്തെ അറിവുസമൂഹമാക്കാനുള്ള ദൃഢനിശ്ചയം വ്യക്തമാക്കുന്നുണ്ട്.

ആരോഗ്യരംഗത്തെ നിക്ഷേപങ്ങൾ ആരോഗ്യമുള്ള ജനതയാണ് സമ്പന്നമായ രാഷ്ട്രത്തിന്റെ ശക്തിയെന്ന സത്യത്തെ വീണ്ടും ഓർമ്മിപ്പിക്കുന്നു. കേന്ദ്ര സർക്കാർ സൃഷ്ടിക്കുന്ന സാമ്പത്തിക പ്രതിസന്ധികളുടെയും ആഗോള വെല്ലുവിളികളുടെയും നടുവിൽ ക്ഷേമപദ്ധതികളെ സംരക്ഷിച്ചുകൊണ്ടുള്ള ധനകാര്യ നിയന്ത്രണം ഈ ബജറ്റിന്റെ യാഥാർഥ്യ ബോധ്യത്തെയാണ് കാണിക്കുന്നത്. എന്നാൽ കേന്ദ്രഗവൺമെന്റ് കേരളത്തോട് കാണിക്കുന്ന ഈ വിവേചനത്തിനെതിരെ ഒറ്റക്കെട്ടായി ശബ്ദമുയർത്താൻ ബാധ്യസ്ഥമായ പ്രതിപക്ഷം സഭാനടപടികളിൽപ്പോലും കൃത്യമായി പങ്കെടുക്കാതെ കേന്ദ്ര ഗവൺമെന്റിനെതിരായി 'ക, മ' എന്ന രണ്ടക്ഷരങ്ങൾ ഉച്ചരിക്കാൻ തയ്യാറാകാതെ പോകുന്നത് കേരളീയ ജനതയോട് അവർ നടത്തുന്ന വെല്ലുവിളിയാണെന്ന് പറയാതിരിക്കാൻ നിർവാഹമില്ല. മാസങ്ങൾക്കകം നടക്കാനിരിക്കുന്ന നിയമസഭാ തിരഞ്ഞെടുപ്പിൽ കേരള ജനത ശക്തമായ തിരിച്ചടി അവർക്ക് നൽകുമെന്ന് സാന്ദർഭികമായി സൂചിപ്പിക്കാൻകൂടി ഞാൻ ഈ അവസരം ഉപയോഗപ്പെടുത്തുകയാണ്.

പരിസ്ഥിതി സംരക്ഷണത്തിനും ഹരിതവീക്ഷണത്തിനും

നൽകിയിട്ടുള്ള പ്രാധാന്യം ഭാവിതലമുറയോടുള്ള ഉത്തരവാദിത്വത്തിന്റെ തെളിവാണ്. ഇതെല്ലാം കണ്ട് വിറളിപൂണ്ട പ്രതിപക്ഷനേതാവും അനുയായികളും ചില കള്ളപ്രചരണങ്ങളും ജൽപനങ്ങളും നടത്തി മുന്നോട്ട് പോയിക്കൊണ്ടിരിക്കുന്നുവെന്നത് ഏറെ ഖേദകരം തന്നെയാണ്. സ്വപ്നം ചെറുതായാലും ചുവടുകൾ ഉറച്ചതായിരിക്കണമെന്ന വാക്കുകൾപോലെ വലിയ വാഗ്ദാനങ്ങൾക്കപ്പുറം പ്രായോഗികമായ നടപടികളാണ് ഈ ബജറ്റ് മുന്നോട്ടുവയ്ക്കുന്നത്. സാധാരണക്കാരന്റെ ജീവിത നിലവാരം ഉയർത്തുകയെന്ന ലക്ഷ്യം ഇതിന്റെ ഓരോ പ്രഖ്യാപനത്തിലും പ്രതിഫലിക്കുന്നുണ്ട്. ഈ ബജറ്റ് കേരളത്തിന്റെ പ്രതീക്ഷകൾക്ക് പുതുശക്തിയാകുമെന്ന ഉറച്ച വിശ്വാസത്തോടെ കേരളത്തിന്റെ ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ചിട്ടുള്ള ഈ ബജറ്റിനെ പൂർണാർഥത്തിൽ ഞാൻ പിന്തുണയ്ക്കുന്നു.

<u>ശ്രീ. എം. വിജിൻ</u>: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ജനകീയ ബജറ്റിനെ ഞാൻ പിന്തുണയ്ക്കുകയാണ്. ഇന്നലെ അവതരിപ്പിച്ച കേന്ദ്ര ബജറ്റിൽ കേരളത്തോട് ക്രൂരമായ അവഗണനയാണ് കാണിച്ചിരിക്കുന്നത്. ഇന്ത്യയുടെ ഭൂപടത്തിൽ കേരളമുണ്ടോയെന്ന് ഓരോ മലയാളിയും കേന്ദ്ര സർക്കാരിനോട് ചോദിക്കേണ്ട സാഹചര്യമുണ്ടാക്കുന്ന

ബജറ്റായിരുന്നു ഇന്നലെ അവതരിപ്പിച്ചത്. സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ഇരുപത്തിയൊൻപത് പദ്ധതികൾ ആവശ്യപ്പെട്ടിരുന്നു. കേരളത്തിന് AIIMS-ഉം അതിവേഗ റെയിൽ പദ്ധതിയും അനുവദിച്ചിട്ടില്ല. ശബരി റെയിൽപാതയെക്കുറിച്ച് നിരവധി തവണ ചർച്ച ചെയ്തെങ്കിലും അതും അനുവദിച്ചില്ല. വയനാടിനുവേണ്ടി നയാപൈസ പോലും നൽകിയിട്ടില്ല. വിഴിഞ്ഞം തുറമുഖത്തിന്റെ വികസനക്കുതിപ്പിനും തുക അനുവദിച്ചിട്ടില്ല. കേന്ദ്ര ബജറ്റിൽ കേരളത്തിന് നൽകിയതെന്താണ്? കേരളത്തിന് നൽകിയിരിക്കുന്നത് ആമ മുട്ട മാത്രമാണ്. മറ്റൊന്നും നൽകാൻ ഈ കേരളത്തിൽ .....

ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): ശബരി റെയിൽ പദ്ധതിയുടെ ചെലവിന്റെ പകുതി കേരള സർക്കാർ വഹിച്ചുകൊണ്ട് പദ്ധതി ആരംഭിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർദേശിച്ചതിന്റെ അടിസ്ഥാനത്തിൽ അതിന് തുടക്കംകുറിക്കാൻ തീരുമാനിച്ചിരിക്കുകയാണ്.

ശ്രീ. എം. വിജിൻ: സർ, അക്കാര്യത്തിൽ സംസ്ഥാന സർക്കാരിനെ ഞാൻ അഭിനന്ദിക്കുകയാണ്. പല തവണ ഇതേ ആവശ്യങ്ങൾ

ഉന്നയിച്ചെങ്കിലും കേന്ദ്ര ബജറ്റിൽ നയാ പൈസ അനുവദിക്കാൻ കേന്ദ്ര സർക്കാർ തയ്യാറായില്ല. ആശ വർക്കർമാരോട് വലിയ സ്നേഹം കാണിച്ചവരാണല്ലോ ഇവിടത്തെ ബി.ജെ.പി. പ്രവർത്തകരും നേതാക്കന്മാരും കേന്ദ്ര മന്ത്രിയുമെല്ലാം. എന്നാൽ ആശ വർക്കർമാരുടെ ഓണറേറിയം എവിടെയാണ് വർധിപ്പിച്ചത്; അങ്കണവാടി ജീവനക്കാരെ വഞ്ചിച്ച കേന്ദ്ര ബജറ്റല്ലേ ഇന്നലെ അവതരിപ്പിക്കപ്പെട്ടത്? കേന്ദ്ര സർക്കാരിന്റെ മലയാളികളോടുള്ള വെല്ലുവിളിയെ രാഷ്ട്രീയഭേദമന്യേ നാം ഒറ്റക്കെട്ടായി നേരിടേണ്ടതുണ്ടെന്നാണ് കേന്ദ്ര ബജറ്റ് കാണിക്കുന്നത്. എന്നാൽ കേരളത്തിന്റെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ച ബജറ്റ് കേരള ജനതയെ, പ്രത്യേകിച്ച്, അടിസ്ഥാന ജനവിഭാഗങ്ങളെ കൂടുതൽ ചേർത്തുപിടിക്കുന്ന ഒരു ജനകീയ ബജറ്റാണെന്ന് അഭിമാനത്തോടെ പറയാം. കേരളത്തിന്റെ ഖജനാവിൽ പൂച്ച പെറ്റുകിടന്നിട്ടില്ല, ട്രഷറി അടച്ച് പൂട്ടിയിട്ടില്ല, ശമ്പളം മുടങ്ങിയിട്ടില്ല എന്നുള്ളത് അഭിമാനത്തോടെ പറയാം. കേന്ദ്ര സർക്കാർ കടുത്ത അവഗണന കാണിച്ച ഘട്ടത്തിലും അഞ്ച് വർഷം അഭിമാനത്തോടെ കേരളത്തെ മുന്നോട്ടുനയിച്ച ബജറ്റുകളാണ് ബഹുമാനപ്പെട്ട ധനകാര്യ

വകുപ്പുമന്ത്രി കേരള നിയമസഭയിൽ അവതരിപ്പിച്ചത്. മുഖ്യമന്ത്രിയുടെ സ്ത്രീസുരക്ഷാ പദ്ധതി, കണക്ട് ടു വർക്ക് പദ്ധതി തുടങ്ങിയ പദ്ധതികളെ സംബന്ധിച്ച് ഞാൻ ആവർത്തിക്കുന്നില്ല. ക്ഷേമ പെൻഷൻ നൽകാൻ 14,500 കോടി രൂപയാണ് ബജറ്റിൽ അനുവദിച്ചത്. അങ്കണവാടി വർക്കർ, ആശാ വർക്കർ, സാക്ഷരതാ പ്രേരക് എന്നിവരുടെ ഓണറേറിയം 1000 രൂപ വർധിപ്പിച്ചു. നമ്മുടെ പ്രിയപ്പെട്ട പാചകത്തൊഴിലാളികൾക്ക് ദിവസവേതനത്തിൽ ഇരുപത്തിയഞ്ച് രൂപ വർധിപ്പിച്ചു. വിദ്യാഭ്യാസ രംഗത്ത് എത്രയോ കാലമായി പ്ലസ് ടു വരെ സൗജന്യ വിദ്യാഭ്യാസം നൽകുന്ന സംസ്ഥാനമാണ് കേരളം. അതും ഇടതുപക്ഷ സർക്കാരിന്റെ തീരുമാനമായിരുന്നു. ഇന്ന് ഡിഗ്രിതലം വരെ സൗജന്യ വിദ്യാഭ്യാസം നൽകുന്ന ഇന്ത്യയിലെ ഏക സംസ്ഥാനം കേരളമാണെന്നതും നമുക്ക് അഭിമാനത്തോടെ പറയാം. ഒന്നാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ്സുവരെയുള്ള വിദ്യാർഥികൾക്ക് അപകട ലൈഫ് ഇൻഷ്വറൻസ്, ഹരിത കർമ്മ സേനയ്ക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് എന്നിവ പ്രഖ്യാപിച്ചു. ഓട്ടോറിക്ഷാ തൊഴിലാളികളെ ചേർത്തുപിടിച്ച ബജറ്റാണിത്. പരിസ്ഥിതി സൗഹൃദ ഓട്ടോയ്ക്ക് നാല്പതിനായിരം രൂപ വരെ ധനസഹായം, ഓട്ടോ/ടാക്സി തൊഴിലാളികൾക്ക്

ഇൻഷ്വറൻസ് എന്നിവ ഏർപ്പെടുത്തി. കേരളത്തിലുടനീളം മികവേറിയ ഓട്ടോ സ്റ്റാന്റുകൾ സ്ഥാപിക്കുന്നതിന് പ്രത്യേകമായ തുക അനുവദിച്ചു. കാൻസർ, ലെപ്രസി രോഗബാധിതരുടെ പെൻഷൻ 2000 രൂപയാക്കി വർധിപ്പിച്ചു. സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും ഡി.എ. കുടിശ്ശിക തീർത്തുകൊടുക്കാൻ തീരുമാനിച്ചു. യുവജന ക്ലബ്ബുകൾക്ക് പ്രതിവർഷം പതിനായിരം രൂപ പ്രവർത്തന ഗ്രാന്റ് നൽകാൻ തീരുമാനിച്ചു. പട്ടികജാതി വിദ്യാർഥികൾക്ക് പഠനത്തിനായി 677 കോടി രൂപ അനുവദിച്ചു. കേന്ദ്രത്തിന്റെ കടുത്ത അവഗണനയിലും തനത് നികുതി വരുമാനത്തിൽ 1,27,747 കോടി രൂപ അധികമായി പിരിച്ചെടുത്തു. കൂടാതെ, തനത് നികുതിയേതര വരുമാനത്തിൽ 24,898 കോടി രൂപ അധികമായി പിരിച്ചെടുത്തത് മാതൃകയല്ലേ?

എന്റെ നിയോജകമണ്ഡലത്തിൽ ഒരിക്കലും നടക്കില്ലെന്ന് കരുതിയ നിരവധി പദ്ധതികൾ യാഥാർഥ്യമാക്കിയ ബജറ്റുകളായിരുന്നു ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നിയമസഭയിൽ അവതരിപ്പിച്ചത്. പഴയങ്ങാടിയുടെ അമ്പത് വർഷത്തെ കാത്തിരിപ്പായിരുന്നു ഒരു അണ്ടർ പാസ്സ് എന്നത്. ഗതാഗതക്കുരുക്കിലായിരുന്ന ആ നാടിനെ മോചിപ്പിക്കാൻ

ബജറ്റിൽ 7 കോടി രൂപ അനുവദിച്ചു. ഇന്ന് വളരെ സന്തോഷമുള്ള ദിവസമാണ്, ആ അണ്ടർപാസ് ടെൻഡർ ചെയ്തിരിക്കുന്നു. ആ സ്വപ്നം യാഥാർത്ഥ്യമാക്കുന്ന ബജറ്റാണിത്. എൺപത് കോടി രൂപയുടെ കാവിൽമുനമ്പ് പാലം പ്രവൃത്തി ടെൻഡർ നടപടിയിലേക്ക് എത്തിയിരിക്കുന്നു. കല്ല്യാശ്ശേരി മണ്ഡലത്തിലെ മുഴുവൻ വീടുകളിലും കുടിവെള്ള കണക്ഷൻ നൽകിയിരിക്കുന്നു, പി.ഡബ്ല്യൂ.ഡി. റോഡുകളെല്ലാം ബി.എം.&ബി.സി. നിലവാരത്തിലേക്ക് മാറിയിരിക്കുന്നു, പതിനൊന്ന് മനോഹരമായ ഗ്രൗണ്ടുകൾ യാഥാർത്ഥ്യമാകുന്നു, ഗവൺമെന്റ് സ്കൂളുകൾക്കെല്ലാം മികച്ച കെട്ടിടങ്ങൾ വന്നിരിക്കുന്നു, ഗ്രാമീണ റോഡുകൾ മികച്ച നിലവാരത്തിലേക്ക് മാറിയിരിക്കുന്നു. അങ്ങനെ എന്റെ നിയോജകമണ്ഡലത്തെ സംബന്ധിച്ചിടത്തോളം ധാരാളം അഭിമാനകരമായ പദ്ധതികൾ പ്രാവർത്തികമാക്കാൻ സാധിക്കുന്ന ഒരു ബജറ്റാണിത്.

ഒന്നുരണ്ടു കാര്യങ്ങൾ കൂടി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്. എന്റെ നിയോജകമണ്ഡലത്തിൽ പ്രത്യേകിച്ച് കണ്ണൂർ ജില്ലയിൽ, നല്ലരീതിയിൽ പ്രവർത്തിക്കുന്ന നിരവധി കൈത്തറി സൊസൈറ്റികളുണ്ട്. അവർക്ക് അടിസ്ഥാന

സൗകര്യവികസനത്തിന് സഹായങ്ങൾ നൽകാൻ ചില പരിമിതികൾ നിലനിൽക്കുന്നുണ്ട്. കൈത്തറി തൊഴിലാളികൾക്ക്/സംഘങ്ങൾക്ക് ആവശ്യമായ സഹായങ്ങൾ നൽകാൻ അങ്ങയുടെ ഭാഗത്തുനിന്ന് നടപടികളുണ്ടാകണമെന്ന് അഭ്യർഥിക്കുകയാണ്. അതുപോലെ നിർമ്മാണത്തൊഴിലാളികളെ ചേർത്തുപിടിച്ച് അവരുടെ കുടിശ്ശിക സർക്കാർ തീർപ്പാക്കിക്കൊണ്ടിരിക്കുകയാണ്. എങ്കിലും അവരുടെ ആശങ്കകൾ കുറച്ചുകൂടി വേഗത്തിൽ പരിഹരിക്കാനാവശ്യമായ തീരുമാനം അങ്ങയുടെ ഭാഗത്തുനിന്നുമുണ്ടാകണമെന്ന് അഭ്യർഥിക്കുകയാണ്.

ഉത്തരകേരളത്തിലെ ക്ഷേത്രങ്ങളിലെ ആചാര്യസ്ഥാനീയരുടെയും കോലധാരികളുടെയും പെൻഷൻ കുടിശ്ശിക തീർത്ത് നൽകിയതിൽ അങ്ങയെ അഭിനന്ദിക്കുകയാണ്. പുതുതായി ആചാര്യസ്ഥാനീയരായവർ ഉൾപ്പെടെയുള്ളവരുടെ പെൻഷൻ അപേക്ഷകളുണ്ട്. അത് വളരെ കുറഞ്ഞ എണ്ണം മാത്രമേയുള്ളൂ. അതുകൂടി പരിഗണിച്ച് അവർക്കുകൂടി പെൻഷൻ അനുവദിച്ചുകൊടുക്കാനാവശ്യമായ തീരുമാനം അങ്ങയുടെ ഭാഗത്തുനിന്നുണ്ടാകണമെന്ന് അഭ്യർഥിക്കുകയാണ്.

കേരളം മാറുകയാണ്. നവകേരളം യാഥാർഥ്യമാവുകയാണ്.

പവർകട്ട്/ലോഡ്ഷെഡിങ് ഇല്ലാത്ത കേരളം, വർഗീയ കലാപങ്ങളില്ലാത്ത കേരളം, അഴിമതിയില്ലാത്ത കേരളം, സർക്കാർ സ്കൂളുകൾ അടച്ചുപൂട്ടാത്ത കേരളം, പാഠപുസ്തകങ്ങൾ കൃത്യമായി കൊടുക്കുന്ന കേരളം; കണ്ണൂർ വിമാനത്താവളം, വിഴിഞ്ഞം തുറമുഖം, ഗെയിൽ പൈപ്പ് ലൈൻ, കെ-ഫോൺ, മെട്രോ, വാട്ടർ മെട്രോ എന്നിവ യാഥാർത്ഥ്യമാക്കിയ ഗവൺമെന്റാണിത്. പാവങ്ങൾക്ക് വീട് -നാവുകൊണ്ട് 30 സെക്കന്റിൽ 300 വീടുകളല്ല- അഞ്ച് ലക്ഷം വീടുകൾ ലൈഫ് പദ്ധതിയിലൂടെ യാഥാർത്ഥ്യമാക്കിയ ഗവൺമെന്റാണിത്. ബുൾഡോസർ രാജ് നടപ്പാക്കാത്ത സംസ്ഥാനം, വീടുകൾ തകർക്കുകയല്ല, അഞ്ച് ലക്ഷം സ്വപ്നങ്ങൾ സാക്ഷാത്കരിക്കുന്ന കേരളം; സാമൂഹ്യ ക്ഷേമ പെൻഷൻ 2000 രൂപ, സ്ത്രീ സുരക്ഷാ പെൻഷൻ 1000 രൂപ, കണക്ട് ടു വർക്ക് 1000 രൂപ; ഓരോ താലൂക്ക് ആശുപത്രിയും സൗജന്യ ഡയാലിസിസ് കേന്ദ്രമായി മാറിയ കേരളം; എഫ്.എച്ച്.സി.-കൾ മനോഹരമായ കേരളം; ഹൃദയം, മുട്ട് മാറ്റിവയ്ക്കൽ തുടങ്ങിയ സങ്കീർണമായ ശസ്ത്രക്രിയകൾ പൊതുജനാരോഗ്യ മേഖലയിൽ നടപ്പിലാക്കിയ കേരളം; വ്യവസായ സൗഹൃദ സംസ്ഥാനമായ കേരളം; സ്റ്റാർട്ടപ്പുകളുടെ ഹബ്ബായി മാറിയ കേരളം; രാജ്യത്തേറ്റവും കൂടുതൽ

പി.എസ്.സി. നിയമനങ്ങൾ നടത്തിയ കേരളം; ഓഖി, നിപ, കൊറോണ, എന്നീ മഹാമാരികളുടെ കാലത്തും ഉരുൾപൊട്ടൽ തുടങ്ങിയ പ്രകൃതി ദുരന്തങ്ങളുടെ കാലത്തും ഈ നാടിന്റെ ജനതയെ ചേർത്തുപിടിച്ച, നെഞ്ചുറപ്പോടെ നേരിട്ട കേരളം; കേരളത്തെ കേന്ദ്ര സർക്കാർ സാമ്പത്തികമായി തകർക്കാൻ ശ്രമിച്ചപ്പോൾ അതിനെയെല്ലാം അതിജീവിച്ച കേരളം. പിണറായി വിജയൻ ഗവൺമെന്റ് നവകേരളം യാഥാർത്ഥ്യമാക്കുകയാണ്. ഇത് ജനകീയ ബജറ്റാണ്. പ്രതിപക്ഷത്തിനെപ്പോഴും സ്വപ്ന ബജറ്റായിരിക്കും. കാരണം അവരുടെ സ്വപ്നത്തിൽപോലും കാണാൻ സാധിക്കാത്തവിധം ജനതയെ ചേർത്തുപിടിച്ചുകൊണ്ടാണ് ധനകാര്യ വകുപ്പുമന്ത്രി ബജറ്റ് അവതരിപ്പിച്ചത്. കേരളത്തിന്റെ മുന്നേറ്റത്തെ തടയാനും മതനിരപേക്ഷതയെ തടയാനുമുള്ള നുണകളുടെ കുത്തൊഴുക്കാണ് കേരളത്തിലെ പ്രതിപക്ഷം മുന്നോട്ട് വയ്ക്കുന്നത്. പത്ത് വോട്ട് നേടാൻ കേരളത്തിന്റെ മതനിരപേക്ഷതയെ തകർക്കുന്ന പ്രതിപക്ഷത്തെ നാം ഒറ്റക്കെട്ടായി നേരിടേണ്ടതുണ്ട്. ഇന്ത്യയെ കലാപഭൂമിയാക്കാനുള്ള വർഗീയ പ്രത്യയശാസ്ത്രത്തിന് സൈദ്ധാന്തിക അടിത്തറ പാകിയ ഗോൾവാൾക്കറുടെ ഫോട്ടോയ്ക്ക് മുമ്പിൽ മാലയിട്ട്

കുമ്പിട്ടുനിന്ന ആളാണ് പ്രതിപക്ഷനേതാവ്. അദ്ദേഹം മതനിരപേക്ഷതയെക്കുറിച്ച് പറയുന്നത് കേരളത്തിന് അപമാനമാണ്. ജമാഅത്തെ ഇസ്ലാമിയെ മതരാഷ്ട്രവാദികളല്ലെന്ന് പ്രഖ്യാപിച്ചയാളാണ് കേരളത്തിന്റെ പ്രതിപക്ഷനേതാവ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവേ, വെളുപ്പിച്ച് വെളുപ്പിച്ച് നിങ്ങൾ ഈ മതരാഷ്ട്രവാദികളെ എങ്ങോട്ടാണ് കൊണ്ടുപോകുന്നത്? നിങ്ങളുടെ മുഖം ഈ നാടിനറിയാം. ആർ.എസ്.എസ്. ശാഖയ്ക്ക് കാവൽനിന്നുവെന്ന് അഭിമാനത്തോടുകൂടി പറഞ്ഞ മുൻ കെ.പി.സി.സി. പ്രസിഡന്റിനെ എതിർത്തുകൊണ്ട് സംസാരിക്കാൻ ഈ പ്രതിപക്ഷ നിരയിൽ ആരെങ്കിലും തയ്യാറായോ? അതാണ് നിങ്ങളുടെ നിലപാട്. നിങ്ങൾ ശാഖയ്ക്ക് കാവൽനിന്നപ്പോൾ, വർഗീയ കലാപമുണ്ടായ തലശ്ശേരിയിൽ പള്ളി തകർക്കാൻ സംഘ്പരിവാർ കടന്നുവന്നപ്പോൾ പള്ളിക്ക് കാവൽനിന്ന പാരമ്പര്യമാണ് ഞങ്ങൾക്കുള്ളത്. അന്ന് പള്ളി സംരക്ഷിക്കാൻ കാവൽനിന്ന, വർഗീയ കലാപത്തെ ചെറുത്തുനിൽക്കാൻ കരുത്തോടെ നിന്ന നേതാവാണ് ഇന്നത്തെ കേരള മുഖ്യമന്ത്രി സഖാവ് പിണറായി വിജയൻ. അതാണ് ഞങ്ങളുടെ മതനിരപേക്ഷതയുടെ നിലപാടുകൾ. 'ചുവന്ന കൊടികെട്ടിയ ഒരു അംബാസിഡർ കാർ

കലാപബാധിത പ്രദേശങ്ങളിലൂടെ സഞ്ചരിക്കുകയും കലാപത്തിൽ പെട്ടുപോയ മനുഷ്യരെ ശാന്തരാക്കുന്നതിനും ആശ്വസിപ്പിക്കുന്നതിനും അക്ഷീണം എത്തിക്കുകയും ചെയ്തു' എന്ന് തലശ്ശേരി കലാപത്തിന്റെ അന്വേഷണത്തെത്തുടർന്നുള്ള ജസ്റ്റിസ് വിതയത്തിൽ കമ്മീഷൻ റിപ്പോർട്ടിലെ ഒരു പാരഗ്രാഫിൽ പറയുന്നുണ്ട്. ചുവന്ന കൊടികെട്ടിയ കാറിൽ സഞ്ചരിച്ച ആ മനുഷ്യന്റെ പേര് സഖാവ് പിണറായി വിജയൻ എന്നാണ്. അതാണ് ഞങ്ങളുടെ മതനിരപേക്ഷതയുടെ മുഖം. ആ മതനിരപേക്ഷതയെ ചേർത്തുപിടിച്ച് ഞങ്ങൾ മുന്നോട്ടുപോകും. നിങ്ങൾ ആ മതനിരപേക്ഷതയെ തകർക്കുന്നു എന്ന യാഥാർഥ്യംകൂടി കാണണം. ഞങ്ങൾ മുന്നോട്ടുവച്ചത് ഗുരുദേവന്റെ മുദ്രാവാക്യമാണ്. "ജാതി ഭേദം മതദ്വേഷം ഏതുമില്ലാതെ സർവ്വരും സോദരത്വേന വാഴുന്ന മാതൃകാസ്ഥാനമാണിത്" - ഇതാണ് ഞങ്ങളുടെ മുദ്രാവാക്യം.

<u>ചെയർപേഴ്സൺ</u>: പ്ലീസ് കൺക്ലൂഡ്.

<u>ശ്രീ. എം. വിജിൻ</u>: സർ, വൈക്കം സത്യാഗ്രഹത്തിന് നേതൃത്വം കൊടുത്ത മന്നത്ത് പത്മനാഭന്റെയും അയ്യങ്കാളിയുടെയും മുദ്രാവാക്യമാണ്

ഞങ്ങൾ മുന്നോട്ടുവയ്ക്കുന്നത്. പൊയ്കയിൽ യോഹന്നാന്റെയും പ്രിയപ്പെട്ട നവോത്ഥാന നായകൻമാരുടെയും സഹോദരൻ അയ്യപ്പന്റെയും വക്കം അബ്ദുൽ ഖാദർ മൗലവിയുടെയും സ്വാമി ആനന്ദതീർത്ഥന്റെയും മുദ്രാവാക്യത്തെ ഈ മണ്ണിൽ ശാശ്വതമാക്കാൻ മതനിരപേക്ഷതയെ ചേർത്തുപിടിച്ചുകൊണ്ടാണ് കേരളത്തിലെ ഇടതുപക്ഷം നേതൃത്വം കൊടുക്കുന്നത്, കേരളത്തിലെ പിണറായി വിജയൻ ഗവൺമെന്റ് നേതൃത്വം കൊടുക്കുന്നത്. മതനിരപേക്ഷത കേരളത്തിന്റെ തെളിനീർ വർഗീയതയുടെ നഞ്ചുകലക്കാൻ യു.ഡി.എഫ്. എത്ര ആവർത്തി പരിശ്രമിച്ചാലും കേരളം അതിനെ അതിജീവിക്കുക തന്നെ ചെയ്യും. പാവപ്പെട്ടവനെ ചേർത്തുപിടിച്ച ജനകീയ ബജറ്റ് ഇനിയും കേരളത്തിൽ ഇടതുപക്ഷം അവതരിപ്പിക്കും. പ്രതിപക്ഷം സ്വപ്നം കണ്ടോളൂ, ഈ ബജറ്റ് ഈ മണ്ണിൽ മൂന്നാം എൽ.ഡി.എഫ്. ഗവൺമെന്റ് കൂടുതൽ കരുത്തോടെ നടപ്പാക്കുമെന്നുകൂടി സൂചിപ്പിച്ചുകൊണ്ട് ഒരിക്കൽ കൂടി ഈ ബജറ്റിനെ പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. പ്രേംകുമാർ: സർ, സ്വാതന്ത്ര്യം, സമത്വം, സാമ്പത്തികമായ

ഉൾച്ചേർക്കൽ, മനുഷ്യന്റെ അന്തസ്സ് എന്നിവയെ വിപുലീകരിക്കുന്ന നിരന്തര പ്രക്രിയയായി കേരളത്തിലെ വികസനത്തെ കണ്ട് ആദരണീയനായ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ച സംസ്ഥാന ബജറ്റിനെ ഞാൻ പൂർണ്ണമായും പിന്തുണയ്ക്കുന്നു. ന്യൂ നോർമൽ ബജറ്റ് എന്ന പുതിയ ടെർമിനോളജി ബജറ്റിന്റെ ഭാഗമായി മുന്നോട്ടുവയ്ക്കുകയും പ്രായോഗികവൽക്കരിക്കുന്ന പ്രവർത്തനങ്ങളെ മാത്രം പറയുകയും പറയുന്നത് പൂർണ്ണമായും നടപ്പാക്കുകയും ചെയ്യുന്ന ബജറ്റാണ് ഇതെന്ന് ബജറ്റ് അവതരിപ്പിച്ചുകൊണ്ടുതന്നെ വ്യക്തമാക്കിയതാണ്. ജനകീയ ജനക്ഷേമ ബജറ്റ് 2026-ൽ നമ്മുടെ കേരളത്തിന് അഭിമാനകരമായ നിലയിൽ അവതരിപ്പിക്കപ്പെട്ടുകഴിഞ്ഞു. രാജ്യത്തെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇന്നലെ അവതരിപ്പിച്ച ബജറ്റ് മൂന്നാം മോദി സർക്കാരിന്റെ മൂന്നാം ബജറ്റാണ്. മഹാഭൂരിപക്ഷം വരുന്ന ജനങ്ങളെയും സാമൂഹ്യമായി പുറംതള്ളുന്ന ബജറ്റാണ് അതെന്ന് ഒറ്റ നോട്ടത്തിൽതന്നെ മനസ്സിലാക്കാൻ സാധിക്കും. എല്ലാവർക്കുമൊപ്പം എല്ലാവരുടെയും വികസനം, വികസിത ഭാരതം, സാമ്പത്തിക വളർച്ച എന്നൊക്കെ പറയുക മാത്രമാണ് ചെയ്യുന്നതെന്ന് നാം കാണുന്നു. രൂപയുടെ മൂല്യം ഡോളറിന് തുല്യമാക്കുമെന്ന്

പറഞ്ഞവർ ആ കാര്യം ഇപ്പോൾ മിണ്ടുന്നേയില്ല. എയിംസ് പദ്ധതി കേരളത്തിലേക്ക് കൊണ്ടുവരുമെന്ന് പറഞ്ഞവർ അതുസംബന്ധിച്ച് ഇപ്പോൾ ഒന്നും പറയുന്നില്ല. യുവശക്തി ബജറ്റെന്ന് പറഞ്ഞിട്ടുണ്ടെങ്കിലും യുവാക്കൾക്ക് ഒരു പ്രതീക്ഷയും നൽകുന്നതല്ല രാജ്യത്തിന്റെ ഗവൺമെന്റ് അവതരിപ്പിച്ച ബജറ്റെന്ന് നമുക്ക് കാണാൻ സാധിക്കും. വിശ്വാസികളുടെ സംരക്ഷകർ എന്ന് അവകാശപ്പെടുന്ന ബി.ജെ.പി. നയിക്കുന്ന കേന്ദ്ര സർക്കാർ കേരളം സ്ഥലമേറ്റെടുത്ത് നൽകിയിട്ടും ശബരി റെയിൽപാതയെക്കുറിച്ച് ബജറ്റിൽ ഒന്നും പറഞ്ഞില്ല. പകരം കടലാമ സംരക്ഷണ പദ്ധതിയിലാണ് കേരളത്തെ ഉൾപ്പെടുത്തിയത്. കൂടാതെ കേരളത്തിന്റെ അപൂർവ്വ ധാതുസമ്പത്ത് ഖനനം ലക്ഷ്യംവച്ച് പ്രഖ്യാപിച്ച ധാതു ഇടനാഴിയിലും ബ്ലൂ ഇക്കോണമിയിലും ഉൾപ്പെടുത്തിയത് സംശയാസ്പദമായ സാഹചര്യത്തിലാണെന്നുകൂടി നാം കാണുകയാണ്. രാജ്യത്ത് പൗരത്വ രജിസ്റ്റർ നടപ്പാക്കാനാകാത്തതിനാൽ ആ അജണ്ട ഒളിച്ചുകടത്തുന്നതായി എസ്.ഐ.ആർ. മാറുന്നുണ്ടെന്ന് പരക്കെ ആക്ഷേപങ്ങൾ  ഉയരുകയാണ്. പൗരന്മാരെ പട്ടികയിൽനിന്നും പുറംതള്ളുന്ന കാലത്ത് നേറ്റിവിറ്റി കാർഡിന് 20 കോടി രൂപ നീക്കിവച്ച് കേരളം  മാതൃക കാണിക്കുന്നുവെന്ന് നമുക്ക് കാണാൻ സാധിക്കും. ബജറ്റിന് തൊട്ടുമുൻപ്

മന്ത്രിസഭായോഗം ചേർന്ന് മതസ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള മന്ദിരങ്ങൾ, മഠങ്ങൾ, കോൺവെന്റുകൾ, ആശ്രമങ്ങൾ എന്നിവിടങ്ങളിൽ താമസിക്കുന്ന എല്ലാ സ്ത്രീകൾക്കും സാമൂഹിക സുരക്ഷാ പദ്ധതി ആനുകൂല്യങ്ങൾ ഉറപ്പാക്കുകയുണ്ടായി. നീതി, സമത്വം, സാമൂഹിക സുരക്ഷ എന്നീ മൂല്യങ്ങളോടുള്ള ഇടതുപക്ഷത്തിന്റെ പ്രതിബദ്ധതയാണ്, സ്ത്രീകളുടെ അർഹതയും അന്തസ്സും അംഗീകരിക്കലാണ് ഇതിലൂടെ വ്യക്തമാകുന്നത്. പ്രതിപക്ഷം കോടതിയിൽ പോയിട്ടുണ്ട്. തോട്ടപ്പള്ളി മണൽ വാരൽ വിജിലൻസ് കോടതി തള്ളി, ബ്രൂവറി ആരോപണം ഹൈക്കോടതി തള്ളി, ശ്രീ. ഇ. പി. ജയരാജന്റെ ബന്ധു നിയമനവുമായി ബന്ധപ്പെട്ട കേസിലെ വിജിലൻസ് എഫ്.ഐ.ആർ. ഹൈക്കോടതി റദ്ദാക്കി, പ്രിയപ്പെട്ട മുൻ മന്ത്രി ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ തോട്ടണ്ടി ഇടപാടിൽ അഴിമതി നടത്തിയെന്ന് ആരോപിച്ചുകൊണ്ട് കൊടുത്ത കേസ് തിരുവനന്തപുരം വിജിലൻസ് കോടതി തള്ളി, മുൻ മന്ത്രി ശ്രീ. എം. എം. മണി ഡാം തുറന്നുവിട്ടതുകൊണ്ടാണ് പ്രളയമുണ്ടായതെന്നുപറഞ്ഞ് കൊടുത്ത കേസ് ഹൈക്കോടതി തള്ളി, സി.എം.ഡി.ആർ.എഫ്.-ൽ ക്രമക്കേടെന്നുപറഞ്ഞ് കൊടുത്ത ഹർജി ലോകായുക്ത തള്ളി, മുൻ ആരോഗ്യ വകുപ്പുമന്ത്രി ശ്രീമതി

കെ. കെ. ശൈലജ ടീച്ചർ കോവിഡ് കാലത്തെ പി.പി.ഇ. കിറ്റ് ഇടപാടിൽ അഴിമതി നടത്തിയെന്നുപറയുന്ന കേസ് ലോകായുക്ത തള്ളി, കെ-ഫോൺ അഴിമതിയാണെന്നുപറഞ്ഞ് കൊടുത്ത കേസ് ഹൈക്കോടതി തള്ളി, എ.ഐ. ക്യാമറ സ്ഥാപിച്ചതിനെതിരെ കൊടുത്ത കേസ് തള്ളി. പ്രതിപക്ഷനേതാവിന് പബ്ലിക് ഇന്ററസ്റ്റല്ല പബ്ലിസിറ്റി ഇന്ററസ്റ്റാണെന്ന് ഒരു കോടതിക്ക് പറയേണ്ടി വന്നു. ആരോഗ്യസംബന്ധമായ ഡാറ്റ മുഴുവൻ കേരള ഗവൺമെന്റ് സ്പ്രിംഗ്ലർ കമ്പനിക്ക് വിറ്റ് കോടികൾ കൈപ്പറ്റി, ശ്രീ. പിണറായി വിജയൻ കമ്മീഷൻ കൈപ്പറ്റിയെന്നുപറഞ്ഞ് വലിയ തോതിൽ കൊട്ടിഘോഷിച്ച ആ കേസും ഹൈക്കോടതി തള്ളുകയുണ്ടായി. കേരളത്തിലെ പ്രതിപക്ഷം ഗവൺമെന്റിന്റെ പ്രതിപക്ഷമായല്ല കേരളത്തിലെ ജനങ്ങളുടെ പ്രതിപക്ഷമായാണ് പ്രവർത്തിക്കുന്നത്. ഇതിനെയെല്ലാം അതിജീവിച്ചുകൊണ്ടാണ് നമ്മുടെ സംസ്ഥാനം ഈ നിലയിൽ എല്ലാ മേഖലയിലും മാറ്റമുണ്ടാക്കിയും നേട്ടമുണ്ടാക്കിയും മുന്നേറ്റമുണ്ടാക്കിയും പോകുന്നതെന്ന് നമുക്ക് കാണാൻ സാധിക്കും. മുണ്ടക്കൈ-ചൂരൽമല ദുരന്തമുണ്ടായപ്പോൾ അവരുടെ കടബാധ്യത ഏറ്റെടുക്കാൻ യഥാർത്ഥത്തിൽ തയ്യാറാകേണ്ടിയിരുന്നത് രാജ്യത്തെ ഗവൺമെന്റായിരുന്നു. ദുരന്ത നിവാരണ

അതോറിറ്റി നിയമത്തിലെ സെക്ഷൻ 13 പ്രകാരം ദേശീയ ദുരന്തമായി പ്രഖ്യാപിച്ചാൽ ദേശസാൽകൃത ബാങ്കുകളിൽനിന്ന് ഈ ദുരന്തത്തിലകപ്പെട്ടവർ എടുത്ത വായ്പ സ്വാഭാവികമായും എഴുതിത്തള്ളപ്പെടും. ഹൈക്കോടതി പറഞ്ഞിട്ടും കൃത്യമായ ഉത്തരം നൽകാതെ ഒടുവിൽ നിയമം ഭേദഗതിചെയ്ത് ആ ഗുണം നമ്മുടെ നാട്ടിലെ സാധാരണക്കാരായ ജനങ്ങൾക്ക് ലഭിക്കാതിരിക്കാനുള്ള നടപടിയാണ്, കണ്ണിൽ ചോരയില്ലാത്ത സമീപനമാണ് രാജ്യത്തെ ഗവൺമെന്റ് സ്വീകരിച്ചത്. അവരെ ചേർത്തുപിടിച്ചുകൊണ്ട് പതിനെട്ട് കോടി എഴുപത്തിയഞ്ച് ലക്ഷം രൂപ മുണ്ടക്കൈ-ചൂരൽമല ദുരന്ത ബാധിതരുടെ കടബാധ്യത ഏറ്റെടുക്കുന്നതിനുവേണ്ടി തീരുമാനമെടുത്ത മന്ത്രിസഭയാണ് കേരളത്തിലേതെന്ന് നമുക്ക് കാണാൻ സാധിക്കും. 30 വീട് വച്ചുകൊടുക്കാമെന്ന് പറഞ്ഞ യൂത്ത് കോൺഗ്രസ് വട്ടപൂജ്യമായി നിലനിന്നപ്പോൾ 25 വീട് നൽകാമെന്ന് പറഞ്ഞ ഡിവൈ.എഫ്.ഐ. 100 വീടുകൾക്കുള്ള സംഖ്യ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് കൈമാറി രാജ്യത്തിനും ലോകത്തിനും മാതൃകയായ യുവജന പ്രസ്ഥാനമായി മാറിയെന്ന് നമുക്ക് കാണാൻ സാധിക്കും. ഏത് സാഹചര്യത്തിലാണ് കേരളം ഈ ബജറ്റ്

അവതരിപ്പിച്ചതെന്നുകൂടി നാം കാണണം. യു.പി.-ക്ക് കൊടുക്കുന്നത് 17.619%, കേരളത്തിന് സമാനമായ ജനസംഖ്യയുള്ള ആസ്സാമിന് കൊടുക്കുന്നത് 3.258%. കേരളത്തിന് ഇപ്പോഴും 2.382% മാത്രമാണ് നൽകുന്നത്. ഏഴ് അതിവേഗ റെയിൽ ഇടനാഴി രാജ്യത്ത് പ്രഖ്യാപിച്ചപ്പോൾ ഇന്ത്യൻ റെയിൽവേയ്ക്ക് ഏറ്റവുമധികം വരുമാനമുണ്ടാക്കിക്കൊടുക്കുന്ന കേരളത്തിന് വട്ടപൂജ്യമാണെന്ന് നാം വീണ്ടും കാണേണ്ടതുണ്ട്. നമ്മുടെ നാട്ടിൽ സംസ്ഥാനത്താകെ നടത്തുന്ന വികസന ക്ഷേമ പ്രവർത്തനങ്ങളുടെ തുടർച്ചയിൽ ഒറ്റപ്പാലം മണ്ഡലത്തിലും നിരവധി വികസന പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. പാലക്കാട് ജില്ലയിലെ ഏക സർക്കാർ എഞ്ചിനീയറിങ് കോളേജിന്റെ സ്റ്റാഫ് ക്വാർട്ടേഴ്സും ഇലക്ട്രിക്കൽ ബ്ലോക്കും ബഹുമാനപ്പെട്ട കേരളത്തിന്റെ മുഖ്യമന്ത്രി നേരിട്ടുവന്നാണ് ഉദ്ഘാടനം ചെയ്തത്. ഒറ്റപ്പാലം താലൂക്കാശുപത്രിയിൽ 13 കോടി രൂപയുടെ പുതിയ ഒ.പി. ബ്ലോക്കിന്റെ നിർമ്മാണം പൂർത്തീകരിച്ച് അതിന്റെ ഉദ്ഘാടനം ഈ ഭരണകാലത്താണ് നിർവഹിക്കപ്പെട്ടത്. അടക്കാപ്പുത്തൂർ കല്ലുവഴി റോഡ്, ശ്രീകൃഷ്ണപുരം മുറിയങ്കണ്ണി റോഡ് എന്നിവയുടെ യാഥാർഥ്യമാക്കൽ ഈ കാലഘട്ടത്തിലുണ്ടായി. രണ്ടാം ഘട്ടം വർക്ക് നടക്കുകയാണ്. ഒറ്റപ്പാലം

ചെർപ്പുളശ്ശേരി റോഡിന്റെ പ്രവൃത്തിയും വേഗതയിൽ പുരോഗമിക്കുകയാണ്. ഒറ്റപ്പാലം സാംസ്കാരിക നിലയത്തിന്റെ പ്രവൃത്തി പൂർത്തീകരിക്കാൻ ഒരു കോടി രൂപ; കേന്ദ്രീയ വിദ്യാലയം മൂർക്കംകാട്-കൈതപ്പാലം- പല്ലാർമംഗലം റോഡ് നിർമ്മാണത്തിനും നവീകരണത്തിനുമായി ഒരു കോടി രൂപ; വരോട് ഹെൽത്ത് സെന്ററിന് അരകോടി രൂപ; ശ്രീകൃഷ്ണപുരം കുടുംബാരോഗ്യ കേന്ദ്രത്തിന്റെ പുതിയകെട്ടിടത്തിന് 1.5 കോടി രൂപ; *പുലാപറ്റം* തോട്ടുപാലം അരികുഭിത്തി കെട്ടി സംരക്ഷിക്കുന്നതിന് ഒരു കോടി രൂപ; പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്തിൽ സാംസ്കാരിക നിലയം പണികഴിപ്പിക്കുന്നതിന് ഒന്നരകോടി രൂപ; അമ്പലപ്പാറ പഞ്ചായത്തിലെ കുടിവെള്ള പദ്ധതിയുടെ വിപുലീകരണത്തിന് ഒന്നര കോടി രൂപ; കടമ്പഴിപുറം സി.എച്ച്.സി.-ക്ക് പുതിയ കെട്ടിടം നിർമിക്കുന്നതിന് ഒരു കോടി രൂപ; അമ്പലപ്പാറ പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കുന്നതിന് ഒന്നര കോടി രൂപ; ലക്കിടിപേരൂർ പഞ്ചായത്ത് രണ്ടാം വില്ലേജ് മുതൽ അകലൂർകാവ് റോഡ് വരെ കനാൽ ലിങ്ക് റോഡിന് ഒരു കോടി രൂപ എന്നിങ്ങനെ നാടിന്റെ സുപ്രധാനമായ ആവശ്യങ്ങൾക്കെല്ലാം സംഖ്യ നീക്കിവച്ച ഒരു ബജറ്റാണ് ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ചതെന്നുകൂടി ഈ സന്ദർഭത്തിൽ ഞാൻ

സൂചിപ്പിക്കുകയാണ്. ഈ സർക്കാരിന്റെ കാലയളവിൽ വ്യവസായ വകുപ്പ് സ്വകാര്യ വ്യവസായ പാർക്കുകൾ അനുവദിക്കാൻ തീരുമാനിച്ചപ്പോൾ നാല് സ്വകാര്യ വ്യവസായ പാർക്കുകൾ ഒറ്റപ്പാലം മണ്ഡലത്തിൽ മാത്രമായി ആരംഭിക്കാൻ സാധിച്ചു. ഏതാനും ആഴ്ച മുമ്പാണ് ബഹുമാനപ്പെട്ട നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി ശ്രീ. പി. രാജീവ് കേരളത്തിലെ ആദ്യത്തെ വനിത സ്വകാര്യ വ്യവസായ പാർക്കിന് തറക്കല്ലിട്ട് അഭിമാനകരമായ തുടക്കം കുറിച്ചത്. പത്ത് കോടി രൂപ ചെലവഴിച്ച് ഒറ്റപ്പാലത്ത് നിർമ്മിക്കുന്ന കേരളത്തിലെ ആദ്യത്തെ ഭിന്നശേഷി സൗഹൃദ ഇൻഡോർ സ്റ്റേഡിയത്തിന്റെ നിർമ്മാണോദ്ഘാടനം ബഹുമാനപ്പെട്ട ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പുമന്ത്രി ശ്രീ. വി. അബ്ദുറഹിമാൻ നടത്തുകയുണ്ടായി. അതിന്റെ പണി പുരോഗമിക്കുകയാണ്. ഒമ്പത് കളിസ്ഥലങ്ങളിൽ നാലെണ്ണം പൂർത്തീകരിച്ച് ഈ മാസം തന്നെ ഉദ്ഘാടനം ചെയ്യാവുന്ന നിലയിലേക്ക്, നമ്മുടെ നാടിന്റെ വിവിധ മേഖലകളിൽ നല്ല നിലയിലുള്ള വളർച്ചയും മുന്നേറ്റവും നടത്താൻ നമുക്ക് കഴിയുന്നുവെന്നത് അഭിമാനകരമാണെന്ന കാര്യംകൂടി ഈ സന്ദർഭത്തിൽ ഞാൻ പങ്കുവയ്ക്കുകയാണ്. കേരളത്തിലെ സർക്കാർ ചേർത്തുപിടിച്ച മേഖലയാണ്

കെ.എസ്.ആർ.ടി.സി. പ്രയാസങ്ങൾ ഏറെ ഉണ്ടായപ്പോഴും പൊതുഗതാഗത സംവിധാനത്തെ ഒരു നിലയിലും ദുർബലപ്പെടുത്താതെ അതിനാവശ്യമായ ഫണ്ട് പൂർണമായും നൽകി അഭിമാനകരമായ നിലയിൽ സർക്കാർ സംരക്ഷിച്ചു. കെ.എസ്.ആർ.ടി.സി.-യിൽ പെൻഷൻ പറ്റിയ നാൽപ്പത്തിരണ്ടായിരത്തോളം പേരുണ്ട്. അവരുടെ പെൻഷൻ പരിഷ്കരിക്കുന്നതിനാവശ്യമായ കാലോചിതമായ നടപടി സർക്കാർ സ്വീകരിക്കണമെന്ന് സവിനയം അഭ്യർഥിക്കുകയാണ്. സർക്കാർ ജീവനക്കാരുടെ ക്ഷാമബത്ത പൂർണ്ണമായും നൽകുന്നതിനുവേണ്ടിയുള്ള തീരുമാനം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഈ ബജറ്റിന്റെ ഭാഗമായി സ്വീകരിച്ചു. അതിൽ കെ.എസ്.ആർ.ടി.സി. ജീവനക്കാരെക്കൂടി ഉൾപ്പെടുത്തുന്നതിനാവശ്യമായ നിലപാട് സ്വീകരിക്കണമെന്ന് ഈ സന്ദർഭത്തിൽ ആവശ്യപ്പെടുകയാണ്. നമ്മുടെ സംസ്ഥാനത്ത് ഷെൽറ്റർ ഹോമുകളുണ്ട്. ഡൊമസ്റ്റിക് വയലൻസ് ഷെൽറ്റർ ഹോമുകൾ. 1994-ൽ ഷെൽറ്റർ ഹോമുകൾ ആരംഭിച്ചപ്പോൾ അവിടെയുള്ള ജീവനക്കാർക്ക് നൽകിയിരുന്ന അതേ ശമ്പളമാണ് ഇപ്പോഴും നൽകുന്നത്. ഇതുവരെ അവരുടെ ശമ്പളം വർധിപ്പിച്ചിട്ടില്ല. ഒരുപക്ഷെ ശ്രദ്ധയിൽനിന്ന്

വിട്ടുപോയതായിരിക്കാം. സർക്കാർ ഇക്കാര്യത്തിൽ വളരെ പോസിറ്റീവായ നടപടി സ്വീകരിക്കുമെന്ന് പ്രതീക്ഷിക്കുകയാണ്. കുക്ക്, പ്യൂൺ, വാച്ച്മാൻ ഉൾപ്പെടെയുള്ളവരുടെ ശമ്പളം 5,500/- രൂപയാണ്. ഇത് ഒട്ടും കാലോചിതമല്ലെന്ന് മനസ്സിലാക്കിക്കൊണ്ട് അവരെക്കൂടി നല്ല നിലയിൽ ചേർത്തുപിടിക്കാൻ സർക്കാർ തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഒറ്റപ്പാലം മണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന കുഞ്ചൻ നമ്പ്യാർ സ്മാരകത്തിന്റെ പ്രധാനപ്പെട്ട പ്രവർത്തനങ്ങൾക്കെല്ലാം അടിത്തറയായി നിൽക്കുന്നത് സർക്കാരിൽനിന്നുള്ള ഗ്രാന്റാണ്. ആ ഗ്രാന്റ് കാലോചിതമായി വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമെന്ന പ്രതീക്ഷകൂടി ഈ സന്ദർഭത്തിൽ പങ്കുവയ്ക്കുന്നു. എല്ലാ പ്രതിസന്ധികളിലും നമ്മുടെ നാടിന് കരുത്തായി നിന്ന കേരളത്തിലെ ഇടതുപക്ഷ സർക്കാർ വീണ്ടും സംസ്ഥാനത്ത് അധികാരത്തിൽ വരുമെന്ന് എല്ലാ നിലയിലുമുള്ള പ്രതീക്ഷയും പ്രത്യാശയും നൽകിക്കൊണ്ട് തികച്ചും പ്രായോഗികമായ കാര്യങ്ങൾ മാത്രം ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഈ ബജറ്റിനെ പൂർണ്ണമായും ഞാൻ പിന്തുണയ്ക്കുന്നു. നല്ലത് തുടരട്ടെ. നാട് മുന്നേറട്ടെ. എല്ലാവർക്കും നന്ദി.

<u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: സർ, കേരളത്തിന്റെ പ്രധാനപ്പെട്ട

ആവശ്യങ്ങളൊന്നും പരിഗണിക്കാതെ കേരളത്തിലെ ജനങ്ങൾ രണ്ടാംതരം പൗരന്മാരാണ് എന്ന തരത്തിലാണ് കേന്ദ്രം ബജറ്റ് അവതരിപ്പിച്ചിട്ടുള്ളത്. കേരളത്തിന്റേതായ പ്രധാനപ്പെട്ട പദ്ധതികളൊന്നും നൽകിയില്ലെന്ന് മാത്രമല്ല വിഴിഞ്ഞം തുറമുഖത്തിന് പാക്കേജ്പോലും ഇല്ല. ശബരിമലയെക്കുറിച്ച് പറയുന്നവർ ശബരിമലയ്ക്കുവേണ്ടി ശബരി റെയിൽപാത അനുവദിക്കുന്നതിനുള്ള ഫണ്ട് ലഭ്യമാക്കിയില്ല. മാത്രമല്ല കേരളത്തിലെ അതിവേഗ റെയിൽപാത അടക്കമുള്ള നിരവധി ആവശ്യങ്ങൾ പരിഗണിച്ചതുമില്ല. ആമവേഗത്തിൽ കേരളത്തിലെ വികസനം പോയാൽ മതിയെന്ന തരത്തിൽ മനുഷ്യന്റെ ജീവൻ രക്ഷിക്കുന്ന എയിംസ് അടക്കമുള്ളവ നൽകാതിരിക്കുകയും അതോടൊപ്പം ഇവിടത്തെ ധാതുഖനികളെല്ലാം കോർപ്പറേറ്റുകൾക്ക് കൊടുക്കുന്നതിന് വേണ്ടിയുള്ള, ആമയെ തലോടിക്കൊണ്ട് ഇവിടത്തെ പൊതുമുതലുകൾ കൊള്ളയടിക്കാൻ കോർപ്പറേറ്റുകൾക്ക് സഹായം ചെയ്യുന്ന ബജറ്റാണ് കേന്ദ്രം അവതരിപ്പിച്ചത്. ആ ബജറ്റിനെ എതിർക്കുകയും ബജറ്റിനെതിരായി നിയമസഭയുടെ വലിയ വികാരം ഉയരുകയും ചെയ്യേണ്ട ഈ സമയത്ത് പ്രതിപക്ഷം ഈ ചർച്ചയിൽ പങ്കെടുക്കാതെ മാറി നിൽക്കുന്നത് അങ്ങേയറ്റം നിരാശാജനകമാണെന്നുകൂടി

പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. കേരളത്തിൽ കഴിഞ്ഞ പത്ത് വർഷമായി തുടരുന്ന ഇടതുപക്ഷ സർക്കാർ ഈ ബജറ്റിലും നവകേരള സൃഷ്ടി സാധ്യമാക്കുന്ന നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള പ്രഖ്യാപനങ്ങൾ നടത്തിയിരിക്കുകയാണ്. ഇന്ത്യാ രാജ്യത്ത് റേഷൻകടകൾ പൂട്ടാതെ വിശപ്പുരഹിതം സാധ്യമാക്കിയ സംസ്ഥാനമാണ് കേരളം. പട്ടിണി കിടക്കുന്ന അവസാനത്തെ മനുഷ്യനെയും ചേർത്തുപിടിച്ചുകൊണ്ടാണ് ഈ കേരളം മുന്നോട്ടുപോകുന്നത്. ഇരുളടയാത്ത, പവർ കട്ടില്ലാത്ത ഇന്ത്യാ രാജ്യത്തെ ഏക സംസ്ഥാനം കേരളമാണെന്ന് നമുക്ക് അഭിമാനത്തോടെ പറയാൻ സാധിക്കും. ഈ സർക്കാരിന്റെ ഏറ്റവും മികച്ച പ്രവർത്തനമാണിത്. സാധാരണക്കാരെയും പാവപ്പെട്ട പ്രായമുള്ള ആളുകളെയും കരുതലായി ചേർത്തുപിടിക്കുന്ന സർക്കാരാണ് ഈ സർക്കാർ. ഇന്ത്യാ രാജ്യത്ത് ഏറ്റവും കൂടുതൽ ക്ഷേമ പെൻഷൻ നൽകുന്നത് കേരള സർക്കാരാണ്. മാത്രമല്ല, ക്ഷേമപെൻഷൻ 600/- രൂപയിൽനിന്നും 1600/-രൂപയാക്കി. പിന്നീട് അത് 2000/- രൂപയായി വർദ്ധിപ്പിച്ചു. ഈ സർക്കാർ ഓരോ ബജറ്റിലും പ്രഖ്യാപിച്ച പദ്ധതികൾ നടപ്പിലാക്കുകയും ഇപ്പോൾ സ്ത്രീകൾക്ക് സുരക്ഷ ഉറപ്പുവരുത്തുന്ന

പദ്ധതി പ്രഖ്യാപിക്കുകയും ചെയ്തു. ഇതെല്ലാം ചർച്ച ചെയ്യാൻ പ്രതിപക്ഷം ഇല്ലാതിരിക്കുന്നതിലൂടെ ഈ വികസനങ്ങൾ ചർച്ച ചെയ്യാതിരിക്കലാണ് അവരുടെ ആവശ്യമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. മാത്രമല്ല, ഇന്ത്യാ രാജ്യത്ത് പല സ്ഥലങ്ങളിലും വർഗീയകലാപങ്ങളെല്ലാം ഉണ്ടാകുന്ന സമയത്തും നമ്മുടെ രാജ്യത്ത് വർഗീയ കലാപങ്ങളില്ലാതെ, ജാതി-മത ചിന്തകൾ നമ്മളെ വിഭജിക്കാനുള്ള ചിന്തകളായി മാറാതെ, മനുഷ്യരെ ചേർത്തുപിടിച്ചുകൊണ്ട് മുന്നോട്ടുപോകുന്ന ഒരു സർക്കാരാണ് കേരളത്തിലുള്ളത്. ഇടതുപക്ഷ സർക്കാർ അധികാരത്തിൽ വരുന്നതിനു മുമ്പ് മാറാട് കലാപങ്ങളടക്കമുള്ള കലാപങ്ങൾ കേരളത്തിലുണ്ടായിട്ടുണ്ട്. എന്നാൽ ഇന്ന് എല്ലാ മനുഷ്യരും ചേർന്നുനിന്നുകൊണ്ട് വികസനം ചർച്ച ചെയ്യുന്ന ഒരു സംസ്ഥാനമായി കേരളം മാറി. കേരളത്തിന്റെ ഭാവിയെക്കുറിച്ചാണ് നമ്മൾ പറയുന്നത്. ഇന്ത്യാ രാജ്യത്ത് ഒരു സർക്കാരിനും ഇത്രയും കുറഞ്ഞ കാലംകൊണ്ട് 5 ലക്ഷം വീടുകൾ സാധ്യമാക്കാൻ കഴിഞ്ഞിട്ടില്ലെന്നത് നമ്മൾ ചർച്ചയാക്കേണ്ട കാര്യമാണ്. പൊതുവിദ്യാഭ്യാസം താറുമാറായികിടന്ന ഒരു കാലത്തുനിന്നും ഏറ്റവും മികച്ച വിദ്യാഭ്യാസ മേഖലയിലേയ്ക്ക് നമ്മൾ വന്നു. മാത്രമല്ല, ഹൈടെക് ക്ലാസ് മുറികളും കെട്ടിടങ്ങളുമുണ്ടായി. പന്ത്രണ്ടാം

ക്ലാസ്സുവരെയുള്ള കുട്ടികൾക്ക് സൗജന്യമായി ഇൻഷ്വറൻസ് നടപ്പിലാക്കാൻ ഈ ബജറ്റ് തീരുമാനിച്ചത് അഭിമാനകരമായ കാര്യമാണ്. ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ ഡിഗ്രിവരെയുള്ള വിദ്യാഭ്യാസം സൗജന്യമാക്കാൻ കേരള സർക്കാർ തീരുമാനിച്ചു. അതിനാൽ ഇന്ത്യാ രാജ്യത്ത് സോഷ്യലിസത്തിലേക്ക് പോകുന്ന ഏക സർക്കാരാണ് കേരളത്തിലുള്ളതെന്ന് നമുക്ക് അഭിമാനത്തോടെ പറയാം. നിരവധി കാര്യങ്ങൾ പറയാനുണ്ടെങ്കിലും ഞാൻ അതിലേയ്ക്കൊന്നും കടക്കുന്നില്ല. ഈ കാലയളവിൽ പട്ടാമ്പി നിയമസഭാ മണ്ഡലത്തിൽ ആയിരം കോടി രൂപയിലധികം വരുന്ന വികസന പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. പട്ടാമ്പി നിയോജകമണ്ഡലത്തിന്റെ ചരിത്രത്തിൽ ആദ്യമായാണ് ഇത്രയും വലിയ വികസനങ്ങളുണ്ടാകുന്നത്. ഓരോ ബജറ്റിലും പ്രഖ്യാപിച്ച ഓരോ പദ്ധതികളും പടിപടിയായി നടക്കുകയാണ്. ഫയർ സ്റ്റേഷൻ, കൊപ്പം പോലീസ് സ്റ്റേഷൻ, മൈനോറിറ്റി കോച്ചിങ് സെന്റർ എന്നിവ പട്ടാമ്പിയിൽ യാഥാർത്ഥ്യമായി. അതുപോലെ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയുടെ റീജിയണൽ സെന്റർ പട്ടാമ്പിയിൽ ആരംഭിക്കുകയും ഈ ബജറ്റിൽ 5 കോടി രൂപ അതിന്റെ

കെട്ടിടത്തിനായി അനുവദിക്കുകയും ചെയ്തു. ഇ.എം.എസ്.-ന്റെ പേരിലുള്ള ഒരു പാർക്ക് യാഥാർത്ഥ്യമായി. പട്ടാമ്പി സെൻട്രൽ ഓർച്ചാഡിൽ മനോഹരമായ ഒരു പാർക്കിന്റെ നിർമ്മാണം നടന്നുകൊണ്ടിരിക്കുകയാണ്. നെല്ല് ഗവേഷണ കേന്ദ്രത്തിൽ അക്കാദമിക് ബ്ലോക്ക് യാഥാർത്ഥ്യമായതോടൊപ്പം ജലസംഭരണിയടക്കമുള്ള സൗകര്യങ്ങളും യാഥാർത്ഥ്യമായിക്കൊണ്ടിരിക്കുകയാണ്. എല്ലാ പഞ്ചായത്തിലും സമഗ്ര കുടിവെള്ള പദ്ധതിയുടെ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലേയ്ക്കെത്തുകയാണ്. അതിൽ ഓങ്ങല്ലൂർ - വല്ലപ്പുഴ സമഗ്ര കുടിവെള്ള പദ്ധതിക്ക് റെയിൽവെയുടെ പെർമിഷനുമായി ബന്ധപ്പെട്ട് ധാരാളം സമയമെടുത്തു. അതുമാത്രമല്ല, പ്ലാന്റിൽ കള്ളൻ കയറി കുറെ സാധനങ്ങൾ മോഷണം പോയതിന്റെ പേരിൽ കേസെടുത്തിട്ടുമുണ്ട്. പ്രസ്തുത പദ്ധതി പുനഃസ്ഥാപിച്ചുകൊണ്ട് വളരെ വേഗത്തിൽ കുടിവെള്ളം നൽകാനുള്ള നടപടികൾകൂടി സ്വീകരിച്ചാൽ പൂർണ്ണമായി എല്ലാവർക്കും കുടിവെള്ളം കിട്ടുന്ന മണ്ഡലമായി പട്ടാമ്പി നിയോജകമണ്ഡലം മാറും. അതിന് പ്രത്യേക ശ്രദ്ധകൂടി വേണമെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇപ്രാവശ്യത്തെ ബജറ്റിൽ വനിതാ സംരംഭകർക്കായി ഒരു വ്യവസായ

പാർക്കുകൂടി പട്ടാമ്പി നിയോജകമണ്ഡലത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. അതിനായി അഞ്ച് കോടി രൂപ അനുവദിച്ചതിന് പ്രത്യേകം നന്ദി അറിയിക്കുകയാണ്. പ്രത്യേകിച്ച് സ്ത്രീകളടക്കമുള്ളവർക്ക് ആധുനികരീതിയിലുള്ള ജോലികൾ ലഭ്യമാകാനും സംരംഭങ്ങൾ ആരംഭിക്കാനുമുള്ള സൗകര്യമുണ്ട്. അത് മണ്ഡലത്തിന്റെ മുഖച്ഛായ തന്നെ മാറ്റുമെന്നുള്ളതിൽ യാതൊരു സംശയവുമില്ല. മാത്രവുമല്ല, 2016-ൽ ഞാൻ ജനപ്രതിനിധിയായി വരുമ്പോൾ പട്ടാമ്പിയിലെ 90 ശതമാനത്തിലധികം റോഡുകളും തകർന്നുകിടക്കുകയായിരുന്നു. അതിൽ പട്ടാമ്പി പുലാമന്തോൾ റോഡ് അടക്കം എല്ലാ റോഡുകൾക്കും ഫണ്ട് വകയിരുത്തുകയും ബി.എം.&ബി.സി. നിലവാരത്തിൽ തൊണ്ണൂറ് ശതമാനം റോഡുകൾ ഉയർത്താനുള്ള ഫണ്ട് ലഭ്യമാകുകയും ചെയ്തു. അതുപോലെ വല്ലപ്പുഴ-മുളയൻകാവ്, വണ്ടുംതുറ-ഇട്ടിക്കടവ്, വല്ലപ്പുഴ-വാണിയംകുളം റോഡ് തുടങ്ങിയ നിരവധി റോഡുകൾക്കും മൂന്ന് മേൽപ്പാലങ്ങൾക്കും ഫണ്ട് വകയിരുത്തുകയും പട്ടാമ്പി പാലം യാഥാർഥ്യമാക്കുന്നതിന് ഫണ്ട് അനുവദിച്ച് നിർമ്മാണം ആരംഭിക്കുകയും ചെയ്തു. അഭിമാനകരമായ ഇനിയും നിരവധി കാര്യങ്ങളുണ്ട്. എങ്കിലും ഇത്രയും ഫണ്ട് ലഭ്യമായിട്ടുള്ള ഒരുകാലം

പട്ടാമ്പി മണ്ഡലത്തെ സംബന്ധിച്ചിടത്തോളമുണ്ടായിട്ടില്ല. കേരളത്തിലെ ഏറ്റവും വലിയ രണ്ട് ബഡ്സ് സ്കൂളുകൾ സ്ഥിതിചെയ്യുന്നത് പട്ടാമ്പിയിലാണ്. ഒന്ന് വല്ലപ്പുഴയിലും മറ്റൊന്ന് വിളയൂരിലുമാണ്. സ്വന്തം ആവശ്യങ്ങൾ പറയാൻ സാധിക്കാത്ത കുട്ടികളുടെ ആവശ്യങ്ങൾ പരിഗണിച്ചുകൊണ്ടുള്ള ഏറ്റവും മികച്ച രീതിയിലുള്ള രണ്ട് ബഡ്സ് സ്കൂളുകൾ. കേരളത്തിലെ രണ്ടാമത്തേതും പാലക്കാട് ജില്ലയിലെ ആദ്യത്തേതുമായ ഭിന്നശേഷി അങ്കണവാടി പട്ടാമ്പി മണ്ഡലത്തിൽ യാഥാർത്ഥ്യമായ കാര്യംകൂടി ഞാൻ അറിയിക്കുകയാണ്. പട്ടാമ്പിയിൽ 110 കെ.വി. സബ്സ്റ്റേഷൻ ആരംഭിച്ചത്, പട്ടാമ്പിയിലെ മുഴുവൻ വില്ലേജാഫീസുകളും സ്മാർട്ടാകുന്നതിന് ഫണ്ട് അനുവദിച്ചത്, ഓങ്ങല്ലൂരിൽ വെറ്ററിനറി ഹോസ്പിറ്റൽ, മിനിവൈദ്യുതി ഭവൻ കെട്ടിടം, പട്ടാമ്പിയിലെ ഡയാലിസിസ് സെന്റർ, തടയണകൾ അടക്കമുള്ള നിരവധി വികസന പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. താലൂക്കാശുപത്രി നവീകരണത്തിനായി ഫണ്ട് അനുവദിച്ചെങ്കിലും അതിന്റെ പെർമിഷനുവേണ്ടി റെയിൽവേയിൽ പെൻഡിങ്ങിലാണ്. ഗവൺമെന്റ് ഇടപെടൽ നടത്തിയാൽ അതുകൂടി പൂർത്തീകരിക്കാൻ സാധിക്കും. കിഫ്ബി ഫണ്ട് മുഖേന പട്ടാമ്പിയിൽ മുനിസിപ്പൽ ടവർ

യാഥാർഥ്യമായിക്കൊണ്ടിരിക്കുകയാണ്. റവന്യൂ ടവർ നിർമ്മാണം ആരംഭിക്കുന്നതിനുള്ള ടെൻഡർ നടപടികൾ പൂർത്തീകരിച്ചത് അഭിമാനിക്കാവുന്ന കാര്യമാണ്. മപ്പാട്ടുകരയിലെ റെയിൽവേ അടിപ്പാതയുടെ നിർമ്മാണത്തിന് ഗവൺമെന്റ് ഫണ്ട് അനുവദിച്ചുവെന്ന് മാത്രമല്ല നാല് കോടി രൂപയിലധികം വരുന്ന തുക റെയിൽവേയ്ക്ക് കൈമാറുകയും ചെയ്തു. ഇനി റെയിൽവേ പണി തുടങ്ങിക്കഴിഞ്ഞാൽ അത് യാഥാർഥ്യമാകാൻ പോകുകയാണ്. ഇതെല്ലാം ഏറെ സന്തോഷമുള്ള കാര്യമാണ്. ഗ്രാമീണ റോഡുകളടക്കമുള്ള പദ്ധതികൾ പ്രഖ്യാപിച്ച് ഫണ്ട് അനുവദിച്ച ചില പദ്ധതികൾക്ക് ഭരണാനുമതി ലഭിക്കുന്നതിന് കാലതാമസമെടുക്കുന്നുണ്ട്. തിരുവേഗപ്പുറ-അഞ്ചുമൂല റോഡ് പദ്ധതിക്ക് ഭരണാനുമതി നൽകുന്നതിന് കാലതാമസമെടുക്കുന്നുണ്ട്. ബഹുമാനപ്പെട്ട മന്ത്രി പ്രത്യേക ഇടപെടൽ നടത്തി അത് വേഗത്തിലാക്കണമെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. സ്കൂൾ കൗൺസിലർ അടക്കമുള്ള ആളുകൾക്ക് കുറച്ചുകൂടി വരുമാനം വർധിപ്പിക്കണം. കൂടാതെ കാൻസർ അടക്കമുള്ള മാരക രോഗങ്ങൾക്കുള്ള ചികിത്സ പൂർണ്ണമായും സൗജന്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുകൂടി അഭ്യർഥിക്കുന്നു. എല്ലാ കേരളീയരെയും

ബാധിക്കുന്ന വിഷയമായതുകൊണ്ട് ഒന്നുരണ്ട് കാര്യങ്ങൾകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. ഇന്ത്യാ രാജ്യത്ത് തിരഞ്ഞെടുപ്പുകളുടെ അജണ്ടയായി വിശ്വാസങ്ങൾ വരുന്നത് നമ്മൾ കണ്ടിട്ടുണ്ട്. ബാബറി മസ്ജിദും രാമക്ഷേത്രവുമൊക്കെ ഒരു കാലത്ത് ഉത്തരേന്ത്യയിലെ പ്രധാനപ്പെട്ട തിരഞ്ഞെടുപ്പ് അജണ്ടകളായിരുന്നു. മാത്രമല്ല യു.പി.-യിലെ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് *ദീപാവലിയെയും റംസാനെയും* ചേർത്തുകൊണ്ട് പ്രധാനമന്ത്രിയുടെ പ്രസംഗമടക്കമുണ്ട്., ഖബർസ്ഥാനും ശ്മശാനവുമെന്ന് പറഞ്ഞുകൊണ്ട് വിശ്വാസികളെ ഭിന്നിപ്പിക്കുന്ന തരത്തിലുള്ള കാര്യങ്ങൾ, ഗ്യാൻവ്യാപി, മധുര, മസ്ജിദുകൾ അടക്കം തിരഞ്ഞെടുപ്പിലെ വിഷയമായി അത് വോട്ടാക്കി മാറ്റുക. ജനങ്ങളുടെ പ്രധാനപ്പെട്ട ജീവൽപ്രശ്നങ്ങൾ ചർച്ച ചെയ്യാതെ ഇത്തരം കാര്യങ്ങൾ ചർച്ചയാക്കുന്നതാണ് ഈ തിരഞ്ഞെടുപ്പിലെ ഒരു പ്രധാനപ്പെട്ട അജണ്ട. പഞ്ചായത്ത് ഇലക്ഷനിലും അത്തരത്തിലുള്ള ചർച്ചകൾ നടന്നു. അതിൽ പ്രധാനപ്പെട്ടതാണ് ശബരിമല വിഷയം. അതുമായി ബന്ധപ്പെട്ട് രണ്ടുപേർ നിയമസഭയിൽ സത്യഗ്രഹം ഇരിക്കുന്നുണ്ട്. ശബരിമലയിൽ സ്വർണ്ണം കട്ടതിന്റെ അന്വേഷണം നടക്കുകയാണ്. അതിൽ ഒരാളെപ്പോലും വെറുതെ

വിടാതെ അറസ്റ്റ് ചെയ്യുകയും അന്വേഷണം പുരോഗമിക്കുകയും ചെയ്യുന്നു. കുട്ടവർ ആരാണെങ്കിലും അവർ ജയിലിൽ കിടക്കുമെന്നതിൽ യാതൊരു സംശയവുമില്ല. പക്ഷേ തിരഞ്ഞെടുപ്പിനുവേണ്ടി ആരാധനാലയങ്ങളും വിശ്വാസങ്ങളും ചർച്ചയാക്കുന്ന ഉത്തരേന്ത്യൻ സംസ്കാരം കേരളത്തിലേയ്ക്ക് കൊണ്ടുവരുന്നത് അപകടമായ കാര്യമാണ്. പെൻഷനോ വിദ്യാഭ്യാസമോ ആരോഗ്യമോ കുടിവെള്ളമോ റോഡുകളോ തോടുകളോ ഒന്നുമല്ലാതെ വിശ്വാസ കാര്യങ്ങൾ പറഞ്ഞ് നമ്മളെ ഭിന്നിപ്പിക്കുകയാണ്. ഇത് യാദൃശ്ചികമാണെന്ന് നമ്മൾ കരുതരുത്. ഇത് യാദൃശ്ചികമല്ല. വയനാട്ടിലെ ദുരന്തത്തിൽ എല്ലാം നഷ്ടപ്പെട്ട മനുഷ്യരുടെ പേരിൽ പിരിച്ച പണംകൊണ്ട് ഒരു വീടുപോലും വച്ചുകൊടുക്കാത്തവരാണ് അവിടെ ആഡംബര റിസോർട്ടിൽ പോയി പവർ പോയിന്റ് പ്രസന്റേഷനുണ്ടാക്കി, തിരഞ്ഞെടുപ്പിൽ ജയിക്കുന്നതിനെക്കുറിച്ചുള്ള വലിയ തന്ത്രങ്ങൾവച്ച് കോർപ്പറേറ്റ് മാമാങ്കം നടത്തിയത്. വയനാട്ടിൽ അതിന് നേതൃത്വം നൽകിയത് കനഗോലുവാണ്. ആരാണ് കനഗോലു എന്ന് നമുക്കറിയില്ല. മതനിരപേക്ഷമായി വിശ്വസിക്കുന്നവരുണ്ടെങ്കിൽ ആലോചിക്കാൻവേണ്ടി പറയുകയാണ്. 2014-ൽ ബി.ജെ.പി. അധികാരത്തിൽ വരുന്നതിനുവേണ്ടി ശ്രീ. പ്രശാന്ത്

കിഷോറിന്റെ വലംകൈയായി പ്രവർത്തിച്ചുകൊണ്ട് ശ്രീ. നരേന്ദ്ര മോദിയുടെ ക്യാമ്പയിന് നേതൃത്വം നൽകിയ ആളാണ് കനഗോലു. ശ്രീ. നരേന്ദ്ര മോദി വിജയിച്ചപ്പോൾ ശ്രീ. പ്രശാന്ത് കിഷോർ അവിടെനിന്നും മാറി. ശ്രീ. അമിത് ഷായുടെ തിരഞ്ഞെടുപ്പ് അജണ്ട ഏറ്റെടുത്തുകൊണ്ട് നടപ്പാക്കിയ അസോസിയേഷൻ ഓഫ് ബില്യൺ മൈൻഡ്സ് എന്ന കൂട്ടായ്മ, ആ ഏജൻസിയുണ്ടാക്കിക്കൊണ്ട്, ബി.ജെ.പി. അവരുടെ തിരഞ്ഞെടുപ്പ് ക്യാമ്പയിന്റെ സി.ഇ.ഒ. ആയിക്കൊണ്ട്, ശ്രീ. അമിത് ഷായുടെ മിഷണറിയെ പ്രവർത്തിപ്പിച്ചുകൊണ്ട്, അതിനെ കോർപ്പറേറ്റൈസ് ചെയ്തുകൊണ്ട്, അതിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് 2017-ൽ ഉത്തർപ്രദേശ് അടക്കമുള്ള തിരഞ്ഞെടുപ്പുകളിൽ ഇത്തരം വർഗ്ഗീയ വിഷങ്ങൾ കുത്തിവച്ചുകൊണ്ട്, അവിടെ മതേതര ഗവൺമെന്റുകളെ തകർക്കാൻ ശ്രമിച്ച് എല്ലാ പ്രവർത്തനത്തിനും കൂട്ടുനിന്ന തന്ത്രശാലിയായ കനഗോലുവാണ് ഇന്ന് കോൺഗ്രസിന്റെ ക്യാമ്പിലേയ്ക്കെത്തിയിരിക്കുന്നത്. അത് നിസ്സാരമായി കാണരുത്. അന്ന് ബി.ജെ.പി.-യിൽനിന്ന് തെറ്റിപ്പിരിഞ്ഞുവെന്ന് പറഞ്ഞുകൊണ്ട് ശ്രീ. പ്രശാന്ത് കിഷോർ പോയി ചേർന്നത് കോൺഗ്രസിലാണ്. തിരഞ്ഞെടുപ്പിന്റെ ഭാഗമായി ഉത്തർപ്രദേശിൽ

മത്സരിച്ച് തോറ്റുവെന്ന് മാത്രമല്ല, പ്രാദേശികമായിട്ടുപോലും നിലനിൽക്കാൻ കഴിയാത്ത രീതിയിൽ തകർക്കുന്ന തരത്തിലേയ്ക്ക് ശ്രീ. പ്രശാന്ത് കിഷോർ കൂടെ നിന്നുകൊണ്ട് ചെയ്തു. ഇപ്പോൾ ബീഹാറിലെ തിരഞ്ഞെടുപ്പിൽ ബി.ജെ.പി.-ക്ക് വിജയിക്കാൻവേണ്ടി മറ്റൊരു തന്ത്രമുണ്ടാക്കി. എതിർക്കുന്ന ആളുകളെ മറ്റൊരു തരത്തിലേയ്ക്ക് മാറ്റുന്നതിനുവേണ്ടി തിരഞ്ഞെടുപ്പ് അജണ്ടയെ ബി.ജെ.പി.-ക്കുവേണ്ടി സെറ്റ് ചെയ്തുകൊണ്ടാണ് ശ്രീ. പ്രശാന്ത് കിഷോർ പോയത്. അതുപോലെ കനഗോലുവും ഇപ്പോൾ ചെയ്യുന്ന പണി നമ്മൾ തിരിച്ചറിയേണ്ടതുണ്ട്. നമ്മളെ ഭിന്നിപ്പിക്കാൻ വിശ്വാസം വയ്ക്കുകയും ന്യൂനപക്ഷമായ ഒരു കൺസോളിഡേഷൻ ഈ തിരഞ്ഞെടുപ്പിലുണ്ടാകണം, എന്നാൽമാത്രമേ അടുത്ത തവണ ഭൂരിപക്ഷ കൺസോളിഡേഷൻ ഉണ്ടാകുമ്പോൾ അത് ബി.ജെ.പി.-ക്ക് ഗുണം ചെയ്യുകയുള്ളൂവെന്ന തന്ത്രമാണ് ഇപ്പോൾ കേരളത്തിൽ കനകോലു നടപ്പാക്കുന്നത്. അതിൽ ഒരു അപകടമുണ്ട്, കേരളം മതനിരപേക്ഷമാണ്. ആ മതനിരപേക്ഷമായ കേരളത്തെ തകർക്കാനുള്ള ശ്രമമാണ് അതിനുപിന്നിലുള്ളത്. ഒരു കാര്യം കൂടി പറയാം.

ചെയർപേഴ്സൺ: പ്ലീസ് കൺക്ലൂഡ്.

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, പിഎം ശ്രീ പദ്ധതി അടക്കമുള്ള കാര്യങ്ങൾ ചർച്ചയാക്കി. ഇന്ത്യാ രാജ്യത്ത് പിഎം ശ്രീ പദ്ധതി നടപ്പാക്കിയപ്പോൾ ആദ്യം ഒപ്പിട്ട സംസ്ഥാനങ്ങളിലൊന്ന്, ഒരു ഫണ്ടും കട്ട് ചെയ്യാതിരുന്നപ്പോഴും ഒരു സമ്മർദ്ദവുമില്ലാതിരുന്നപ്പോഴും ശ്രീ. അശോക് ഗെഹ്‌ലോട്ടിന്റെ നേതൃത്വത്തിൽ 2022-ൽ രാജസ്ഥാൻ പിഎം ശ്രീ പദ്ധതിയിൽ ഒപ്പിട്ടു. തെലുങ്കാനയിൽ ശ്രീ. രേവന്ത് റെഡ്ഡി അധികാരത്തിൽ വന്നപ്പോൾ അതിന് മുമ്പുള്ള സർക്കാർ പിഎം ശ്രീ പദ്ധതിയിൽ ഒപ്പിട്ടില്ല. എന്നാൽ തെലുങ്കാനയിൽ ഒപ്പിട്ട ശ്രീ. രേവന്ദ് റെഡ്ഡിയുടെ ഗവൺമെന്റ് ഇപ്പോൾ അത് നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. അതോടൊപ്പം കർണ്ണാടകയിലെ ബി.ജെ.പി. ഗവൺമെന്റ് തുടങ്ങിവച്ചത് കോൺഗ്രസ് ഗവൺമെന്റ് തുടരുക മാത്രമല്ല ആ പിഎം ശ്രീ പദ്ധതി പുതുക്കുകയും ചെയ്തു. ഹിമാചൽ പ്രദേശിൽ 2023-ലാണ് കോൺഗ്രസ് പിഎം ശ്രീ പദ്ധതിയിൽ ഒപ്പിട്ടത്.

ചെയർപേഴ്സൺ: പ്ലീസ് കൺക്ലൂഡ്.

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, കമ്മ്യൂണിസ്റ്റ് പാർട്ടി ഇടതുപക്ഷ ഗവൺമെന്റിന്റെ ഭാഗമായുള്ള എൽ.ഡി.എഫ്.-ന്റെ ചർച്ചയിൽ

ഉയർത്തിയതാണ് പിഎം ശ്രീ വിഷയം. വലിയ രീതിയിലുള്ള പ്രചാരണം നടത്തിക്കൊണ്ട് കോൺഗ്രസ് അത് ഏറ്റെടുക്കുമ്പോൾ കോൺഗ്രസിന് പിഎം ശ്രീ-യെക്കുറിച്ച് ഒരു ആത്മാർഥതയുമില്ല. ഈ തിരഞ്ഞെടുപ്പ് നേരിടുന്നതിനുമുമ്പ് ശ്രീ. രാഹുൽ ഗാന്ധിയും ശ്രീമതി പ്രിയങ്കാ ഗാന്ധിയും.......

ചെയർപേഴ്സൺ: പ്ലീസ് കൺക്ലൂഡ്. അഞ്ച് മിനിട്ട് കഴിഞ്ഞു.

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, ഈ സംസ്ഥാനങ്ങളിലെ പിഎം ശ്രീ പദ്ധതി പിൻവലിക്കാൻ തയ്യാറാകുമോയെന്നതാണ് എന്റെ ചോദ്യം. അതോടൊപ്പം കേന്ദ്രം വെട്ടിമാറ്റിയ പാഠപുസ്തകഭാഗങ്ങൾ കേരളത്തിൽ അച്ചടിച്ചുവരികയും കേരളത്തിൽ കേന്ദ്രം മാറ്റിയ മുഗൾ ചരിത്രം അടക്കമുള്ള മുഴുവൻ പാഠഭാഗങ്ങളും കുട്ടികൾ പഠിക്കുമ്പോൾ ഇന്ത്യാ രാജ്യത്ത് ഒരു സംസ്ഥാനത്തും അത് പഠിപ്പിക്കുന്നില്ല. കോൺഗ്രസ് ഭരിക്കുന്ന സംസ്ഥാനങ്ങളിൽ കേന്ദ്രം വെട്ടിമാറ്റിയ പാഠഭാഗങ്ങൾ പഠിപ്പിക്കാൻ തയ്യാറാകുകയും അവിടെനിന്നും പിഎം ശ്രീ പദ്ധതി പിൻവലിച്ചുകൊണ്ട് നേരിടാനും ഇന്ത്യൻ നാഷണൽ കോൺഗ്രസ് തയ്യാറാകുമോയെന്നുകൂടി ഞാൻ ചോദിക്കുകയാണ്. ആത്മാർഥമായി ബദൽ സംവിധാനമുണ്ടാക്കുന്ന

ഇടതുപക്ഷത്തെ തകർക്കാൻ ആരും ശ്രമിക്കരുത്. ഈ ബജറ്റിനെ പൂർണ്ണമായും പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. എം. നൗഷാദ്: സർ, കേരളത്തെ സമഗ്ര വികസനത്തിലേയ്ക്ക് കൊണ്ടുപോകുന്ന, സ്വാമി വിവേകാനന്ദൻ 'ഭ്രാന്താലയം' എന്നുവിളിച്ച, നമ്മുടെ പൂർവികർ ദൈവത്തിന്റെ സ്വന്തം നാടാക്കി മാറ്റിത്തന്ന ഈ കേരളത്തെ ഭൂമിയിലെ സ്വർഗമാക്കുന്നതിനുവേണ്ടിയുള്ള ദീർഘവീക്ഷണത്തോടുകൂടിയുള്ള പദ്ധതികൾ ആവിഷ്കരിച്ച് പ്രായോഗികതലത്തിലെത്തിച്ച് കഴിഞ്ഞകാല അനുഭവത്തിന്റെ അടിസ്ഥാനത്തിൽ ഭാവി കേരളത്തെ വാർത്തെടുക്കുന്നതിനുവേണ്ടിയുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയ കേരളത്തിന്റെ ധനകാര്യ വകുപ്പുമന്ത്രിയെ ഹൃദയപൂർവം അഭിനന്ദിക്കാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. എന്താണ് ബജറ്റ്? ജനുവരി 29-ാം തീയതി കേരളം ഇവിടെ ബജറ്റ് അവതരിപ്പിച്ചു. ഫെബ്രുവരി 1-ാംതീയതി കേന്ദ്ര ബജറ്റും വന്നു. കേരളത്തിൽ അവതരിപ്പിച്ച ബജറ്റ് ജനങ്ങളെ ചേർത്തുപിടിക്കുന്ന ബജറ്റാണ്, ജനങ്ങൾക്ക് ആശ്വാസം നൽകുന്ന

ബജറ്റാണ്. അങ്കണവാടി ജീവനക്കാർ, ആശാ പ്രവർത്തകർ, ഹരിതകർമ്മ സേനാംഗങ്ങൾ, ഇന്നലെകളിൽ ആരും തിരിഞ്ഞുനോക്കാതിരുന്ന ഓട്ടോറിക്ഷാ തൊഴിലാളികൾ എന്നിവരുൾപ്പെടെയുള്ള സമസ്ത മേഖലയിലെ ജനങ്ങളെയും ചേർത്തുപിടിച്ച് അവർക്ക് ആശ്വാസം നൽകുന്ന പദ്ധതികൾ പ്രഖ്യാപിച്ച ഒരു ബജറ്റാണിത്. ആ ബജറ്റ് ജനങ്ങൾ മനസ്സുകൊണ്ട് സ്വീകരിക്കുന്നുവെന്നുള്ളതിന്റെ ഏറ്റവും വലിയൊരു ഉദാഹരണമുണ്ട്. ബജറ്റ് അവതരിപ്പിച്ചതിനുശേഷം, മനോരമയുടെ ഓൺലൈൻ ചാനൽ, ഓൺലൈൻ ലിങ്ക് മുഖേന ഒരു സർവെ നടത്തിയപ്പോൾ ഭൂരിഭാഗം ജനങ്ങളും ആ ബജറ്റിനെ അനുകൂലിക്കുകയാണുണ്ടായത്. എൺപത്തിയൊൻപത് ശതമാനം പേരാണ് കേരളത്തിലെ ബജറ്റിന് 'എക്സലന്റ്' എന്ന കോളത്തിൽ പോൾ ചെയ്തത്. അതോടുകൂടി ആ ലിങ്ക് കാണാതാകുകയും കുറെ സമയത്തിനുശേഷം മറ്റൊരു ലിങ്കുവഴി വീണ്ടും സർവെ നടത്തുകയും ചെയ്തു. ആ സർവെയിലും എൺപത് ശതമാനം ജനങ്ങൾ ബജറ്റിനെ അനുകൂലിച്ചു. ഒരു കാരണവശാലും ഈ ബജറ്റിനെ തള്ളിപ്പറയാൻ കേരളത്തിലെ ജനങ്ങൾ തയ്യാറാകില്ലെന്ന് മനസ്സിലാക്കിയ മനോരമ ചാനൽ ആ ലിങ്കും മാറ്റി. പക്ഷേ ഇത്തരമൊരു ബജറ്റിനെക്കുറിച്ച് ഒരു വാർത്തയുമുണ്ടായില്ല. മനോരമ ഓൺലൈൻ

ചാനൽതന്നെയാണ് ഈ ബജറ്റ് ഏറ്റവും മികച്ചതാണെന്നുള്ളതിന്റെ ഉത്തമമായ തെളിവ്.

കേരള ബജറ്റിനുശേഷമാണ് കേന്ദ്ര ബജറ്റ് അവതരിപ്പിച്ചത്. നേരത്തെ ഇവിടെ എല്ലാവരും സൂചിപ്പിച്ചതുപോലെ, കേന്ദ്ര ബജറ്റിൽ കേരളത്തിന് ആമയെ തന്നു, തേങ്ങ തന്നു, ആമ മുട്ടയും തന്നു. ബാക്കിയൊന്നുമില്ല. കേരളത്തിൽ കടലാമ പരിചരണ കേന്ദ്രങ്ങൾക്കാണ് തുക അനുവദിച്ചിട്ടുള്ളത്. കേരളത്തിന് എയിംസ് അനുവദിച്ചോ? ഇല്ല. ഞാൻ വിഴിഞ്ഞത്തെക്കുറിച്ചോ എയിംസിനെക്കുറിച്ചോ വയനാടിനെക്കുറിച്ചോ അതിവേഗ റെയിലിനെക്കുറിച്ചോ പറയുന്നില്ല. ശബരി പാതയെങ്കിലും തരേണ്ടതായിരുന്നില്ലേ; അതുപോലും തന്നില്ലെന്നുമാത്രമല്ല, കേരളത്തെ അപമാനിക്കുകയും ചെയ്തു. കേരള ബജറ്റ് സമസ്ത മേഖലയിലുള്ളവരെയും ചേർത്തുപിടിക്കുന്നതാണ്. ആരും ശ്രദ്ധിക്കാതെപോയ, മനോരമ ഉൾപ്പെടെയുള്ള ഇവിടത്തെ മുഖ്യധാരാ മാധ്യമങ്ങൾക്ക് വാർത്തയല്ലാതായിപ്പോയ ഒരു പ്രധാനപ്പെട്ട പ്രശ്നം രാജ്യത്തുണ്ട്. കോൺഗ്രസുകാർ ഉൾപ്പെടെ കൊട്ടിഘോഷിക്കുന്ന, ഒന്നാം യു.പി.എ. ഗവൺമെന്റിന്റെ ഭരണകാലത്ത്, ഇടതുപക്ഷത്തിന്റെ നിർദേശപ്രകാരം

നടപ്പിലാക്കിയ രാജ്യത്തെ ഏറ്റവും വലിയ പദ്ധതികളിലൊന്നായ തൊഴിലുറപ്പ് പദ്ധതിയെ അവർ ഞെക്കിക്കൊല്ലുകയാണ്. കഴിഞ്ഞ ബജറ്റിൽ 88,000 കോടി രൂപയാണ് തൊഴിലുറപ്പ് പദ്ധതിക്കായി വകയിരുത്തിയതെങ്കിൽ ഇത്തവണ അത് 30,000 കോടി രൂപയാക്കി കുറയ്ക്കുകയാണുണ്ടായത്. ആ ഒരു ഇനത്തിൽ മാത്രം 58,000 കോടി രൂപയാണ് വെട്ടിക്കുറച്ചത്. അതിനുമുന്നോടിയായി തൊഴിലുറപ്പ് പദ്ധതിയെ 60:40 എന്ന കാറ്റഗറിയിൽപ്പെടുത്തി ഉത്തരവിറക്കിയിരുന്നു. ആ തൊഴിലുറപ്പ് പദ്ധതി അന്ത്യം കുറിക്കുന്നുവെന്നുള്ളതാണ് എനിക്ക് പറയാനുള്ളത്. ഇന്ത്യയിലെ കോടിക്കണക്കിനും കേരളത്തിലെ ലക്ഷക്കണക്കിനും വരുന്ന തൊഴിലാളികൾക്ക് അവരുടെ ഉപജീവന മാർഗമായിരുന്ന തൊഴിലുറപ്പ് പദ്ധതിയെ കേന്ദ്ര ഗവൺമെന്റ് ഇല്ലാതാക്കി. ഇവിടെ നമുക്ക് കേന്ദ്ര മന്ത്രിമാരുണ്ട്. അദ്ദേഹം അവിടെ ജയിച്ചത് എങ്ങനെയാണെന്നും കേന്ദ്ര മന്ത്രിയായത് എങ്ങനെയാണെന്നതും സംബന്ധിച്ച്, പരാജയപ്പെട്ട സ്ഥാനാർഥി ഇപ്പോഴും പറഞ്ഞിരുന്നു. 'ഇനി താൻ മത്സരിക്കാനില്ല, അകത്തുനിന്നുള്ള പണിയാണ് സഹിക്കാൻ കഴിയാത്തത് എന്ന് ശ്രീ. കെ. മുരളീധരൻ കഴിഞ്ഞ ദിവസം പറഞ്ഞു.

അപ്പോൾപ്പിന്നെ കേന്ദ്ര മന്ത്രിയെ അവിടെ ജയിപ്പിച്ചത് ആരാണെന്ന് അറിയാമല്ലോ. "എയിംസ് വരും മറ്റേ മോനേ" എന്നാണല്ലോ ആ കേന്ദ്ര മന്ത്രി പറഞ്ഞത്. "എയിംസ് എവിടെ മറ്റേ മോനേ" എന്നാണ് കേരളത്തിലുള്ളവർ ഇപ്പോൾ ചോദിക്കുന്നത്. അതുസംബന്ധിച്ച് ഇപ്പോൾ മിണ്ടാട്ടമില്ല. കലുങ്കിലൊക്കെ പോയിരിക്കുകയായിരുന്നു. ഇപ്പോൾ കലുങ്കുമില്ല; കേരളത്തിലുമില്ല; ബജറ്റ് അവതരിപ്പിച്ചിട്ട് മിണ്ടാട്ടവുമില്ല. ആ തരത്തിലേക്ക് അവർ മാറി.

മുൻകാലങ്ങളിൽനിന്ന് വ്യത്യസ്തമായി ഇപ്പോൾ കേന്ദ്ര വിഹിതം വെട്ടിക്കുറക്കുകയാണ്. അതുസംബന്ധിച്ച വിശദമായ കണക്കിലേക്ക് പോകുന്നില്ല. കേരളത്തിന്റെ ഖജനാവിൽ കിടക്കേണ്ട രണ്ടര ലക്ഷം കോടി രൂപ ഈ അഞ്ച് വർഷംകൊണ്ട് വിവിധ കാരണങ്ങൾ പറഞ്ഞ് കേന്ദ്ര ഗവൺമെന്റ് ഇല്ലാതാക്കി. ഫെബ്രുവരി-മാർച്ച് മാസം വർഷാന്ത്യമാണല്ലോ. ഈ വർഷം കടമെടുക്കുന്നതിന് കേന്ദ്രം അനുവദിച്ചുതന്ന പരിധിയിലെ ആറായിരം കോടി രൂപ വീണ്ടും കുറച്ചു. പക്ഷേ ഇത്തരത്തിലുള്ള വരിഞ്ഞുമുറുക്കലുകൾ ഉള്ളപ്പോഴും അതിനെയെല്ലാം അതിജീവിച്ചുകൊണ്ടാണ് കേരളം മുന്നോട്ടുപോകുന്നത്. നേരത്തെ കേരളത്തിന്റെ ശരാശരി വാർഷിക

ചെലവ് 1,15,000 കോടി രൂപയായിരുന്നെങ്കിൽ കഴിഞ്ഞ വർഷം അത് 1,75,000 കോടി രൂപയാകുകയും ഈ വർഷം മാർച്ച് 31-ന് 1,95,000 കോടി രൂപയായി മാറുകയും ചെയ്യും. ഇതൊക്കെ ദിവാസ്വപ്നമാണെന്നായിരുന്നു ഇവിടെ പ്രതിപക്ഷം പറഞ്ഞുകൊണ്ടിരുന്നത്. എന്നാൽ ഇതെല്ലാം യാഥാർഥ്യങ്ങളാണ്. കഴിഞ്ഞ വർഷം സംസ്ഥാനത്തിന്റെ ചെലവ് 1,75,000 കോടി രൂപയായിരുന്നു. വരവ് കുറയുകയും ചെലവ് വർധിക്കുകയും ചെയ്യുന്ന സാഹചര്യമാണുണ്ടായത്. ഇത്തരമൊരു സാഹചര്യത്തിൽ സംസ്ഥാനത്ത് ധനകാര്യം എങ്ങനെ കാര്യക്ഷമമായി മാനേജ് ചെയ്യുന്നുവെന്ന് ചിലർ ചോദിക്കാറുണ്ട്. കേന്ദ്ര സർക്കാർ സംസ്ഥാനത്തിനാവശ്യമായ തുക നൽകുന്നില്ലെന്നും ചെലവ് വർധിച്ചുവെന്നും ഭരണപക്ഷം പറയുന്നുവെന്ന് ചിലർ വിമർശിക്കാറുണ്ട്. അവിടെയാണ്, കൃത്യമായ ധനകാര്യ മാനേജ്മെന്റിലൂടെ നികുതി വർധിപ്പിക്കാതെ സംസ്ഥാനത്തിന്റെ തനത് വരുമാനം വർധിപ്പിക്കാനായത്. ഇത്തവണത്തെ ബജറ്റ് അവതരിപ്പിച്ചപ്പോൾ ഒരു രൂപയുടെ നികുതിപോലും ജനങ്ങളുടെമേൽ അടിച്ചേൽപ്പിക്കാതെയാണ് ഈ പദ്ധതികളെല്ലാം പ്രഖ്യാപിക്കപ്പെട്ടിട്ടുള്ളത്. ഇത്തരത്തിൽ തങ്ങളുടെ വരുമാനം വർധിപ്പിച്ച്, ലഭ്യമാകാനുള്ള തുകകൾ വിഭവ സമാഹരണത്തിലൂടെ

ഊർജിതപ്പെടുത്തി സ്വരൂപിച്ചാണ് കേന്ദ്ര അവഗണനയെ അതിജീവിച്ച് ജനങ്ങളെ ചേർത്തുപിടിച്ചുകൊണ്ട് സർക്കാർ മുന്നോട്ടുപോകുന്നത്.

എന്തിനെയും എതിർക്കുന്ന നിലപാടാണ് സംസ്ഥാനത്തെ പ്രതിപക്ഷം സ്വീകരിക്കുന്നത്. വിഴിഞ്ഞം പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി വിമോചന സമരം നടത്തുമെന്ന് പറഞ്ഞവരാണ് പ്രതിപക്ഷം. ഗെയിൽ പൈപ്പ്ലൈൻ, നാഷണൽ ഹൈവേ, വയനാട് തുരങ്കപാത തുടങ്ങിയ പദ്ധതികളെ എതിർക്കുകയും അവയെക്കുറിച്ച് നുണകൾ പ്രചരിപ്പിക്കുകയും ചെയ്തവരാണവർ. ചില ക്യാപ്ഷനുകളിൽ പറയുന്നതുപോലെ, 'നിലപാടുകളുടെ രാജകുമാരൻ' എന്നതിനുപകരം 'നുണകളുടെ രാജകുമാരൻ' ആണ്. പുതുതായി ഇപ്പോൾ കേൾക്കുന്ന എൽ.ഒ.പി. (ലീഡർ ഓഫ് ഒപ്പോസിഷൻ) പോയി പകരം 'എല്ല്' ഇല്ലാത്ത ഒ.പി.-യായി മാറിയിരിക്കുന്നു.' പറഞ്ഞ കാര്യങ്ങൾ നിമിഷനേരംകൊണ്ട് മാറ്റി പറയുന്നതിന് യാതൊരു ഉളുപ്പുമില്ല. ഓന്തിനുപോലും ഇത്രയുംവേഗം നിറം മാറാൻ കഴിയുമെന്ന് എനിക്ക് തോന്നുന്നില്ല. സ്വർണ്ണം കൊണ്ടുപോയത് ആരാണെന്ന് ശ്രീ. കടകംപള്ളി സുരേന്ദ്രന് അറിയാമെന്ന് പത്രസമ്മേളനം വിളിച്ചുകൂട്ടി പ്രഖ്യാപിച്ചത് എല്ലാവരും കണ്ടതാണ്. എന്നാൽ കോടതിയിൽ

എത്തിയപ്പോൾ താൻ അങ്ങനെ പറഞ്ഞിട്ടേയില്ലെന്ന നിലപാടാണ് അദ്ദേഹം സ്വീകരിച്ചത്. കേരളത്തിലെ ജനങ്ങളും വിദ്യാർഥികളും മനസ്സുകൊണ്ട് അംഗീകരിക്കുകയും ആരാധിക്കുകയും ചെയ്യുന്ന പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ. വി. ശിവൻകുട്ടിയെ ആക്ഷേപിച്ചത് നാം കേട്ടതാണ്. 'ഇവനെപ്പോലുള്ളവർ' എന്നൊക്കെ പറഞ്ഞ് ആക്ഷേപിച്ചശേഷം താൻ അങ്ങനെയൊന്നും പറഞ്ഞിട്ടേയില്ലെന്നാണ് ഇവിടെ വന്ന് പറയുന്നത്. എന്തുകൊണ്ടാണ് ശ്രീ. വി. ശിവൻകുട്ടിയോട് ഇത്ര ദേഷ്യം; അദ്ദേഹത്തോടുള്ള ദേഷ്യമെന്തെന്നാൽ അവർ തുറന്ന ബി.ജെ.പി.-യുടെ അക്കൗണ്ട് പൂട്ടിച്ച നേതാവാണ് ശ്രീ. വി. ശിവൻകുട്ടി എന്നതാണ്. അതുകൊണ്ടാണ് അദ്ദേഹത്തെ കണ്ടുകൂടാത്തത്. 'മതേതര ജനാധിപത്യവാദിയാണ്', 'ഞാൻ മതനേതാക്കളുടെ തിണ്ണ നിരങ്ങിയിട്ടില്ല' എന്നൊക്കെയായിരുന്നു അദ്ദേഹത്തിന്റെ പ്രസ്താവന. എന്നാൽ മിനിറ്റുകൾക്കുള്ളിൽ തന്നെ, ശ്രീ. സുകുമാരൻ നായർ "ഒന്നര മണിക്കൂറാണ് എന്റെ തിണ്ണയിൽ നിരങ്ങിയത്" എന്നാണ് വ്യക്തമാക്കിയത്. പക്ഷേ, എന്തിനും ഏതിനും പ്രതികരിക്കുന്ന അദ്ദേഹത്തിന് ഈ വിഷയത്തിൽ മിണ്ടാട്ടമേയില്ലായിരുന്നു. മെത്രാൻമാരുടെ സിനഡ് യോഗത്തിൽ

ഔദ്യോഗിക വാഹനവും പൈലറ്റും ഒഴിവാക്കി അദ്ദേഹം പങ്കെടുത്തു. ഇതിനെക്കുറിച്ച് ചോദിച്ചപ്പോൾ, യോഗത്തിൽ പങ്കെടുത്തുവെന്ന് അദ്ദേഹം സമ്മതിച്ചു. മതനേതാക്കന്മാരുടെ തിണ്ണ നിരങ്ങാൻ പോകില്ലെന്ന നിലപാട് സ്വീകരിക്കുന്ന ഒരാൾ പിന്നെ എന്തിനാണ് അവിടെ പോയത്? ടയർ പഞ്ചറായതുകൊണ്ടാണ് ഔദ്യോഗിക വാഹനം ഒഴിവാക്കിയതെന്നാണ് അദ്ദേഹം പറഞ്ഞത്. നിങ്ങളുടെ വാഹനത്തിന്റെ മാത്രമല്ല, പ്രതിപക്ഷത്തിന്റെ ടയറും പഞ്ചറായിക്കഴിഞ്ഞു എന്നതിന്റെ തെളിവാണിത്. കേരളത്തിൽ പുതിയൊരു മെത്തേഡിനെക്കുറിച്ച് ശ്രീ. മുഹമ്മദ് മുഹസിൻ ഇവിടെ സൂചിപ്പിച്ചു. കേരളത്തിലെ വികസനത്തെക്കുറിച്ചോ ക്ഷേമപ്രവർത്തനങ്ങളെക്കുറിച്ചോ ചർച്ചയില്ല. പകരം വിശ്വാസം, ജാതി, മതം എന്നിവയെക്കുറിച്ചാണ് ഇവിടെ ചർച്ച ചെയ്യുന്നത്. ഇവിടെയൊരു രാഷ്ട്രീയ പാർട്ടിയുടെ യോഗത്തിൽ ശ്രീ. സുനിൽ കനഗോലു പങ്കെടുത്തുകൊണ്ട് അദ്ദേഹമാണ് എന്തെല്ലാം വേണമെന്ന് പറയുന്നതും ഉപദേശിക്കുന്നതും. ഇവിടെ മുസ്ലീം ലീഗ് ഉൾപ്പെടെയുള്ളവർ വർഗീയതയ്ക്ക് വളംവയ്ക്കുന്ന തരത്തിൽ ജനങ്ങളെ ജാതീയമായും വിശ്വാസപരമായും ഭിന്നിപ്പിച്ച് വർഗീയത വളർത്തി ഇവിടെ വെടക്കാക്കി തനിക്കാക്കാൻ പരിശ്രമിക്കുന്ന ലീഗുകാരോട് എനിക്ക്

പറയാനുള്ളത്, സ്നേഹത്തിന്റെയും സഹിഷ്ണുതയുടെയും മതമാണ് ഇസ്ലാം എന്നാണ്. ആ സ്നേഹത്തിന്റെയും സഹിഷ്ണുതയുടെയും മതമായ ഇസ്ലാമിന്റെ പേര് പറഞ്ഞുകൊണ്ട് ഈ നാട്ടിൽ കലാപം സൃഷ്ടിക്കാനുള്ള പരിശ്രമങ്ങൾ നടത്തുന്ന ലീഗുകാരോട് പടച്ചോൻ പൊറുക്കില്ല എന്നുമാത്രമെ എനിക്ക് സൂചിപ്പിക്കാനുള്ളൂ.

ഇവിടെ നേരത്തെ എൽ.ഒ.പി.-യെക്കുറിച്ച് പറഞ്ഞല്ലോ. 'വായിൽ തോന്നിയത് പറയുന്ന ആളാണ് ചീഫ് ജസ്റ്റിസ് എന്നാണ് പ്രതിപക്ഷനേതാവ്, ഒരു ചീഫ് ജസ്റ്റിസിനെക്കുറിച്ച് പറഞ്ഞത്. ഇവിടത്തെ 'മാപ്ര'-കൾക്ക് അതൊന്നും ഒരു വാർത്തയും ചർച്ചയുമല്ല. എന്തിനും ഏതിനും നുണകൾ പ്രചരിപ്പിക്കുകയാണവർ. ആടിനെ പട്ടിയാക്കി, പേപ്പട്ടിയാക്കി തല്ലിക്കൊല്ലിക്കുന്ന പരിശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു. അവിടെ കേന്ദ്രം സാമ്പത്തികമായി നമ്മളെ ഞെരുക്കുമ്പോൾ ഇവിടെ ഇത്തരത്തിലാണ് പ്രതിപക്ഷത്തിന്റെ എതിർപ്പ്. അത്തരത്തിൽ കേന്ദ്രത്തിന്റെ വരിഞ്ഞുമുറുക്കാനുള്ള പരിശ്രമങ്ങളെയെല്ലാം അതിജീവിച്ചുകൊണ്ടാണ് കേരളത്തിന്റെ സമസ്ത മേഖലയെയും നയിച്ചുകൊണ്ട് കൃത്യമായ ധനകാര്യ മാനേജ്മെന്റിലൂടെ ഈ ബജറ്റ് മുന്നോട്ടുകൊണ്ടുപോകുന്നത്.

ചെയർപേഴ്സൺ: യെസ്...... ടൂ മിനിട്ട്സ് ഓവർ..... പ്ലീസ് കൺക്ലൂഡ്.....

ശ്രീ. എം. നൗഷാദ്: സർ, ഇതുകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. എന്നെയും ചേർത്തുപിടിച്ച ഗവൺമെന്റും ധനകാര്യ വകുപ്പുമന്ത്രിയുമാണിതെന്ന് ഞാൻ പറയുന്നു. എന്റെ നിയോജകമണ്ഡലത്തിലെ വികസന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ അതിനെല്ലാം അനുമതി നൽകിയ ഗവൺമെന്റാണിത്. എന്റെ നിയോജകമണ്ഡലത്തിൽ ആറ് ആർ.ഒ.ബി. (റെയിൽവെ ഓവർ ബ്രിഡ്ജ്)-ക്കാണ് അനുവാദം ലഭിച്ചിട്ടുള്ളത്. അതിലൊന്നായ ഇരവിപുരം ആർ.ഒ.ബി.-യുടെ നിർമ്മാണം ഈ മാസം പൂർത്തിയാക്കി ഉദ്ഘാടനം ചെയ്യുകയാണ്. കൊണ്ടേത്ത് പാലത്തിന്റെ പ്രവർത്തനങ്ങൾ ടെൻഡർ ചെയ്തുകഴിഞ്ഞു. കച്ചിക്കടവ് പാലത്തിനായി ഭൂമിയേറ്റെടുക്കൽ നടപടികൾക്ക് ഫണ്ട് അനുവദിക്കുകയും അതിന്റെ ഹെഡിലേക്ക് തുക വരികയും ചെയ്തു. ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിക്കായി സ്ഥലം വാങ്ങിയത് എന്റെ നിയോജകമണ്ഡലത്തിലാണ്. മുപ്പത് കോടിയിൽപ്പരം രൂപ ചെലവഴിച്ചാണ് ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിക്ക് സ്ഥലം വാങ്ങിയത്. 44 കോടി രൂപ ചെലവഴിച്ച് നിർമ്മിച്ച ഇൻഡോർ സ്റ്റേഡിയം ഉദ്ഘാടന

ഘട്ടത്തിലെത്തിനിൽക്കുന്നു. വി-പാർക്ക്, മാനവീയം പദ്ധതി എന്നിവയുടെ നിർമ്മാണം പൂർത്തിയായി. ഒരു റോഡ് ഒഴികെയുള്ള മുഴുവൻ പി.ഡബ്ല്യു.ഡി. റോഡുകളുടെ നിർമ്മാണവും പൂർത്തിയായി. ഈഴവപാലം റോഡ് എന്ന ആ റോഡിന്റെ നിർമ്മാണപ്രവൃത്തി ഈ മാസം പൂർത്തിയാക്കും.

<u>ചെയർപേഴ്സൺ</u>: പ്ലീസ് കൺക്ലൂഡ്.....

<u>ശ്രീ. എം. നൗഷാദ്</u>: സർ, മയ്യനാട് ഐ.ടി.ഐ.-യ്ക്ക് സ്ഥലം വാങ്ങുന്നതിനായി രണ്ട് കോടി രൂപ ടോക്കണായി വച്ചിട്ടുള്ളത് പ്രത്യേകമായി അനുവദിക്കണമെന്ന ഒരു അഭ്യർത്ഥനകൂടിയുണ്ട്. ഇരവിപുരം പാലത്തിനെ സംബന്ധിച്ച ഫയൽ ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ കൈവശമെത്തിയിട്ടുണ്ട്. അതിന് എട്ട് കോടി രൂപമാത്രമാണ് വകയിരുത്തിയിരിക്കുന്നത്. അതുകൂടി അനുവദിച്ച് നൽകണമെന്ന് വിനയപൂർവം അഭ്യർത്ഥിക്കുന്നു. ദൈവത്തിന്റെ സ്വന്തം നാടായ ഈ നാടിനെ, പാവപ്പെട്ടവരുടെ മക്കൾക്ക് പഠിക്കുന്നതിനായി സ്കൂളുകളുള്ളതും അവരെ ചികിത്സിക്കാൻ ആശുപത്രികളുള്ളതും അവർക്ക് കഴിക്കാൻ റേഷനുള്ള, ഇഷ്ടമുള്ള ഭക്ഷണം കഴിച്ച് ഇഷ്ടമുള്ള വസ്ത്രം ധരിച്ച് ഇഷ്ടമുള്ള പാട്ട് കേട്ട് ഇഷ്ടമുള്ള സിനിമ കണ്ട് മനസ്സമാധാനത്തോടെ ജീവിക്കാൻ കഴിയുന്ന

നാടാക്കി നിലനിർത്തി മുന്നോട്ടുകൊണ്ടുപോകുന്നതിന് ആക്കം കൂട്ടുന്ന നിർദേശങ്ങളടങ്ങിയ ഈ ബജറ്റിനെ പിന്തുണച്ചുകൊണ്ട് എല്ലാവിധത്തിലുമുള്ള ആത്മാർഥമായ പിന്തുണയും അറിയിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു. നന്ദി.

ചെയർപേഴ്സൺ: ഇന്ന് ചെയർ വളരെ ലിബറലായാണ് സമയം അനുവദിച്ചിരിക്കുന്നത്. ഓർഡർ.......... ഓർഡർ.......... സഭ ഇപ്പോൾ പിരിയുന്നതും ഫെബ്രുവരി 03-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2026 ഫെബ്രുവരി മാസം 03-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേക്കായി സഭ ഉച്ചയ്ക്കുശേഷം 1.43-ന് പിരിഞ്ഞു.)

* * * * *